KOTTAYAM PUBLIC LIBRARY

Call No. M08 Acc. No. 34499

Author ..........................

Title കസ്തൂർബായി ഗാന്ധി

N. 03
K. ന്ന. K

# കസ്തൂരിബായിഗാന്ധി

34499

ഗ്രന്ഥകർത്രി,

ജി. കമലമ്മ ബി. എ., ബി. ററി.

KOTTAYAM PUBLIC LIBRARY
KOTTAYAM.

പ്രകാശകൻ

ജി. രാധാകൃഷ്ണൻ

ഗിരിഭവനം

ഷെതിവിലാസം റോഡ് — തിരുവനന്തപുരം 1.

ഒന്നാം പതിപ്പു് 1955 ഡിസംബർ കാപ്പി 500

രണ്ടാം പതിപ്പു് 1956 ,, 4000

വില—വെള്ള പേപ്പർ 1—8—0

സാധാരണ ,, 1—4—0

Printed at the Press Ramses, Trivandrum.

34499

# സമർപ്പണം

ദിവംഗതയായ അമ്മയുടെ
പാവന പാദങ്ങളിൽ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# അവതാരിക

ലോകസംസ്കാരചരിത്രത്തിൽ നിത്യഭാസുരങ്ങളായ ജീവിതമുദ്രകൾ പതിച്ച ചില ഭാരതീയ മഹാന്മാരുണ്ടു്. ബുദ്ധൻ, അശോകൻ എന്നിങ്ങനെ വിശ്വാഭിവന്ദ്യരായ ആ മഹാത്മാക്കളുടെ കൂട്ടത്തിൽ അന്തിമനാണല്ലോ മഹാത്മാഗാന്ധി. ആധുനികഭാരതത്തിന്റെ ചൈതന്യവിധാതാവായ ആ തപസ്വിവര്യന്റെ ചിരസപര്യകൊണ്ടു ധന്യയായ മഹാമനസ്വിനിയുടെ ജീവിതകഥയാണു് 'കസ്തൂരിബായിഗാന്ധി' എന്ന ഈ ലഘുഗ്രന്ഥം. ലളിതവിശദമായ ഭാഷയിൽ മനോഹരമായ ശൈലിയിൽ വിരചിതമായ ഈ ഗ്രന്ഥം കേരളീയരായ ബാലവിദ്യാർത്ഥികൾക്കു് ഒരു അനുഗ്രഹമായിരിക്കും എന്നു നിസ്സംശയം പറയാം. പുഷ്പാസ്തൃതമായ ജീവിതപദവിയെ ഉപേക്ഷിച്ചു, കണ്ടകാകീർണ്ണമായ മാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ചു, ദുഃഖങ്ങളേയും ദുരിതങ്ങളേയും എതിരിട്ടു് അദമ്യമായ അന്തഃശക്തികൊണ്ടും സഹനശക്തികൊണ്ടും നിഃസ്വാർത്ഥതകൊണ്ടും ത്യാഗബുദ്ധികൊണ്ടും ഉദാരമായ മനുഷ്യസേവനം അനുഷ്ഠിച്ചു ലോകസംഗ്രഹം ജീവിതവ്രതമായി വരിച്ച ആ മഹതിയുടെ പാവനചരിതം ഭാവി പരമ്പരകൾക്കു് എന്നും

ഉത്തേജകമായിരിക്കും. ആരാധ്യയായ ആ വീരപത്നിയുടെ ചരിത്രംകൊണ്ടു കൈരളീദേവിയെ ഉപാസിക്കാൻ മുതിർന്ന ഈ യുവഗ്രന്ഥകർത്ത്രിയുടെ വിശിഷ്ടമായ ഈ സമുദ്യമത്തിനു സർവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
18-12-1955.

എൻ. ഗോപാലപിള്ള എം. എ.,
പ്രിൻസിപ്പൽ,
രാജകീയസംസ്കൃതകാളേജ്.

# പ്രസ്താവന

മലയാളത്തിലെ ബാലസാഹിത്യത്തിൽ 'ഭാരതത്തിലെ വനിതാരത്നങ്ങൾ' എന്നൊരു ലഘുഗ്രന്ഥപരമ്പര ഉണ്ടായിരിക്കണമെന്നു് എനിക്കു തോന്നിത്തുടങ്ങിയിട്ടു നാളുകൾ കുറെ ആയി. എന്റെ ആഗ്രഹത്തിൻെറ ആദ്യഫലമാണു് 'കസ്തൂരിബായി ഗാന്ധി'. ആധുനിക ഭാരതത്തിനു ചൈതന്യവും സിരാവീര്യവും പ്രദാനം ചെയ്ത മഹാത്മാഗാന്ധിയുടെ ധന്യജീവിതത്തിൽ അലിഞ്ഞുചേന്ന ആ മഹാമനസ്വിനിയുടെ ഒരു ചിത്രം വരയ്ക്കുവാൻ എൻെറ അവിദഗ്ദ്ധഹസ്തങ്ങൾ ശ്രമിച്ചിരിക്കുകയാണു്. ആ പരിശ്രമം എത്രകണ്ടു ഫലിച്ചിട്ടുണ്ടെന്നു് എനിക്കറിഞ്ഞുകൂടാ. കേരളക്കരയിലെ ബാലജനങ്ങളുടെ സ്വഭാവസംസ്കരണത്തിനു് ഈ കൊച്ചുപുസ്തകം തെല്ലെങ്കിലും ഉപകരിക്കുമെങ്കിൽ ഞാൻ കൃതാൎത്ഥയായി.

കവികളുടെ കവിയും വിമർശകരുടെ വിമർശകനും വിജ്ഞാനനിധിയുമായ പ്രിൻസിപ്പൽ ശ്രീ. എൻ. ഗോപാലപിള്ള അവർകൾ ഈ ലഘുഗ്രന്ഥം അവതരിപ്പിച്ചുകൊണ്ടു ചെയ്തിരിക്കുന്ന വിജയാശംസകൾ എന്റെ ഹൃദയത്തെ ഭക്തിഭരിതമാക്കുന്നു. ആ പരമാചാര്യപാദരുടെ നേരെ എനിക്കുള്ള കൃതജ്ഞത വിനയപുരസ്സരം പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകൎത്രി.

6 ...

## രണ്ടാംപതിപ്പിന്റെ

# പ്രസ്താവന

1955 ഡിസംബർ മാസത്തിലെ അന്തിമവാരത്തിലാണ് ഒന്നാംപതിപ്പു പരസ്യം ചെയ്തത്. ഉടനെ തന്നെ തിരു-കൊച്ചി വിദ്യാഭ്യാസഡയറക്ടർ അവർകൾ ദയവായി, ഈ പുസ്തകം സ്റ്റേററിലെ സ്കൂൾ ലൈബ്രറികളിലേക്കു തിരഞ്ഞെടുത്തു. '56 മാർച്ചുമാസമായപ്പോഴേക്കു രണ്ടാംപതിപ്പിന്റെ ആവശ്യം നേരിട്ടു.

ഈ പതിപ്പിൽ പല പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ട്-അച്ചടിയിൽ, ഉള്ളടക്കത്തിൽ, പുറമോടിയിൽ. പദങ്ങൾ, കഴിയുന്നത്ര ഇടമിട്ട് ചേർത്തും വരിയുടെ ഒടുവിൽ മുറിഞ്ഞുപോകാതെ സൂക്ഷിച്ചും, സമസ്തപദങ്ങൾ കഴിയുംമട്ടു ഒഴിവാക്കിയും ബാലജനങ്ങൾക്കു ഈ ഗ്രന്ഥം കൂടുതൽ സുഗമമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇരുപത്തിമൂന്നു പുറങ്ങളിലൊതുങ്ങുന്ന കാര്യങ്ങൾ കൂടുതലായി ചേർത്തു. സൌരാഷ്ട്രത്തിലെ വിവാഹരീതി അപ്പടി പകർത്തിക്കാണിക്കാൻ യത്നിച്ചു. വഴിതെററി നടന്ന ഹീരലാലിന് അമ്മ ഹൃദയം നൊന്തെഴുതിയ സുപ്രസിദ്ധമായ കത്തും മൂന്നു ചിത്രങ്ങളും ചേർത്തു. കസ്തൂർബായെപ്പററി അറിയാനിടയായ കൂടുതൽ വിവരങ്ങളെല്ലാം അവിടവിടെയായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പൊതുജന

ങ്ങളുടെ സ്വീകരണം തുടർന്നുണ്ടാകുമെന്നു പ്രതീക്ഷിച്ചു കൊണ്ടു വീണ്ടും ഈ കൊച്ചു പുസ്തകം കേരളീയരുടെ ഇടയിലേക്കു് അയച്ചുകൊള്ളുന്നു.

കേരളത്തിലെ പ്രധാനപ്പെട്ട പത്രങ്ങളും നിരൂപകന്മാരും എൻെറ എളിയ പരിശ്രമത്തെ ദയാദൃഷ്ടിയോടെ വീക്ഷിച്ചിരിക്കുന്നു. അവരുടേയും തിരു-കൊച്ചിയിലെ വിദ്യാഭ്യാസഡയറക്ടറവർകളുടെയും പേരിൽ എനിക്കുള്ള ഹൃദയം നിറഞ്ഞ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ.

തിരുവനന്തപുരം
5-5-'56

ഗ്രന്ഥകർത്രി. (ഒപ്പ്)

പുറം.


| | | |
|---|---|---|
| 1. | ബാല്യം | 1 |
| 2. | വിവാഹം | 8 |
| 3. | കുടുംബജീവിതം | 15 |
| 4. | കുട്ടികളുടെ വിദ്യാഭ്യാസം | 23 |
| 5. | പരിശീലനം | 29 |
| 6. | ത്യാഗത്തിലേയ്ക്കു് | 33 |
| 7. | ഫിനിക്സ് ആശ്രമം | 36 |
| 8. | ധർമ്മധീരത | 42 |
| 9. | സേവനസന്നദ്ധത | 48 |
| 10. | പശ്ചാത്താപം | 58 |
| 11. | ഹൃദയത്തിന്റെ ആഴത്തിലേയ്ക്കു് | 63 |
| 12. | പുത്രദുഃഖം | 67 |
| 13. | സ്വാതന്ത്ര്യസമരം | 74 |
| 14. | ആഗാഖാൻ കൊട്ടാരത്തിൽ | 85 |
| 15. | അന്ത്യനിമിഷങ്ങൾ | 93 |
| 16. | അനുസ്മരണം | 102 |

# കസ്തൂരിബായി ഗാന്ധി

## I

## ബാല്യം

സൗരാഷ്ട്രത്തിൽ സുദാമാപുരിയിലെ ഒരു വ്യാപാരിയായ ഗോകുലദാസ് നകാൻജിക്ക് 1869-ൽ ഒരു പെൺകുഞ്ഞു ജനിച്ചു. ആ ജനനത്തീയതി ഓർമ്മ വെയ്ക്കേണ്ടിവരുമെന്ന് അന്നാരും വിചാരിച്ചിരുന്നില്ല. ഈ കുഞ്ഞാണു പിന്നീടു കസ്തൂരിബായിഗാന്ധി എന്നു സുപ്രസിദ്ധിയാർജ്ജിച്ചതു്. ഗാന്ധിജി ജനിച്ചതും ഈ കൊല്ലത്തിൽ തന്നെയായിരുന്നു.

ഇരുണ്ടുമിനുത്ത തലമുടിയും വെള്ളാമ്പൽപ്പൂവിതൾപോലെ ഭംഗിയേറിയ മൂക്കും തിളങ്ങുന്ന കണ്ണും ഉള്ള ആ ചെറിയ പെൺകുട്ടി വീട്ടിൻെറ അകത്തളത്തിലും ഉദ്യാനവളപ്പിലും എല്ലാം ഒരു പൂമ്പാറ്റയെപ്പോലെ പാറി നടന്നു. ഗുർജരത്തിലെ സ്ത്രീകളുടെ ജീവിതം അന്ന് അന്തഃപുരത്തിലെ അരണ്ട വെളിച്ചത്തിനുള്ളിൽ ഒതുങ്ങിനാണിരുന്നതു്. കൊച്ചു പെൺകുട്ടികൾക്കുമാത്രം വിവാഹം വരെയും കുറച്ചൊക്കെ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു.

സൗരാഷ്ട്രത്തിൽ അക്കാലത്ത് പെൺകിടാങ്ങളെ സ്കൂളിൽ അയയ്ക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. കസ്തൂരി ബായിയും സ്കൂളിൽ പോവുകയോ എഴുത്തുപഠിക്കുകയോ ചെയ്തില്ല. പക്ഷേ, മററുപല കാര്യങ്ങളിലും അവൾ ഭാഗ്യവതി യായിരുന്നു. സ്നേഹസമ്പൂർണ്ണവും സമ്പൽസമൃദ്ധവുമായ ഒരു കുടുംബത്തിലാണു ജനനം. ബാല്യം മുതൽ ശരിയായ ശിക്ഷണത്തിലാണു വളർന്നതും. അപ്പനമ്മമാർ ആ കുഞ്ഞിനെ വാത്സല്യപൂർവ്വം വളർത്തി. അവൾ ഗൃഹഭരണത്തിൽ വളരെ ശ്രദ്ധ പതിപ്പിച്ചു. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹത്തിലും ഉള്ളഴിഞ്ഞ ഒരുമയിലും ആണ്, കുടുംബജീവിതത്തിന്റെ ഭദ്രത അടങ്ങിയിരിക്കുന്നതു് എന്നു കസ്തൂരിബായി നല്ലവണ്ണം മനസ്സിലാക്കി. അങ്ങനെ ജീവിതകാലം മുഴുവനും, ഗാന്ധിജി സ്ഥാപിച്ചിട്ടുള്ള ഓരോ ആശ്രമവും, സംതൃപ്തിയും ശാന്തിയും പുലരുന്ന മാതൃകാസ്ഥാപനം ആക്കുന്നതിനു് അവർക്ക് സാധിച്ചു.

ഒരു സായാഹ്നത്തിൽ ഗോകുലദാസ്‌നകാൻജി യോടുകൂടി ഏതാനും അതിഥികൾ വീട്ടിലേയ്ക്കു കടന്നു വന്നു. പൂവാടിയിലും പുരമുറികളിലു മായി കളിച്ചുനടന്ന കസ്തൂരിബായി അവരെ കാണുകയും ചെയ്തു. അവർ എന്തിനാണു വന്നതെന്നു് ആ കുട്ടി മനസ്സിലാക്കിയില്ല. പുരോഹിതന്മാരും ജ്യോത്സ്യന്മാരും കൂടി ശാസ്ത്രവിധി പ്രകാരം ജാതകങ്ങൾ പരിശോധിച്ചു്, വിവാഹനിശ്ചയം ചെയ്തു. 'മോഹനദാസ് കർമ്മചന്ദ്ഗാന്ധി' ആയിരുന്നു

ആ പെൺകുഞ്ഞിൻെറ ഭാവിവരൻ. കാബാഗാന്ധിയുടെ ഇളയ പുത്രനാണു മോഹനദാസ്സ്. നകാൻജിയും ഗാന്ധി കുടുംബക്കാരും നേരത്തെ പരിചയക്കാരാണു്. അവരെല്ലാം, ആ കൊച്ചുപൂമൊട്ടു മനോഹരമായി വിരിയുന്നതു കാണുവാൻ കൗതുകത്തോടേ കാത്തിരുന്നു. വെളുവെളുത്തു്, അംഗങ്ങളിൽ ആഭരണം അണിഞ്ഞ ആ പെൺകൊടി ഒരു മനോഹര കുസുമമായിരിക്കുമെന്നു് അന്നു തന്നെ എല്ലാപേരും ദീർഘദർശനം ചെയ്തു.

മോഹനദാസിനു് ഇതിനുമുൻപു രണ്ടു പ്രാവശ്യം വിവാഹനിശ്ചയം നടന്നു. ആ രണ്ടു പെൺകുട്ടികളും മരിച്ചുപോയി. അങ്ങനെ മൂന്നാമത്തെ നിശ്ചയത്തോടു കൂടി ആ ബാലൻ ഭാഗ്യക്ഷേത്രത്തിൽ പ്രവേശിക്കുകയായി. ബാലൻെറ അച്ഛനായ കാബാഗാന്ധി സുദാമാപുരിയിലെ ആദ്യത്തെ ദിവാൻ ആണു്. ഗാന്ധി കുടുംബക്കാർ മൂന്നു തലമുറയായി കാഠിയാവാഡ് സംസ്ഥാനത്തിലെ ദിവാൻപദം അലങ്കരിച്ചുവന്നു. നകാൻജിക്കു വമ്പിച്ച ധനവും കാബാഗാന്ധിക്കു മികച്ച യശസ്സും ഉണ്ടായിരുന്നു.

സമപ്രായക്കാരായ ഈ കുട്ടികൾ വിവാഹിതരായാൽ തങ്ങളുടെ സ്നേഹബന്ധത്തിനു് ഒരു മാററു കൂടുമെന്നു് ആ സുഹൃത്തുക്കൾ വിചാരിച്ചു. ഈ ബന്ധം ഭാവിയിൽ വളരെ അധികം പ്രാധാന്യം അർഹിക്കുന്ന ഒന്നായിത്തീരുമെന്നു് അന്നു് അവർ അറിഞ്ഞിരുന്നില്ല.

മോഹനദാസ് അത്ര വലിയ മഹാനാകും എന്നോ കസ്തൂരിബായി ജീവിതത്തിൽ ഇത്ര വളരെ കാര്യങ്ങൾ ചെയ്തുതീക്കും എന്നോ ആരും ഒരിക്കലും വിചാരിച്ചിരിക്കയില്ല.

ബാല്യത്തിന്റെ കിലുകിലാരവത്തിൽ മുങ്ങിത്തിമിക്കുന്ന ആ ഇളംകരുന്നു് വിവാഹിതയാകാൻ പോകുന്നു എന്നു കേട്ടാൽ അദ്ഭുതം തോന്നും. അക്കാലങ്ങളിൽ 'ശൈശവവിവാഹം' ഭാരതത്തിൽ സവ്വസാധാരണമായിരുന്നു. കുട്ടികളെ എത്രകണ്ടു് ഇളം പ്രായത്തിൽ വിവാഹം കഴിപ്പിക്കുന്നുവോ, അത്രകണ്ടു് നന്നു്, എന്നായിരുന്നു ജനങ്ങളുടെ വിശ്വാസം. ഇങ്ങനെ വിവാഹം തീച്ചപ്പെടുത്തുന്നതു വധൂവരന്മാരുടെ അറിവോ ഇഷ്ടമോ അനുസരിച്ചായിരുന്നില്ല. അന്നത്തെ കുട്ടികൾക്കു വിവാഹം എന്നതു ബാല്യകാലസ്മരണകൾക്കിടയിലെ ഒരു കനകരേഖ മാത്ര മായിരുന്നു.

തലമുടിയിൽ പട്ടുനാടയും കെട്ടി കൈയിൽ നിറപ്പകിട്ടുള്ള കളിപ്പന്തുമായി വണ്ണഭംഗിയുള്ള ഒരു ചിത്രശലഭം പോലെ കസ്തൂരിബായി കളിച്ചു നടന്നു. സായന്തനവേളയിൽ അന്തഃപുരസ്ത്രീകളുടെ സ്വകാര്യസമ്മേളനത്തിൽ നമ്മുടെ കൊച്ചുകുട്ടിയും പററിക്കൂട്ടമായിരുന്നു. അവർ ദന്തനിമ്മിതമായ ആഭരണപ്പെട്ടികൾ തുറന്നു പണിപ്പകിട്ടുള്ള ആഭരണങ്ങൾ ഒന്നൊന്നായി എടുത്തു് അണിഞ്ഞു രസിക്കുകയും തുടച്ചു മിനുക്കുകയും ചെയ്യും. കസ്തൂരിബായിക്കാകട്ടെ ഈ ആഭരണങ്ങളോ മററു്

ആഡംബരസാധനങ്ങളോ ഒട്ടും ആകർഷകങ്ങളായി തോന്നിയില്ല. ഒരു ആൺകുട്ടിയുടെ ഊർജ്ജസ്വലതയും സ്വഭാവദാർഢ്യവും അവളിൽ വ്യക്തമായി കണ്ടിരുന്നു. കുട്ടിയുടെ ഈ സ്വഭാവവിശേഷങ്ങൾ നേരത്തെ തന്നെ ഗാന്ധികുടുംബക്കാരെ ആകർഷിച്ചിരുന്നു. 1876-ലെ വിവാഹനിശ്ചയത്തെപ്പററി ഈ ബാലികയോ, മോഹനദാസോ അറിഞ്ഞിരുന്നില്ല. കസ്തൂരിബായിയുടെ കൂട്ടുകാരായ ബാലികമാരിൽ പലരും ഇതിനകം കുടുംബിനിമാരായി കഴിഞ്ഞിരുന്നു.

സുദാമാപുരിയിൽ അന്നു തീവണ്ടിയോ വർത്തമാനപ്പത്രമോ എത്തിയിരുന്നില്ല. കിളികളുടെ കളക്കൂജനങ്ങളും ചന്തയിൽ പോകുന്നവരുടെ ബഹളങ്ങളും മാത്രമേ അവിടത്തെ പ്രശാന്തതയെ ഭഞ്ജിച്ചിരുന്നുള്ളു. ഓരായിരം കൊല്ലങ്ങൾക്കു മുൻപെന്നവണ്ണം അന്നും ജീവിതം സുദാമാപുരിയിലൂടെ ഒഴുകിക്കൊണ്ടിരുന്നു. അവിടെ 'പർദാ'യ്ക്കുള്ളിൽ ജീവിക്കുന്ന സ്ത്രീവർഗ്ഗത്തിൻെറ ചിന്തയിൽ ജീവിതപ്രശ്നങ്ങളോ രാഷ്ട്രീയവിഷയങ്ങളോ നിഴലിട്ടിരുന്നില്ല. ജനനം, വിവാഹനിശ്ചയം, വിവാഹം, മരണം ഇത്രമാത്രമാണ് അവരുടെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ. അന്തഃപുരത്തിനു വെളിയിലുള്ള അന്തരീക്ഷത്തിലേക്ക് എത്തിനോക്കിയിട്ടില്ലാത്ത കസ്തൂർബായുടെ മാതാവിനോട് ഒരുദിവസം നകാൻജി ഒരു വിശേഷവാർത്ത പറഞ്ഞു. "ഭാവിയിൽ അവരുടെ ഓമന മകൾ ദിവാൻഗാന്ധിയുടെ * സ്നുഷ

---

* പുത്രൻെറ ഭാര്യ

ആകും” എന്നു്. ഇതുകേട്ടു് ആ മാതാവു് ആനന്ദംത്താൽ പുളകം അണിഞ്ഞുപോയി.

കസ്തൂരിബായിയുടേയും മോഹനദാസിൻേറയും വിവാഹത്തീയതി നിശ്ചയിച്ചിരുന്നില്ല. വിവാഹത്തെപ്പററി ഒന്നുംതന്നെ അവർ അറിഞ്ഞിരുന്നുമില്ല. എങ്കിലും ഭാവിയിൽ ഒരു ഭാര്യയും മാതാവുമായിത്തീരാൻ വേണ്ട പരിശീലനം തനിക്കു ലഭിച്ചുകൊണ്ടിരിക്കുന്ന വസ്തുത കസ്തൂരിബായിക്കു് അറിയാമായിരുന്നു. 1877 ജനുവരി 1-ാംതീയതി വിക്ടോറിയാ മഹാരാജ്ഞി ഇൻഡ്യയുടെ ചക്രവർത്തിനിയായി പ്രഖ്യാപിക്കപ്പെട്ടു. അന്നുതന്നെ ആയിരുന്നു ആരുമാരും അറിയാത്ത ഒരു പെൺകുട്ടിയുടേയും അതുപോലെ തന്നെ അജ്ഞാതനായ ഒരു ബാലൻേറയും വിവാഹനിശ്ചയം വിധിപ്രകാരം നടന്നതു്. അങ്ങനെ തുടങ്ങിയ ആ കഥ വിക്ടോറിയാ മഹാരാജ്ഞിക്കു മഹാനായ ‘ഡിസ്രേലി’ നല്കിയ ഇൻഡ്യാ മഹാസാമ്രാജ്യത്തിൻേറ ഭാഗംപിരിയലിൽ അവസാനിക്കുമെന്നു് ആരുമാരും കരുതിയിരുന്നില്ല.

പ്രധാനമായി അഞ്ചു നിയമങ്ങൾ കസ്തൂരിബായി അനുസരിക്കേണ്ടിയിരുന്നു. കള്ളം പറയരുതു്, മോഷ്ടിക്കരുതു്, ഭൗതികകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കരുതു്. ഈശ്വരഭജനം മുടക്കരുതു്, പതിവ്രതയായിരിക്കാൻ ദീക്ഷിച്ചുകൊള്ളണം. ഇവ ആ ചെറിയ പെൺകുട്ടി കൃത്യമായി അനുഷ്ഠിച്ചു. പെൺകുട്ടികൾ ഈ നിയമങ്ങളെല്ലാം അനുസരിക്കുന്നുണ്ടോ എന്നു പ്രായ-

മായ സ്ത്രീകൾ പ്രത്യേകം ശ്രദ്ധിച്ചുപോന്നു. ശുചിത്വം ഒരു മതധർമ്മം എന്നായിരുന്നു അവരുടെ വിശ്വാസം. പാത്രങ്ങളും, മററുപകരണങ്ങളും, മുറികളും, ഉദ്യാനങ്ങളും എല്ലാം വൃത്തിയായും ഭംഗിയായും സൂക്ഷിച്ചിരുന്നു. ഗോകുലദാസിൻെറ കുടുംബം സുഖമായി ജീവിച്ചു. ആർഭാടത്തിനോ അനാവശ്യച്ചെലവുകൾക്കോ അവിടെ സ്ഥാനം ഉണ്ടായിരുന്നില്ല. ധാരാളം ഭൃത്യന്മാരുണ്ടായിരുന്നു എങ്കിലും ഗൃഹജീവിതത്തിൽ ഒരു സാധാരണത്വം നിഴലിട്ടു നിന്നു. ഗർവ്വം ആ കുടുംബാംഗങ്ങളെ ബാധിച്ചിരുന്നില്ല.

അയിത്തക്കാരുടെ സ്പർശനം കൊണ്ടു മാത്രമല്ല, സാമീപ്യം കൊണ്ടും ചെറിയ കുട്ടികൾ പോലും അശുദ്ധപ്പെടാതിരിക്കാൻ നകാൻജിയുടെ വീട്ടിലെ സ്ത്രീകൾ വളരെ ശ്രദ്ധിച്ചു. കിണററിൽനിന്നും വെള്ളം കോരുവാൻ താഴ്ന്ന ജാതിക്കാരെ അവർ അനുവദിച്ചിരുന്നില്ല. സ്ത്രീകൾക്കും പെൺകുട്ടികൾക്കും കുളിക്കുന്നതിനു പ്രത്യേകം സജ്ജീകരണങ്ങളാണു് ഉണ്ടായിരുന്നതു്. അന്തഃപുരത്തിൽ പുരുഷന്മാരാരും കടക്കാതിരിക്കാൻ വിശേഷിച്ചു കരുതൽ ചെയ്തിരുന്നു. ഒരു ഭർത്താവിനു സ്വന്തം ഭാര്യയെ കാണുവാനായിപ്പോലും അവിടെ പ്രവേശിക്കുവാൻ അനുവാദം ഉണ്ടായിരുന്നില്ല.

മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഒന്നും ആ പെൺകുട്ടിയുടെ ശ്രദ്ധയെ കൂടുതൽ ആകർഷിച്ചില്ല.

കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ അമ്മയായിരുന്നു അന്തഃപുരത്തിലെ ഭരണാധികാരിണി. അവർ ഇളയ തലമുറക്കാരായ കുട്ടികളെ നാമജപങ്ങളും പുരാണകഥകളും പഠിപ്പിക്കും. ഓരോ പെൺകുട്ടിയും ബാല്യം വിട്ടു തുടങ്ങുമ്പോൾ മുതൽ പർദാ ധരിക്കണമെന്നു് നിർബ്ബന്ധമായിരുന്നു. മഞ്ഞണിഞ്ഞ നവകുസുമം പോലെ ആയിരുന്നു മൂടുപടമിട്ട കസ്തൂരിബായി.

---

# II

## വിവാഹം

കസ്തൂരിബായിയുടെ പിതാവു് 1882-ൽ പുരോഹിതന്മാരുമായി ആലോചിച്ചു വിവാഹമുഹൂർത്തം തീർച്ചപ്പെടുത്തി; വേഗത്തിൽ ഒരുക്കങ്ങൾ ആരംഭിച്ചു. ഇതെല്ലാം തന്റെ വിവാഹത്തിനുള്ള ചടങ്ങുകൾ ആണെന്നു കസ്തൂരി ബായിക്കു മനസ്സിലായി. എന്നാൽ ആറുവർഷം മുൻപു വിവാഹനിശ്ചയം കഴിഞ്ഞിരുന്നു എന്നു് ഇപ്പോൾ മാത്ര മാണു് ആ പെൺകുട്ടി മനസ്സിലാക്കിയതു്.

അന്നു കാഠിയാവാഡിൽ വിവാഹനിശ്ചയം, വിവാഹം എന്നിങ്ങനെ രണ്ടു് അടിയന്തിരങ്ങൾ നടപ്പിലിരുന്നു. വിവാഹനിശ്ചയം കുട്ടികളുടെ പിതാക്കൾ തമ്മിലുള്ള ഒരു പ്രഥമവാഗ്ദാനം മാത്രമാണു്. അതു കുട്ടികൾ

അറിഞ്ഞെന്നു വരില്ല. വിവാഹത്തെപ്പററി കസ്തൂരിബായിയുടെ അന്നത്തെ മനോവികാരങ്ങൾ എന്തായിരുന്നു എന്നു നമുക്കു് അറിഞ്ഞുകൂടാ. എന്നാൽ അതിനെപ്പററി മോഹനദാസിനു സുവ്യക്തമായ സ്മരണയുണ്ടു്. ആ ഓർമ്മകൾ അദ്ദേഹം ആത്മകഥയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

ഒരുക്കങ്ങൾ കണ്ടപ്പോൾ മാത്രമാണു വരാൻ പോകുന്ന സംഭവം എന്താണെന്നു മോഹനദാസിനു മനസ്സിലായതു്. ഭംഗിയുള്ള വസ്ത്രങ്ങൾ ഉടുക്കാം; വാദ്യഘോഷങ്ങൾ കേൾക്കാം; ഘോഷയാത്രയിൽ പങ്കുകൊള്ളാം; വിഭവസമൃദ്ധമായ സദ്യ ഉണ്ണാം. ഇതിനെല്ലാം പുറമേ അപരിചിതയായ ഒരു പെൺകുട്ടിയെ കളികളിൽ കൂട്ടുകാരിയായി കിട്ടും; എന്നു മാത്രമാണു് ഈ കാര്യത്തെ സംബന്ധിച്ചു് ആ ബാലൻ ചിന്തിച്ചതു്. 'വിവാഹം' എന്നതിന്റെ അർത്ഥം എന്തെന്നു് അറിവില്ലെങ്കിലും, വിവാഹോത്സവത്തിന്റെ ബഹളത്തിൽ ആ കൊച്ചുകുട്ടികളുടെ ഹൃദയത്തിൽ ബാലസഹജമായി അവ്യക്തമായ ഒരാനന്ദം പററിപ്പിടിച്ചു നിന്നു.

കസ്തൂരിബായിയുടേയും മോഹനദാസിന്റേയും വീടുകളിൽ വിവാഹത്തിനുള്ള ഒരുക്കങ്ങളുടെ തിരക്കാണു്. അളവില്ലാത്ത സമ്പത്തിന്റെ ഉടമസ്ഥനായ നകാൻജി മകളെ രത്നാഭരണങ്ങളും സ്വർണ്ണാഭരണങ്ങളും കൊണ്ടു മൂടി. മൃണാളകോമളങ്ങളായ കൈത്തണ്ടുകളിലും

അഴകോലുന്ന നാസികാഗ്രത്തിലും, മാർവിടത്തിലും എല്ലാം രത്നക്കല്ലുകൾ പതിച്ച ആഭരണങ്ങൾ മിന്നി ത്തിളങ്ങി. അവരുടെയിടയിൽ സ്ത്രീധന ഏർപ്പാടുണ്ട യിരുന്നില്ല. പക്ഷെ, വധുവിന് അച്ഛനമ്മമാർ ആയി രക്കണക്കിനു രൂപാ വില വരുന്ന ആഭരണങ്ങൾ നല്കണം. അതു മരണംവരെയും അവളുടെ സ്വകാര്യ സ്വത്തായിരിക്കും. ഭർത്താവിന് അതിന്മേൽ യാതൊരു അവകാശവും ഉണ്ടായിരുന്നുകൂടാ. ഇതായിരുന്നു അവി ടത്തെ നാട്ടുനടപ്പ്.

ഒരുക്കങ്ങൾ പൂർത്തിയായി. വിവാഹദിനവും അടു ത്തു. വിചാരിച്ച ദിവസം വധൂഗൃഹത്തിലേക്കു യാത്ര തിരിക്കുവാൻ ഗാന്ധികുടുംബക്കാർക്കു സാധിച്ചില്ല. അടിയന്തിരമായി ചില രാജ്യകാര്യങ്ങൾ ഉള്ളതുകൊണ്ട് പ്രധാനമന്ത്രി കൊട്ടാരത്തിൽ തന്നെ ഉണ്ടായിരിക്കണം എന്നും, കല്ല്യാണം മാറ്റിവയ്ക്കണം എന്നും രാജ ക്കോട്ടിലെ താക്കോർ സാഹേബ്ബ് ഉത്തരവായി. അന്നു കാഠിയാവാഡിൽ ഇന്നത്തെപ്പോലെയുള്ള വാഹന സൌകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. കാളവണ്ടിയിൽ രാജക്കോട്ടിൽനിന്നും സുദാമാപുരിയിൽ എത്തുവാൻ അഞ്ചുദിവസം വേണ്ടിവരും. ദിനങ്ങൾ കടന്നുപോയി. ഇനിയും വിവാഹത്തിന് എത്തിച്ചേരുവാൻ സാധിക്കു യില്ല എന്ന പതനത്തിലായി. വിവാഹമുഹൂർത്തം എങ്ങനെയാണു മാററി വയ്ക്കുക? വിവാഹം കുടുംബ ങ്ങളുടെ ഒത്തുചേരലാണ്; വിധിയുടേയും. അല്ലാതെ വ്യക്തികളുടെതു മാത്രമല്ല.

ഒടുവിൽ താക്കോർ സാഹേബ്ബ് അനുവാദം നല്കി. തന്റെ പ്രൌഢിയ്ക്കൊത്തവിധം തന്നെ കാബാഗാന്ധിയെ സഹായിക്കുകയും ചെയ്തു. അദ്ദേഹം കൊട്ടാരത്തിലെ പല്ലിത്തേരുകളെയും കുതിരകളെയും ഗാന്ധിയുടെ ആവശ്യത്തിനു് അയച്ചുകൊടുത്തു. കുതിരവണ്ടികളിൽ കയറി മൂന്നു ദിവസംകൊണ്ടു് അവക്കു സുദാമാപുരിയിൽ എത്താം. സ്ത്രീകളും, കുട്ടികളും, പരിജനങ്ങളും എല്ലാം. വണ്ടികളിൽ തിക്കിത്തിരക്കി കയറി. അങ്ങനെ വരന്റെ സംഘം വളരെ വേഗത്തിൽ യാത്രയായി.

യാത്രാമദ്ധ്യേ കാബാഗാന്ധി കയറിയിരുന്ന വണ്ടി മറിഞ്ഞു്; അദ്ദേഹത്തിനു വലിയ പരുക്കുകൾ പററി ദേഹമാസകലം വച്ചുകെട്ടുകൾ വേണ്ടിവന്നു. അദ്ദേഹം അസഹ്യമായ വേദന അനുഭവിച്ചുകൊണ്ടു് "ഈ വിവാഹകൎമ്മം ഇപ്പോൾത്തന്നെ നടക്കണം. ഇല്ലെങ്കിൽ ഒരിക്കലും വേണ്ടാ," എന്നു പറഞ്ഞു യാത്ര തുടൎന്നു.

അവർ തക്ക സമയത്തു തന്നെ സുദാമാപുരിയിൽ എത്തി. ദുസ്സഹമായ വേദനയ്ക്കിടയിലും ആ വത്സലനായ പിതാവു് അനുഷ്ഠിക്കേണ്ട കൎമ്മങ്ങളെല്ലാം ഒന്നൊന്നായി നിർവഹിച്ചു. വരന്റെ സംഘത്തിനുവേണ്ടി ഒരുക്കിയിരുന്ന വീട്ടിൽ അവർ എത്തിച്ചേൎന്നു. ക്ഷുരകൻ വന്നു മോഹനദാസിനെ കുളിപ്പിച്ചു തലമുടി ചീകി, വിവാഹവസ്ത്രങ്ങൾ ധരിപ്പിച്ചു. നാനാ വൎണ്ണങ്ങളാൽ അലംകൃതമായ പല്ലക്കു കൊണ്ടുവന്നു്, വരനെ അതിൽ കയറ്റി പട്ടണപ്രവേശം ആരംഭിച്ചു. ഭാഗവതർമാർ പാട്ടും,

മേളവും, പൊടിപൊടിച്ചു. അങ്ങനെ ആ ഘോഷയാത്ര സുദാമാപുരിയിലെ പാതകളിലൂടെ നീങ്ങിക്കൊണ്ടിരുന്നു. പതിമൂന്നു വയസ്സു തികയാത്ത മോഹനദാസ് ധൈര്യപൂർവ്വം രാജപാതയുടെ ഇരുപാൾപങ്ങളിലും നോക്കിക്കൊണ്ടിരുന്നു. ബാലന്റെ വിളറിത്തുടങ്ങിയ മുഖത്ത് അദ്ഭുതരസം സ്ഫുരിച്ചിരുന്നു. കാഴ്ചക്കാരും അനുയായികളും എല്ലാം, വിവാഹവസ്ത്രങ്ങൾക്കുള്ളിൽ ഒതുങ്ങിക്കൂടിയിരുന്നു ഘോഷയാത്ര നയിക്കുന്ന ആ കൊച്ചു ബാലനെത്തന്നെ നോക്കിക്കൊണ്ടിരുന്നു.

അന്തഃപുരത്തിന്റെ ഒതുങ്ങിയ കോണിൽ തുള്ളിക്കളിക്കുന്ന വസന്തനിലാവു പോലെയുള്ളൊരു ബാലിക ആഭരണങ്ങൾകൊണ്ടു മൂടി, പട്ടുടയാട ധരിച്ച്, സുഗന്ധലേപനവും ചെയ്തു, വരനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. വധുവിന്റെ ചുററും ഹൃദയം കവരുന്ന പരിമളം ഊറിനിന്നു.

മോഹനദാസിന്റെ പല്ലക്ക് അടുത്തെത്തിയ വർത്തമാനം വധുവിന്റെ കാതിലും എത്തി. മനോഹരവും പുഷ്പാലംകൃതവുമായ പല്ലക്കിൽ കസ്തൂരിബായിയെ കയററി മറെറാരു ഘോഷയാത്രയും പുറപ്പെടുകയായി. ബന്ധുക്കളും ചങ്ങാതിമാരും എല്ലാം ആ ഘോഷയാത്രയിൽ പങ്കുകൂടി. സംഗീതക്കാരും താളമേളക്കാരും ചേർന്ന് ആനന്ദത്തിന്റേതായ ഗാനമേളം ചമച്ചു. ആ അലമാലകൾ അനുസ്യൂതമായി

അന്തരീക്ഷത്തിലൂടെ ഉയൎന്നുകൊണ്ടിരുന്നു. വരന്റെയും വധുവിന്റെയും ഘോഷയാത്രകൾ വിവാഹവേദിയിൽ കതിൎമണ്ഡപത്തിന്നു സമീപം എത്തിച്ചേൎന്നു. കസ്തൂരി ബായി ഹേമന്തരാവിലെ മഞ്ഞലകൾ പോലെ സുന്ദരമായ തൂവെള്ളപ്പട്ട് ആപാദചൂഡം ഉടലു മറയുമാറ് ഉടുത്തിരുന്നു. ക്ഷുരകസ്ത്രീ വന്ന് ആ ബാലികയെ എടുത്ത് കതിൎമണ്ഡപത്തിൽ കൊണ്ടിരുത്തി. ക്ഷുരകൻ മോഹനദാസിനേയും എടുത്തു. കൊണ്ടുവന്നു വധുവിന്റെ സമീപം കുടികൊള്ളിച്ചു. വൈദിക കൎമ്മങ്ങൾ ആരംഭിച്ചു. പുരോഹിതന്മാർ ചൊല്ലിക്കൊടുത്ത മന്ത്രങ്ങൾ എല്ലാം വധൂവരന്മാർ ഏററു പറഞ്ഞു. ഈ സമയം ആരോ വധുവിന്റെയും വരന്റെയും വസ്ത്രാഗ്രങ്ങൾ കൂട്ടിക്കെട്ടി. പിന്നെയും മന്ത്രജപങ്ങളും പ്രാൎത്ഥനകളും മുഴങ്ങി. വധുവിന്റെ കഴുത്തിൽ കെട്ടുവാനുള്ള ഒരു ചെറിയ സ്വൎണ്ണമാല വരന്റെ കൈയ്യിൽ കൊടുത്തു. മോഹനദാസ് അതു കസ്തൂരിബായിയുടെ കഴുത്തിൽ കെട്ടി. ഈ സമയം മോഹനദാസിന്റെ അമ്മ പുട്ലീബായി ഒരു മഹാറാണിയുടെ പ്രൌഢിയോടെ എഴുന്നേററുവന്ന് വധുവിന്റെ കൈത്തലം എടുത്തു വരന്റെ കയ്യിൽവച്ചു. അങ്ങിനെ അവർ ഒരിക്കലും വേർപെടുത്തുവാൻ വയ്യാത്ത ബന്ധത്തിൽ ഇണങ്ങിച്ചേൎന്നു. ഈ സമയമെല്ലാം കാബാഗാന്ധിയുടെ ഹൃദയത്തിൽ സന്തോഷം കവിഞ്ഞൊഴുകി; മുഖത്തിൽ പ്രസാദം തുളുമ്പി.

തന്റെ സമീപത്തു മൂടുപടം ഇട്ടു പരിമളപൂരത്തിൽ കുളിച്ചു വിവാഹപീഠത്തിൽ ഇരിക്കുന്ന കസ്തൂരി

ബായിയെ ഇതുവരെയും മോഹനദാസ് കണ്ടിട്ടില്ല. സ്ത്രീകളുടെ മധുരസംഗീതത്താലും, സംഗീതോപകരണങ്ങളുടെ മന്ദ്രധ്വനിയാലും അവിടമെങ്ങും മുഖരിതമായിരുന്നു. കസ്തൂരിബായി ഇതിനിടയിൽ തന്റെ വരനെ കണ്ടു. മെലിഞ്ഞു പൊക്കം കുറഞ്ഞ ഒരു ചെറിയ കുട്ടി. വലിയ ചെവിയും, നീണ്ട മൂക്കും, കറുത്തിരുണ്ട് എഴുന്നു നില്ക്കുന്ന തലമുടിയും അയാളുടെ പ്രത്യേകതകളാണ്. നീണ്ട വിരലുകളുള്ള കൈത്തലം ഭംഗിയുള്ളതായിരുന്നു. മോഹനദാസ് ലജ്ജാവിവശനായി, മൂകനായി, മിഴിച്ചു നിന്നു. കസ്തൂരിബായിയും ഒന്നും സംസാരിച്ചില്ല. അന്നു പതിമൂന്നാമത്തെ വയസ്സിൽ മോഹനദാസ്സിന്റെ വലിയ പ്രകാശമുള്ള കണ്ണുകൾ മനോഹരങ്ങളാണെന്ന് അറിയുവാൻ അവൾക്കു കഴിഞ്ഞില്ല.

ആഘോഷപൂർണ്ണമായ ഒരാഴ്ച കഴിഞ്ഞു പട്ടിൽ പൊതിഞ്ഞ ആ മിന്നൽക്കൊടി ആഭരണപ്പെട്ടികളും പട്ടുവസ്ത്രങ്ങളുമായി രാജക്കോട്ടിലേക്കു പുറപ്പെട്ടു. താക്കോർ സാഹേബ്ബിന്റെ പള്ളിത്തേരുകൾ തന്നെ അവർക്കു മടക്കയാത്രയ്ക്കും ലഭിച്ചു. പുട്ലീബായിയോടൊരുമിച്ചു കസ്തൂരിബായി യാത്ര തുടർന്നു. അവർ സസുഖം രാജക്കോട്ടിലെത്തിച്ചേർന്നു.

വിവാഹത്തിനു മുൻപു നടന്ന മഞ്ഞൾ പൂശൽ മുതലായ രസകരങ്ങളായ ചില പ്രാരംഭചടങ്ങുകൾ

ഗാന്ധിജിക്കു നല്ല ഓർമ്മയുള്ളതായി ആത്മകഥയിൽ പറഞ്ഞിരിക്കുന്നു. തുടൎന്നു അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു:

"ഞങ്ങൾ വിവാഹപീഠത്തിന്മേൽ എങ്ങനെയാണു് ഇരുന്നതെന്നും സപ്തപദീക്രിയ (അഗ്നിക്കുചുറവും ഏഴടി നടക്കുക) എങ്ങിനെയാണു നടത്തിയതെന്നും വധൂവരന്മാർ അന്യോന്യം കംസാർ (മധുരദ്രവ്യം) കൈമാറിയതു് എങ്ങനെയാണെന്നും ഞങ്ങൾ എങ്ങനെയാണു് ഒരുമിച്ചു നാൾ കഴിപ്പാൻ തുടങ്ങിയതെന്നും എൻെറ മനസ്സിൽ ഇന്നും തെളിഞ്ഞു കാണുന്നു."

---

# III
# കുടുംബജീവിതം

വിവാഹാനന്തരം ജ്യേഷ്ഠന്മാൎക്കു് ഉള്ളതുപോലെ മോഹനദാസിനും പ്രത്യേകം മുറി നല്കപ്പെട്ടു. പകൽ ദമ്പതിമാർ തമ്മിൽ കാണുകയേ ഇല്ല. വിവാഹിതരായ സ്ത്രീപുരുഷന്മാർ തമ്മിൽ പകൽ കാണുന്നതും മററുള്ളവരുടെ മുൻപിൽവെച്ചു സ്നേഹപ്രകാശനം ചെയ്യുന്നതും വലിയ കുററമായിട്ടാണു് അന്നത്തെ കുലീനരായ ഹിന്ദുക്കൾ കരുതിയതു്. പ്രാതൽ കഴിഞ്ഞു മോഹനദാസ് സ്കൂളിലേക്കു പോകും.

അക്കാലത്തു രാജകോട്ട്, സുദാമാപുരിയെക്കാം അഭിവൃദ്ധി പ്രാപിച്ചിരുന്നു. അവിടെ പല നല്ല സ്കൂളുകളും ഉണ്ടായിരുന്നു. കുട്ടികൾക്കായി യൂറോപ്യൻ സമ്പ്രദായത്തിലുള്ള പല്തരം കളികൾ സ്കൂളുകളിൽ പ്രചരിച്ചിരുന്നു. എങ്കിലും മോഹനദാസിനു കളിയിൽ വലിയ താത്പര്യം ഉണ്ടായില്ല. കസ്തൂർബാ സ്കൂളിൽ പോയില്ല; സമയം പോക്കുവാൻ കളികളും ഉണ്ടായിരുന്നില്ല. അതൊന്നും പർദായുള്ളിൽ അന്ന് എത്തിനോക്കുകയില്ല. ചിലപ്പോൾ ഉദ്യാനത്തിലെ ക്ഷേത്രത്തിൽ പോയി ദർശനം നടത്തും. അപൂർവ്വം ചില അവസരങ്ങളിൽ മററു പർദാക്കാരികളുടെ സന്ദർശനം ഉണ്ടാകും. പിന്നെ പതിവുള്ള മതാചാരങ്ങൾ അനുഷ്ഠിക്കും. ഇത്രയുമാണ് നീണ്ട നീണ്ട പകലിൽ കസ്തൂരിബായിയുടെ പരിപാടികൾ. കൂടാതെ മോഹനദാസിന്റെ മാതാവായ പുട്‌ലീബായി സ്തോത്രങ്ങൾ പഠിപ്പിക്കുകയും പുരാണകഥകൾ പറഞ്ഞു കൊടുക്കുകയും ചെയ്യും.

ഭാര്യയ്ക്കു സൗന്ദര്യവും സംസ്കാരവും തികഞ്ഞിരിക്കണം എന്ന് അന്നത്തെ കുലീനകുടുംബക്കാരുടെ ഇടയിൽ നിർബന്ധം ആയിരുന്നു. കസ്തൂരിബായി ഭംഗിയാംവണ്ണം സാരി ചുററും. കൈവെള്ളയിലും, കാൽവെള്ളയിലും മൈലാഞ്ചിയിടും. അഴകേറിയ ആഭരണങ്ങൾ അണിയും. മഞ്ഞണിഞ്ഞ കുഞ്ഞുനിലാവുപോലെ മനോഹരിയായ നമ്മുടെ കഥാനായികയെ കണ്ടാൽ

ഉടലെടുത്ത വസന്തകാന്തിയെന്നേ തോന്നു. പെൺകുട്ടികൾ മതനിഷ്ഠയുള്ളവർ ആയിരിക്കണം എന്നും നിഷ്കാമമായ സേവനം അനുഷ്ഠിക്കണം എന്നും നിഷ്കർഷിച്ചിരുന്നു. പുണ്യദിവസങ്ങളിലെല്ലാം വ്രതാനുഷ്ഠാനങ്ങളും ഉണ്ടായിരുന്നു.

പുതിയ വീട്ടിൽ കസ്തൂരിബായി എങ്ങനെ ആയിരുന്നു കഴിഞ്ഞു കൂടിയതു്? അവിടത്തെ അംഗങ്ങൾ എല്ലാം അവരോടു സ്നേഹപൂർവ്വം പെരുമാറി. ഗൃഹഭരണത്തിലും വീട്ടുജോലികളിലും ആ നവവധു പ്രദർശിപ്പിച്ച സാമർത്ഥ്യം എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചു. ആ ബാലിക പുട്ലീബായിയെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്തു. പുട്ലീബായിഗാന്ധി ലൗകികസുഖങ്ങളിൽ വിരക്തയായിരുന്നു. ആദ്ധ്യാത്മികചിന്ത ആ മഹതിയെ വളരെ ആകർഷിച്ചു. കസ്തൂരിബായിയുടെ അച്ഛൻ വലിയ ലക്ഷപ്രഭു ആയിരുന്നതുകൊണ്ടു് കുടുംബാംഗങ്ങൾ സുഖസമൃദ്ധിയിലാണ ജീവിച്ചതു്. ഭംഗിയുള്ള ആഭരണങ്ങൾ അണിഞ്ഞു, നിറപ്പകിട്ടുള്ള വസ്ത്രങ്ങൾ ഉടുത്തു, പൊട്ടിച്ചിരിയും തമാശകളും ആയി അവിടെ കസ്തൂരിബായി കഴിഞ്ഞുകൂടി. ഗോകുലദാസ് നകാൻജി സത്യത്തിലും ധീരതയിലും വിശ്വസിച്ചു. ക്രമാതീതമായ ലാഭവും സുഖമായ ജീവിതവും അദ്ദേഹം ആഗ്രഹിച്ചു. ഈ ചുററുപാടിൽ വളൎന്ന കസ്തൂരിബായി പതിഗൃഹത്തിലെ സന്ന്യാസവൃത്തിയിൽ ക്രമേണ ഇണങ്ങിച്ചേരുകയാണു് ഉണ്ടായതു്.

തന്റെ സമ്മതം കൂടാതെ കസ്തൂരിബായി ഒരിടത്തും പോകാൻ പാടില്ല എന്നു കൊച്ചുഗാന്ധി ശഠിച്ചു. ഇതു പലപ്പോഴും അവർ തമ്മിൽ കലശലായ ശണ്ഠയ്ക്കു കാരണമായി. കസ്തൂരിബായിക്കു എന്തും തുറന്നു പറയുന്ന ശീലവും ധൈര്യവും ആത്മവിശ്വാസവും ഉണ്ടായിരുന്നു. അവളിൽ ഒരു പെൺകുട്ടിയുടെ സ്വഭാവത്തേക്കാൾ അധികം സ്വാതന്ത്ര്യവും വികൃതിയും ആയ ഒരു ആൺകുട്ടിയുടെ പ്രകൃതമാണു കണ്ടിരുന്നതു്. പ്രതാപവും പദവിയും ഒരിക്കലും അവളെ ആകർഷിച്ചില്ല. ഭർത്താവിനെ ദൈവത്തെപ്പോലെ ആരാധിക്കുകയും അദ്ദേഹത്തിന്റെ എല്ലാ അഭീഷ്ടങ്ങളും അവ എത്ര നിസ്സാരമായിരുന്നാൽ പോലും അത്യന്തം ശ്രദ്ധയോടു കൂടി നിർവഹിക്കുകയും ആണു ഭാര്യയുടെ ധർമ്മം എന്നായിരുന്നു മോഹനദാസിന്റെ അഭിപ്രായവും അഭിലാഷവും. ഈ ആദർശങ്ങൾ പ്രവൃത്തിയിൽ കൊണ്ടു വരുവാൻ ആ ബാലൻ ആഗ്രഹിച്ചു. പക്ഷേ കസ്തൂരിബായി ഈ ദുർമ്മോഹങ്ങൾക്കൊന്നിനും അത്ര എളുപ്പം കീഴടങ്ങിയില്ല. എത്രത്തോളം അവരുടെ സ്വാതന്ത്ര്യം തടയുവാൻ ഭർത്താവു ശ്രമിച്ചുവോ, അത്രത്തോളം കൂടുതൽ സ്വാതന്ത്ര്യം അവർ സ്വയം കാണിച്ചുവന്നു. തന്റെ ഇഷ്ടതോഴിയെ താൻ ക്രമാതീതമായി സ്നേഹിക്കുന്നുണ്ടെന്നു മോഹനദാസിന്നു് അറിയാമായിരുന്നു. സ്കൂളിൽ ചെന്നാൽ ആ സ്നേഹാർദ്രൻ ഭാര്യയെപ്പററി അന്തമില്ലാതെ ചിന്തിക്കും. അതുകൊണ്ടു പഠിത്തത്തിൽ ശ്രദ്ധിക്കുവാൻ അയാൾക്കു സാധിച്ചില്ല. രാവിലെ

കസ്തൂരിബായിയെ പിരിഞ്ഞു സ്കൂളിൽ പോയാൽ ക്ലാസ്സിലിരിക്കുന്ന സമയം മുഴുവനും വൈകുന്നേരത്തെ പുനർദശ്നത്തെപ്പററി സ്വപ്നം കണ്ടുകൊണ്ടിരിക്കും. ഭാര്യയെ തന്റെ ഹൃദയാപഹാരിണിയായ ഒരു ദേവതയായി മോഹനദാസ് കണ്ടു. പക്ഷേ, ആ കൊച്ചുഭാര്യ തീരെ കുറച്ചുമാത്രമേ മോഹനദാസിനോടു സംസാരിച്ചിരുന്നുള്ളു. അവരെ പിരിഞ്ഞിരിക്കുന്നതു മോഹനദാസിനു ദുസ്സഹം ആയിരുന്നു.

കസ്തൂർബായിയോട് എത്ര സമയം സംസാരിച്ചിരുന്നാലും മോഹനദാസിന് തൃപ്തി വരികയില്ല. ജീവിതകാലം മുഴുവനും ഭാര്യയോടു സത്യസന്ധനായിരിക്കണമെന്നു മോഹനദാസിനു നിർബന്ധം ഉണ്ടായിരുന്നു. അതുപോലെ സത്യസന്ധയായിരിക്കാം എന്നു പ്രതിജ്ഞ ചെയ്യുവാൻ ഭാര്യയോടു മോഹനദാസ് ആവശ്യപ്പെട്ടു. ആ ഉറക്കറ വിട്ട് അവൾ പുറത്തു പോകുവാൻ പാടില്ല എന്ന് ആജ്ഞാപിച്ചു. അങ്ങനെ ആ മുറിക്കുള്ളിൽ തന്നെ അവളെ ഒരു തടവുകാരി ആക്കുവാൻ ശ്രമിച്ചു. ഉടൻ തന്നെ കസ്തൂരിബായി കൂട്ടുകാരേയും വിളിച്ചുകൊണ്ട് ഉദ്യാനത്തിലെ അമ്പലത്തിൽ പോയി. അങ്ങനെ ഭർത്താവിന്റെ ആജ്ഞയെ ധിക്കരിച്ചു. ഈ മാതിരി ധിക്കാരങ്ങൾ പ്രവൎത്തിക്കുവാനുള്ള ഒരു പെൺകുട്ടിയല്ല അവൾ എന്നു മോഹനദാസ് തീർച്ചയാക്കി. അവരുടേതായ സാമ്രാജ്യത്തിൽ സൎവ്വാധിപതി ആകുവാൻ തന്നെ ആ ബാലൻ തീർച്ചയാക്കി. കോപവും ഭയവും ഉച്ചകോടിയിൽ

എത്തി. ആ കൊച്ചുമനുഷ്യനെ ഒരുതരം ഭ്രാന്തു് ആവേശിച്ചു. താൻ അവളെ ഒരു മാതൃകാഭാൎയ്യയാക്കു മെന്നു കോപാരുണമായ നേത്രങ്ങളോടും, വിറയാൎന്ന ചുണ്ടുകളോടും കൂടി മോഹനദാസ് വീരവാദം ചെയ്തു. ഈ ദൗർബ്ബല്യങ്ങളെല്ലാം കണ്ടു കസ്തൂരിബായി പൊട്ടിച്ചിരിച്ചതേയുള്ളു.

അന്നൊക്കെ മോഹനദാസ് ഒരു ഭീരു ആയിരുന്നു. സൎപ്പങ്ങളെയും പിശാചുക്കളെയും പററി സ്മരിക്കുന്ന മാത്രയിൽ തന്നെ ഭയം കൊണ്ടു ഞെട്ടി വിറച്ചു ചൂളി പ്പോകും. ഭൎത്താവിൻെറ ഭയം കാണുമ്പോൾ ഭയരഹിത ആയ ആ കൊച്ചു ഭാൎയ്യ പരിഹാസത്തോടെ കിലുക്കാം പെട്ടിപോലെ കുടുകുടെച്ചിരിക്കും. ഭയംമൂലം ഉറക്കറ യിൽ രാത്രി മുഴുവനും വിളക്കു കത്തിക്കൊണ്ടിരിക്കണം എന്നു മോഹനദാസിനു നിർബ്ബന്ധം ആയിരുന്നു. കസ്തൂരിബായി വിളക്ക് ഊതിക്കെടുത്തിയിട്ട് ഇരു ളിൽ ഓടി മറയും. ഭയംകൊണ്ടു പിന്തുടരുന്ന ഭൎത്താ വിനെ അവർ നിഷ്പ്രയാസം ഓടി ജയിക്കും.

കസ്തൂരിബായി അസ്വാതന്ത്ര്യതകൾക്കൊന്നും നിരാക്ഷേപം കീഴടങ്ങുന്ന കൂട്ടത്തിൽ ആയിരുന്നില്ല. അങ്ങനെ അവർ തമ്മിൽ ഉരിയാടാതിരിക്കുക സാധാ രണമായി. അവർ ഈ ശാസനകൾ എല്ലാം ലംഘിച്ചി രുന്നതു യാതൊരു ദുരുദ്ദേശത്തോടുകൂടിയും ആയിരു ന്നില്ല. രാത്രിയിൽ ഉറക്കറയിൽവെച്ചു മാത്രമാണു് അവർ തമ്മിൽ കണ്ടുമുട്ടുക എന്നായി.

വർഷാവസാനത്തിൽ മോഹനദാസും ജ്യേഷ്ഠനും പരീക്ഷയിൽ തോററു. രണ്ടുപേരും ശ്രദ്ധവെച്ചു പഠിക്കുവാൻ അച്ഛൻ ആജ്ഞ നല്കി. പുത്ലീബായിയുടെ നിർദ്ദേശപ്രകാരം കസ്തൂരിബായിയെ കുറേക്കാലത്തേക്കു സുദാമാപുരിയിലേയ്ക്കു അയച്ചു. തൻെറ ഭാര്യയെ ക്രമത്തിലധികം വേദനിപ്പിക്കാൻ കഴിഞ്ഞതിൽ മോഹനദാസിന് ആദ്യം സംതൃപ്തിയാണ് ഉണ്ടായതു്. ക്രമേണ ഭാര്യയുടെ വേർപാടിൽ അയാൾക്ക് അസഹനീയമായ ഏകാന്തത അനുഭവപ്പെട്ടു. ദിവസങ്ങൾ വിരസമായി നീങ്ങാൻ തുടങ്ങി. മനസ്സിൻെറ സന്തോഷവും ശാന്തിയും നഷ്ടപ്പെട്ടു. ഏതാനും ദിവസങ്ങൾ അങ്ങനെ ഇഴഞ്ഞിഴഞ്ഞു നീങ്ങി. ഒടുവിൽ കസ്തൂരിബായി ഉടൻതന്നെ മടങ്ങിവരണം എന്നു പറഞ്ഞു മോഹനദാസ് കത്തയച്ചു. വളരെ നേരത്തെ ആലോചനയ്ക്കുശേഷം ഒരു പുതിയ പദ്ധതിയും തയാറാക്കി.

കസ്തൂരിബായിക്ക് അക്ഷരജ്ഞാനമില്ലെന്നു പറഞ്ഞുവല്ലൊ. എഴുത്തിലൊ വായനയിലൊ അവക്കു താത്പര്യം ഉണ്ടായില്ല. അതു, അവരുടെ കുററമല്ല. ആ കാലത്തു സ്ത്രീകളുടെ ഇടയിൽ വിദ്യാഭ്യാസത്തിൻെറ നന്മകളെക്കുറിച്ചു മനസ്സിലാക്കിയവർ ആരുംതന്നെ ഉണ്ടായിരുന്നില്ല. ഈ അവസ്ഥ മോഹനദാസിനെ വല്ലാതെ വേദനിപ്പിച്ചു. പക്ഷേ, അതു കസ്തൂരിബായിയെ അല്പംപോലും നൊമ്പരപ്പെടുത്തിയില്ല. അവരെ വിദ്യ അഭ്യസിപ്പിക്കുവാൻ അദ്ദേഹം അതിരററ

ആഗ്രഹിച്ചു. അവരെ ഒരു മാതൃകാപത്നിയാക്കുക എന്നതായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹവും ആവശ്യവും. "സത്യാന്വേഷണപരീക്ഷകളി"ൽ ഗാന്ധിജി ഇങ്ങനെ എഴുതിയിരിക്കുന്നു:— "നിഷ്കളങ്കമായി ജീവിക്കുവാനും ഞാൻ പഠിച്ചതെല്ലാം പഠിക്കുവാനും അവരുടെ വിചാരവും ജീവിതവും എല്ലാം എൻെറതിനോടു യോജിപ്പിക്കുവാനും അവരെ ശീലിപ്പിക്കണം; ഇതായിരുന്നു എൻെറ അഭിലാഷം. അവക്ക് അങ്ങനെ വല്ല ആഗ്രഹവും ഉണ്ടായിരുന്നുവോ എന്ന് എനിക്കറിഞ്ഞുകൂടാ...............പ്രകൃത്യാ അവർ സാധുവും സ്ഥിരോത്സാഹയും സ്വതന്ത്രബുദ്ധിയും ആണു്."

പ്രേയസിയെ അക്ഷരജ്ഞയാക്കുവാനുള്ള മോഹനദാസിന്റെ ആഗ്രഹത്തിന് അളവില്ലായിരുന്നു. അവക്ക് പഠിത്തത്തിൽ അല്പമെങ്കിലും രസം പിടിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. രാത്രിമാത്രമേ പഠിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. മുതിൎന്നവരുടെ മുൻപിൽ വെച്ചു കസ്തൂരിബായിയെ കാണുവാനോ, അവരോടു സംസാരിക്കുവാനോ ഗാന്ധിക്കു ധൈൎയ്യം വന്നില്ല. രാത്രിയിൽ അവരുടെ ഉറക്കറയിൽ വച്ചായി പഠിത്തം. ഇങ്ങനെ യൗവനദശയിൽ കസ്തൂരിബായിയെ വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള ശ്രമം മിക്കവാറും വിഫലമായി. അവക്ക് സാധാരണ എഴുത്തുകൾ എഴുതുവാനും ലളിതമായ ഗുജറാത്തി വായിച്ചു മനസ്സിലാക്കുവാനും വളരെ പ്രയാസമുണ്ടായിരുന്നു. പിൽക്കാലത്തു യാത്രാവസരങ്ങളിൽ കൂട്ടുയാത്രക്കാർ പുസ്തകങ്ങളും പത്രങ്ങളും

വായിക്കുന്നതു കാണുമ്പോൾ കസ്തൂരിബായിയുടെ ഹൃദയം നൊമ്പരപ്പെടുവാൻ തുടങ്ങും. ഒരിക്കൽ അവർ ഇങ്ങനെ സ്വയം പറഞ്ഞുപോയി:— "എനിക്കും ഇതുപോലെ വായിക്കുവാൻ കഴിഞ്ഞെങ്കിൽ!" അതിനു ശേഷം കുറച്ചുനാൾകൊണ്ടു് അവർ കഴിവുള്ളിടത്തോളം ഗുജറാത്തി പഠിച്ചു. പഠിച്ചതു ഹൃദിസ്ഥമാക്കുകയും ചെയ്തു. ക്ഷീണം തോന്നുമ്പോഴെല്ലാം അവർ കണ്ണടച്ചു ഗീത ഉരുവിടുക പതിവായി. അതു് അവരുടെ ശരീരത്തിനും, മനസ്സിനും, ആത്മാവിനും ആശ്വാസം നല്കി. ഇൻഡ്യയിലേയും മറുനാടുകളിലേയും സംഭവവികാസങ്ങൾ അറിയുന്നതിൽ കസ്തൂരിബായിക്കു താൽപര്യം ജനിച്ചു. ആരെങ്കിലും അവരെ പ്രതിദിനപ്പത്രം വായിച്ചുകേൾപ്പിക്കുക പതിവായി.

---

# IV

## കുട്ടികളുടെ വിദ്യാഭ്യാസം

മോഹനദാസിനും കസ്തൂർബായ്ക്കും അന്നു പതിനാലു വയസ്സാണു്. കസ്തൂർബാ ഗർഭം ധരിച്ചു. വിദ്യാർത്ഥി ആയിരുന്ന മോഹനദാസ് ഇക്കാര്യത്തിൽ വളരെ ലജ്ജിച്ചുപോയി. 1885-ൽ അവർക്കു് ഒരാൺകുട്ടി ജനിച്ചു. ആ കുഞ്ഞിന്റെ ജീവിതം മൂന്നോ നാലോ ദിവസത്തേയ്ക്കു മാത്രമേ നീണ്ടുനിന്നുള്ളു.

അവർക്കു പിൽക്കാലത്തു നാലു പുത്രന്മാരുണ്ടായി. ഹീരലാലും, മണിലാലും, രാമദാസും, ദേവദാസും. പുത്രിമാർ ഉണ്ടായില്ല. അതുകൊണ്ടു് ജീവിതകാലം മുഴുവനും കസ്തൂർബായുടെ ഹൃദയം വളരെ വേദനിച്ചിരുന്നു. അവർ സ്വന്തം കുഞ്ഞുങ്ങളെ മാത്രമല്ല സ്നേഹിച്ചതു്; എല്ലാം കുട്ടികളേയും വത്സലയായ ഒരമ്മ എന്നപോലെ ഓമനിച്ചിരുന്നു. മാതൃത്വം ആണു മറെറല്ലാ ഗുണങ്ങളേയുംകാൾ ആ മഹതിയിൽ തെളിഞ്ഞു ശോഭിച്ചിരുന്നതു്. കുറച്ചുകൂടി പ്രായം ആയപ്പോൾ അവർ ഗാന്ധിജിയുടെ ആശ്രമത്തിലെ അന്തേവാസികളുടെ എല്ലാം അമ്മയായി. എല്ലാവരും സ്നേഹനിധിയായ ആ മാതാവിനെ ആരാധിച്ചു. അവരുടെ പുത്രന്മാരിൽ മണിലാലും ദേവദാസും മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളൂ.*

ഈ കുട്ടികളുടെയെല്ലാം ബാല്യകാലം ആഫ്രിക്കയിലാണു കഴിഞ്ഞതു്. ഹീരലാൽ ഒഴിച്ചുള്ള കുട്ടികളെല്ലാം ആശ്രമത്തിലെ വിദ്യാഭ്യാസവും ജീവിതരീതിയുംകൊണ്ടു സംതൃപ്തരായിരുന്നു. ആശ്രമം അവരുടെ വിദ്യാലയവും ഗാന്ധിജി ഗുരുനാഥനും. അദ്ദേഹം കുട്ടികളെ സ്കൂളിലോ, കാളേജിലോ അയച്ചു പഠിപ്പിച്ചില്ല. ചെറിയ കുട്ടികളെ അച്ഛനമ്മമാരിൽനിന്നും അകററുവാൻ പാടില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. പ്രകൃത്യാതന്നെ ഗൃഹത്തിൽനിന്നും

* ശ്രീ. മണിലാൽഗാന്ധി 4-4-1956 ൽ തെക്കെ ആഫ്രിക്കയിൽ ഫിനിക്സിലുള്ള അദ്ദേഹത്തിന്റെ വസതിയിൽവച്ചു നിര്യാതനായി.

34499

കുട്ടികൾക്കു ലഭിക്കുന്ന അച്ചടക്കമുള്ള വിദ്യാഭ്യാസം ഒരു കാലത്തും ഹോസ്റ്റലിൽ താമസിച്ചു പഠിച്ചാൽ ലഭിക്കയില്ല എന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. അദ്ദേഹം എപ്പോഴും കുട്ടികളെ തന്നോട് ഒരുമിച്ചുതന്നെ താമസിപ്പിച്ചു. ഹീരലാലിനെ ഇൻഡ്യയിൽ ഒരു ഹോസ്റ്റലിൽ താമസിപ്പിച്ചു പഠിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ കുറച്ചു മാസങ്ങൾക്കുശേഷം അയാളെ തിരിയെ വിളിച്ചു. കുറെ പ്രായമായശേഷം ഹീരലാൽ അഹമ്മദബാദിലെ ഒരു ഹൈസ്കൂളിൽ കുറച്ചു കാലം പഠിച്ചു കുട്ടികളുടെ വിദ്യാഭ്യാസത്തെപ്പററി ഗാന്ധിജി ആത്മകഥയിൽ ഇങ്ങനെ എഴുതുന്നു:—

KOTTAYAM PUBLIC LIBRARY KOTTAYAM

"......ഞാനവരെ പബ്ലിക്ക് സ്കൂളിലയച്ചു പഠിപ്പിച്ചിരുന്നു എങ്കിൽ [illegible]ങ്ങളിൽനിന്നോ അച്ഛനമ്മമാരുമായുള്ള നിത്യസഹവാസത്തിൽനിന്നോ മാത്രം ലഭിക്കുവാൻ കഴിയുന്ന പരിശീലനം അവർക്കു നഷ്ടമാകുമായിരുന്നു. മാത്രമല്ല, അവരുടെ ജീവിതഗതിയെക്കുറിച്ചുള്ള ആശങ്കയിൽനിന്നും ഇന്നത്തെപ്പോലെ ഞാൻ ഒരിക്കലും സ്വതന്ത്രനാകുമായിരുന്നുമില്ല. അവരെ എന്നിൽനിന്നും അകററി ഇംഗ്ലണ്ടിലോ തെക്കെ ആഫ്രിക്കയിൽ തന്നെയോ, വിദ്യാഭ്യാസം ചെയ്യിച്ചിരുന്നു എങ്കിൽ അവർക്കു ലഭിക്കുമായിരുന്ന അസ്വാഭാവികമായ വിദ്യാഭ്യാസം അവരുടെ ജീവിതത്തിൽ ഇന്നു കാണുന്ന അനാഡംബരതയും സേവനതത്പരതയും ഒരു കാലത്തും വളർത്തുമായിരുന്നില്ല.

[illegible stamp]


അവരുടെ അസ്വാഭാവികമായ ജീവിതരീതികൾ എന്റെ പൊതുപ്രവർത്തനത്തിനു വലിയ പ്രതിബന്ധമായും ഭവിച്ചേനെ. എനിക്കും കുട്ടികൾക്കും തൃപ്തിയാകത്തക്ക വണ്ണം സാഹിത്യപരമായ വിദ്യാഭ്യാസം അവക്കു നല്കാൻ കഴിഞ്ഞില്ല എങ്കിലും, കഴിഞ്ഞുപോയ കാലങ്ങളിലേയ്ക്കു തിരിഞ്ഞു നോക്കുമ്പോൾ എന്റെ കഴിവുകളുടെ അങ്ങേഅററംവരെ ഞാൻ എന്റെ ധമ്മം നിറവേററി എന്നു് എനിക്കു് ആശ്വാസം തോന്നുന്നു. അവരെ പബ്ളിക്കു് സ്കൂളിലയച്ചു പഠിപ്പിച്ചില്ലല്ലോ എന്നു ഞാൻ പശ്ചാത്തപിക്കുന്നുമില്ല."

"എന്റെ പരീക്ഷണങ്ങളുടെ ലക്ഷ്യമായ ഫലം കാണാനിരിക്കുന്നതേ ഉള്ളു. ഈ വിഷയത്തെക്കുറിച്ചു ഞാൻ ഇവിടെ പ്രതിപാദിക്കുന്നതു ഗൃഹത്തിൽനിന്നു കിട്ടുന്ന അച്ചടക്കമുള്ള വിദ്യാഭ്യാസത്തിന്റേയും സ്കൂളിൽനിന്നു ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റേയും വ്യത്യാസത്തെപ്പററി നാഗരികതയുടെ ചരിത്രം പഠിക്കുന്ന ഒരു വിദ്യാർത്ഥിക്കു സാമാന്യമായി ഒരു ബോധം ഉണ്ടാക്കുവാൻ ആണു്. മാത്രമല്ല, അച്ഛനമ്മമാരുടെ ജീവിതത്തിൽ അവർ വരുത്തുന്ന മാററങ്ങൾ കുട്ടികളിൽ എങ്ങനെ ഫലിക്കും എന്നു ഉദ്ബോധിപ്പിക്കുന്നതിനും കൂടി ആണു്."

വിദ്യാഭ്യാസത്തെക്കുറിച്ചു ഗാന്ധിജിക്കുള്ള അഭിപ്രായങ്ങൾ ഹീരലാലിനു് ഒരു കാലത്തും സമ്മതമായില്ല.

കുട്ടിക്കാലത്തിലേ ഉണ്ടായ ഈ അഭിപ്രായവ്യത്യാസം പിൽക്കാലത്തു് ഒരുതരം ശത്രുതയായി മാറി.

ഹീരലാലിനു പതിനഞ്ചോ പതിനാറോ വയസ്സ് ഉള്ളപ്പോൾ അയാൾ ഗുലാബ എന്ന ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചു എന്ന വാർത്തയാണ് ഒരു ദിവസം ഗാന്ധിജി കേട്ടതു്. അപ്പോൾ അദ്ദേഹത്തിനുണ്ടായ കോപം എത്രയെന്നു പറയുവാൻ വയ്യ. ഹീരലാലിനും വധുവിനും ആശ്രമത്തിൽ താമസിക്കുവാൻ അനുവാദം നല്കിയില്ല.

ഈ കാലത്തുതന്നെ ആ ദമ്പതികൾക്കു് ഒരു പെൺകുഞ്ഞു ജനിച്ചു. പിതാമഹിയുടെ പ്രതാപം ഭാവിക്കുവാനും, അതിലുള്ള ചാരിതാർത്ഥ്യം അനുഭവിച്ചു കോൾമയിർക്കൊള്ളുവാനും കസ്തൂർബായ്ക്കു് അവസരം ലഭിച്ചില്ല. ഭർത്താവിൻെറ കോപാഗ്നിയുടെയും പുത്രൻെറ അകാരവർഷങ്ങളുടെയും നടുവിൽ കസ്തൂർബായുടെ കരൾ നൊന്തു പിടഞ്ഞുകൊണ്ടിരുന്നു. അച്ഛനും മകനും പഴയതുപോലെ രമ്യതയിൽ കഴിയുന്നതു കാണുവാൻ അവർ കൊതിച്ചു. സഹജമായ വിവേകത്താൽ ബാ ഒരു പരിഹാരം കണ്ടുപിടിക്കുകയും ചെയ്തു.

ഹീരലാലും കുടുംബവും ആശ്രമത്തിൽ വന്നു താമസിക്കുവാൻ ബാ അവരെ വല്ലവിധത്തിലും പറഞ്ഞു സമ്മതിപ്പിച്ചു. ഹീരലാലിൻെറ വിദ്യാഭ്യാസത്തിലുള്ള ആഗ്രഹവും പ്രതീക്ഷയും അസ്തമിച്ചിരുന്നില്ല.

ഗുലാബ നൂല് നൂല്ക്കുവാനും കൃഷിപ്പണി ചെയ്യുവാനും, ആശ്രമത്തിലെ മററു ജോലികൾ ചെയ്യുവാനും ശീലിച്ചു. അങ്ങനെ ക്രമേണ ഗുലാബയും മകളും ഏകാന്തതകളിൽ ഗാന്ധിജിയുടെ വിലപ്പെട്ട കൂട്ടുകാരായിത്തീർന്നു. എങ്കിലും മരുമകളും, കൊച്ചു മകൾ പോലും ആശ്രമനിയമങ്ങൾ വരവണ്ണം തെററാതെ അനുസരിച്ചു ജീവിക്കണം എന്നു ഗാന്ധിജിക്കു വലിയ നിർബന്ധമായിരുന്നു. ആശ്രമ നിയമങ്ങൾ നെല്ലിടപോലും തെറ്റിക്കുന്നത് അദ്ദേഹം സഹിക്കുകയില്ല. താൻ വിഭാവനംചെയ്യുന്ന ആദർശ ജീവിതത്തിൻെറ പരിപൂർണ്ണഭാവം തൻെറ കുടുംബാംഗ ങ്ങളിൽ ദർശിക്കണം എന്നായിരുന്നു ഗാന്ധിജിയുടെ ഹൃദയത്തിൻെറ അടിത്തട്ടിൽ നാമ്പെടുത്തു നിന്ന അഭിലാഷം. കസ്തൂർബാ വളരെ നേരത്തേ തന്നെ ഈ രീതികളെല്ലാം അഭ്യസിച്ചു കഴിഞ്ഞിരുന്നു.

1918-ൽ ഗുലാബ പകർച്ച വ്യാധി പിടിപെട്ടു മരിച്ചു. ഗാന്ധിജി ഗുലാബയുടെ കുട്ടികളെയെല്ലാം ആശ്രമത്തിൽ കസ്തൂർബായുടെ ശിക്ഷണത്തിൽ വളർത്തി. അനാഥരായ ആ കുട്ടികളെ ഗാന്ധിജി നൂല് നൂല്ക്കുവാനും മററും പഠിപ്പിച്ചു. ക്രമേണ മുത്തച്ഛൻെറ ജീവിതത്തിൽ ആ പിഞ്ചു പൈതങ്ങൾ അനല്പമായ സന്തോഷം ഉളവാക്കി.

കുറച്ചു കാലത്തിനുശേഷം ഹീരലാൽ വീണ്ടും അച്ഛനോടു പിണങ്ങി, അച്ഛനമ്മമാരെയും ആശ്രമ ത്തെയും എന്നെന്നേയ്ക്കുമായി ഉപേക്ഷിച്ചു പോയി.

യാതൊരു ജീവിതോദ്ദേശ്യവുമില്ലാതെ അലഞ്ഞുതിരിഞ്ഞു നടന്നു. അയാളുടെ പ്രവൃത്തികൾ എല്ലാം ഗാന്ധിജിയുടെ ആദർശങ്ങൾക്കു വിരുദ്ധമായിരുന്നു. പുത്രൻ പിതാവിനെ അങ്ങേഅററം വെറുത്തു, എങ്കിലും അയാൾക്കു് അമ്മയോടുള്ള സ്നേഹത്തിനു യാതൊരു കുറവും ഉണ്ടായില്ല.

---

## V

## പരിശീലനം

ഗാന്ധിജി രാജകോട്ടിൽ ജ്യേഷ്ഠനോടൊപ്പം വക്കീൽപ്പണിയിൽ ഏർപ്പെട്ടിരുന്ന കാലമാണതു്. അദ്ദേഹം വക്കീൽപ്പണി ഇഷ്ടപ്പെട്ടില്ല. അങ്ങനെയിരിക്കെ സുദാമാപുരിയിലെ ഒരു മുസ്ലീം കച്ചവടക്കമ്പെനിയിൽനിന്നു ഗാന്ധിജിക്കു് ഒരു ക്ഷണം ലഭിച്ചു. ആഫ്രിക്കയിൽ ഒരു വലിയ കേസു നടത്തുന്നതിനായിരുന്നു അവരുടെ ക്ഷണം. അതു സ്വീകരിച്ചു് അദ്ദേഹം 1893-ൽ തെക്കെ ആഫ്രിക്കയിലേയ്ക്കു പോയി. ഭാര്യയെ പിരിഞ്ഞു പോകാൻ ഗാന്ധിജിക്കു വളരെ വ്യസനം തോന്നി. എങ്കിലും തനിയെ പോകേണ്ടിവന്നു. കസ്തൂർബാ ഭർത്തൃവിരഹിതയായിക്കഴിഞ്ഞു. മൂന്നുവർഷംകഴിഞ്ഞു ഗാന്ധിജി ഇൻഡ്യയിൽ തിരിച്ചെത്തി. ഈ അവസരത്തിൽ ആഫ്രിക്കയിലെ ഇൻഡ്യാക്കാരുടെ സ്ഥിതിയെ

പ്പററി അദ്ദേഹം ഒരു ലഘുപത്രിക പ്രസിദ്ധപ്പെടുത്തി. നേററാളിലെ ഇൻഡ്യാക്കാരുടെ നേരെ വെള്ളക്കാർ പെരുമാറിവന്ന രീതിയെക്കുറിച്ചെഴുതിയ ഒരു വിജ്ഞാപനമായിരുന്നു അതു്. ഈ പ്രസിദ്ധീകരണത്തിൻെറ പ്രത്യാഘാതങ്ങൾ പിൽക്കാലത്തു നേറ്റാളിൽ പ്രത്യക്ഷപ്പെട്ടു.

ഗാന്ധിജി കുറെക്കാലം ഇൻഡ്യയിൽ കഴിച്ചുകൂട്ടി. എന്നാൽ പെട്ടെന്നുതന്നെ ആഫ്രിക്കയിലേയ്ക്കു മടങ്ങണമെന്നു കമ്പി കിട്ടി. ദാദാ അബ്ദുള്ള ആൻറു് കമ്പനിയുടെ 'ക്വർലണ്ടു്' എന്ന കപ്പലിൽ അദ്ദേഹം കുടുംബസഹിതം ആഫ്രിക്കയിലേയ്ക്കു പുറപ്പെട്ടു.

കസ്തൂർബായുടെ ആദ്യത്തെ കപ്പൽയാത്രയായിരുന്നു ഇതു്. നേററാളിൽനിന്നു നാലുദിവസത്തെ ദൂരം എത്തിയപ്പോൾ കടലിൽ ഭയങ്കരമായ കോളിളക്കം ഉണ്ടായി. എങ്കിലും ക്രമേണ, കൊടുങ്കാററു നീങ്ങി. കപ്പൽ സുഖമായി ഡർബ്ബാൻ തുറമുഖത്തെത്തി. ആഫ്രിക്കയിൽ ചെന്നാൽ ഭാര്യയുടെയും കുട്ടികളുടെയും വേഷവിധാനം ഏതു രീതിയിൽ ആയിരിക്കണമെന്നു ഗാന്ധിജി നേരത്തേ ആലോചിച്ചു തീർച്ചയാക്കിയിരുന്നു. അവരെല്ലാം പാർസി സമ്പ്രദായം സ്വീകരിച്ചു. പാർസി സാരി കസ്തൂർബായ്ക്കു തീരെ ഇഷ്ടമായില്ല. എന്നും എല്ലാ കാര്യത്തിലും ഭർത്താവിൻെറ ഹിതം അനുസരിക്കുന്ന കസ്തൂർബാ ഈ അവസരത്തിലും അപ്രിയമൊന്നും കാണിച്ചില്ല.

ഗാന്ധിജി ഡർബ്ബാനിലായിരുന്ന കാലത്തു സ്വന്തം ഗുമസ്തന്മാർ പലരും അദ്ദേഹത്തോടുകൂടിത്തന്നെയാണു താമസിച്ചിരുന്നതു്. അവരിൽ പല ദേശക്കാരും, പല ഭാഷക്കാരും, പല മതക്കാരും ഉണ്ടായിരുന്നു. കുടുംബത്തിലെ അംഗങ്ങളോടെന്നപോലെ ഗാന്ധിജി അവരോടു പെരുമാറി. അതിന് എപ്പോഴെങ്കിലും ഭാര്യ തടസ്സമായാൽ ഗാന്ധിജി ശണ്ഠകൂടുമായിരുന്നു. ഗുമസ്തന്മാരിലൊരാൾ അധഃകൃത ക്രിസ്ത്യാനിയായിരുന്നു. വീടു പാശ്ചാത്യരീതിയിൽ പണിചെയ്തിരുന്നതിനാൽ മുറികളിൽ ഓവു വെച്ചിരുന്നില്ല. അതുകൊണ്ടു് അവിടെ ഓരോരുത്തരുടേയും മുറിയിൽ മൂത്രവിസർജ്ജനത്തിനായി ഓരോ പാത്രം വെച്ചിരുന്നു. ഈ പാത്രങ്ങൾ വേലക്കാരെക്കൊണ്ടു് എടുപ്പിക്കുന്നതിനുപകരം ഗാന്ധിജിയോ ഭാര്യയോ ആണു് എടുത്തു മാറ്റിവന്നതു്. കുടുംബത്തിലെ അംഗങ്ങളെന്ന നിലയിൽ ഗുമസ്തന്മാരെല്ലാം ക്രമേണ സ്വന്തം മുറികളിലെ പാത്രങ്ങൾ തന്നിയേ വൃത്തിയാക്കി വെയ്ക്കുക പതിവായി. എന്നാൽ ക്രിസ്ത്യാനി ഗുമസ്തൻ പുതിയ ഒരാളായിരുന്നതിനാൽ അയാളുടെ മുറി ശുചിയാക്കി വെയ്ക്കേണ്ടതു ഗാന്ധിജിയുടേയും കസ്തൂർബായുടേയും മുറയായി. മററുള്ളവരുടെ പാത്രങ്ങൾ വൃത്തിയാക്കുന്നതിൽ കസ്തൂർബാ വൈമുഖ്യം പ്രകടിപ്പിച്ചില്ല. എന്നാൽ പഞ്ചമനായ ഒരാൾ ഉപയോഗിച്ച പാത്രം കൂടെ താൻ വൃത്തിയാക്കണമോ? അവരുടെ ക്ഷമയുടെ നെല്ലിപ്പലക കണ്ടു. ആ കാര്യത്തിൽ അവർ തമ്മിൽ പിണങ്ങി. പാത്രം ഗാന്ധിജി എടുത്തു വൃത്തിയാക്കുന്നതു

അവക്ക് സഹിച്ചുകൂടാ. തനിയെ ചെയ്യാൻ ഇഷ്ടവുമില്ല. കസ്തൂർബാ ഗാന്ധിജിയെ കുററപ്പെടുത്തിക്കൊണ്ടു് കണ്ണും ചുവപ്പിച്ചു കവിൾത്തടങ്ങളിലൂടെ കണ്ണുനീരൊഴുക്കിക്കൊണ്ടു കൈയിൽ പാത്രവുമായി മുകൾത്തട്ടിൽ നിന്നും ഇറങ്ങിവന്നു. ഗാന്ധിജി എപ്പോഴും താൻ കസ്തൂർബായുടെ ഗുരുനാഥനാണെന്നു ഭാവിച്ചുവന്നു. പാത്രം അവർ എടുത്തു വൃത്തിയാക്കുന്നതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെട്ടില്ല. അതു സന്തോഷത്തോടുകൂടി ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിൻെറ നിർബന്ധം. അതുകൊണ്ടു് അദ്ദേഹം കുപിതനായി ശബ്ദം ഉയർത്തി ഇങ്ങനെ പറഞ്ഞു:—“ഇത്തരം അസംബന്ധമൊന്നും എൻെറ വീട്ടിൽ പററില്ല.”

ഈ വാക്കുകൾ ശരം കണക്കെ അവരുടെ ഹൃദയത്തിൽ തുളച്ചു കയറി. “നിങ്ങളുടെ വീടു് നിങ്ങൾക്കു് തന്നെ ഇരിക്കട്ടെ, ഞാൻ പൊയ്ക്കൊള്ളാം!” എന്നു് അവർ മറുപടി പറഞ്ഞു. ആ നിമിഷത്തിൽ ഗാന്ധിജി തന്നെത്താൻ മറന്നുപോയി എന്നു പറയാം. അദ്ദേഹത്തിൻെറ ഹൃദയത്തിൽ കരുണയുടേയും വിവേകത്തിൻേറയും ഉറവു വററിപ്പോയി. അദ്ദേഹം കസ്തൂർബായുടെ കൈയ്ക്കു കടന്നുപിടിച്ചു. നിസ്സഹായയായ ആ സ്ത്രീയെ കോണിപ്പടിക്കു നേരെ മുമ്പിലുണ്ടായിരുന്ന വാതിലിന്നടുക്കലേക്കു വലിച്ചു കൊണ്ടുപോയി; പുറത്തു തള്ളാനായി വാതിൽ തുറന്നു. അവരുടെ കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ധാര മുറിയാതെ ഒഴുകി. അവർ ഇങ്ങനെ നിലവിളിച്ചു. “നിങ്ങൾക്കു ലജ്ജയില്ലേ?



ദമ്പതികൾ

ഇത്രത്തോളം മര്യാദ വിട്ടു പ്രവർത്തിക്കാമോ? എവിടേയ്ക്കാണു ഞാൻ പോകേണ്ടതു്? എനിക്കിവിടെ ആശ്രയമായി അച്ഛനമ്മമാരോ ബന്ധുക്കളോ ഇല്ലല്ലോ? നിങ്ങളുടെ ഭാര്യ ആയതുകൊണ്ടു് ഞാൻ നിങ്ങളുടെ കുത്തും ചവിട്ടുമെല്ലാം സഹിച്ചുകൊള്ളണം എന്നാണോ? ഈശ്വരനെ വിചാരിച്ചു മര്യാദ വിടാതിരിക്കൂ! വാതിലടയ്ക്കൂ! നാം ഇങ്ങനെ കലഹിക്കുന്ന കാഴ്ച ആരും കാണാതിരിക്കട്ടെ!" ഗാന്ധിജി വളരെ ലജ്ജിച്ചുപോയി. അദ്ദേഹം വാതിലടച്ചു.

---

## VI

## ത്യാഗത്തിലേയ്ക്കു്

ഗാന്ധിജി കുടുംബസഹിതം ആഫ്രിക്കയിൽ ഒൻപതുവർഷക്കാലം താമസിച്ചു. ഈ ഘട്ടത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന പല സംഭവങ്ങളും ഉണ്ടായി. അവിടത്തെ ഇൻഡ്യാക്കാർ ഗാന്ധിജിയുടെ നേതൃത്വത്തിൽ വെള്ളക്കാർക്കെതിരായി അണിനിരന്നു. ഇതുവരെ തെക്കേ ആഫ്രിക്കയിൽ നേററാളുമായി മാത്രമേ ഗാന്ധിജിക്കു ഗാഢമായ ബന്ധം ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അദ്ദേഹം തെക്കേ ആഫ്രിക്കയിലെ ഇൻഡ്യാക്കാർക്കെല്ലാം ഒന്നുപോലെ പ്രിയപ്പെട്ട നേതാവായിക്കഴിഞ്ഞിരിക്കുന്നു. അവർ അദ്ദേഹത്തെ പ്രേമ

മൃതത്തിൽ ആറാടിച്ചു. അവിടത്തെ സമരം അവസാനിച്ചതോടുകൂടി തൻെറ പ്രവൃത്തിമണ്ഡലം ഇനിമേൽ ഇൻഡ്യയാണെന്ന ഗാന്ധിജിക്കു തോന്നി. എല്ലായിടത്തും ഗാന്ധിജിയെ യാത്ര അയയ്ക്കുവാൻ ഗംഭീരസമ്മേളനങ്ങൾ കൂടി. നേററാളിലെ ആളുകൾ സമ്മേളനസ്ഥലങ്ങളിൽ വെച്ചെല്ലാം അദ്ദേഹത്തിനു വിലയേറിയ ഉപഹാരങ്ങൾ സമർപ്പിച്ചു.

ഇൻഡ്യാക്കാർ സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും ഉള്ള പല കൗതുകസാധനങ്ങളും ഗാന്ധിജിക്കു നല്കി. വിലയേറിയ രത്നങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു. ഈ ഉപഹാരങ്ങൾ സ്വീകരിക്കുമ്പോൾ ഗാന്ധിജിക്കുണ്ടായ വിചാരങ്ങൾ അദ്ദേഹം പകർത്തിയിട്ടുണ്ട്. "ഈ സമ്മാനങ്ങളെല്ലാം സ്വീകരിക്കുവാൻ എനിക്കെന്തവകാശമാണുള്ളതു്? അവ സ്വീകരിച്ചാൽ പ്രതിഫലം കൂടാതെയാണു് സമുദായസേവനം ചെയ്യുന്നതെന്നു് എനിക്കെങ്ങനെ അഭിമാനിക്കാൻ കഴിയും?"

വളരെ വിലപിടിപ്പുള്ള ഒരു രത്നഹാരം കസ്തൂർബായ്ക്കു ലഭിച്ചു. ഗാന്ധിജിയുടെ പത്നിയെന്ന നിലയ്ക്കാണല്ലോ അവർക്കു അതു ലഭിച്ചതു്. അതുകൊണ്ടു് ആ ഹാരം മററു സമ്മാനങ്ങളിൽ നിന്നും വേർതിരിക്കുവാൻ കാരണമില്ല. ഇങ്ങനെ ആയിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. ഏററവും അധികം സമ്മാനങ്ങൾ ലഭിച്ച ദിവസം രാത്രി ഗാന്ധിജിക്കു് ഉറക്കം വന്നില്ല.

KOTTAYAM PUBLIC LIBRARY KOTTAYAM.

ആ രാത്രി മുഴുവൻ അവയുടെ സ്വീകാൎയ്യതയെപ്പററി അദ്ദേഹം ഗാഢമായി ചിന്തിക്കുകയായിരുന്നു. വളരെ അധികം ചിന്തിച്ചശേഷം സേവനത്തിൻെറ പ്രതിഫലം സേവനം തന്നെ എന്ന തീരുമാനത്തിൽ അദ്ദേഹം എത്തിച്ചേൎന്നു.

ഗാന്ധിജിയുടെ ഗൃഹത്തിൽ യാതൊരു ആഭരണവും ഉണ്ടായിരുന്നില്ല. ഓരോ ദിവസം കഴിയുന്തോറും ജീവിതത്തെ കൂടുതൽ കൂടുതൽ ലഘുവാക്കുന്നതിനായിരുന്നു അദ്ദേഹത്തിൻെറ ശ്രമം. സമ്മാനമായി ലഭിച്ച ആഭരണങ്ങളുടെ കാൎയ്യത്തിൽ അദ്ദേഹം ഭാൎയ്യയും കുട്ടികളുമായി ഒരു കൂടിയാലോചന തന്നെ നടത്തി. സമ്മാനങ്ങൾ ദാതാക്കൾക്കു മടക്കിക്കൊടുക്കണം എന്ന അഭിപ്രായത്തോടു കുട്ടികൾ പൂൎണ്ണമായി യോജിച്ചു. അവർ സന്തോഷത്തോടുകൂടി ഇങ്ങനെ പറഞ്ഞു:—"ഈ വിലയേറിയ സമ്മാനങ്ങൾ ഞങ്ങൾക്കാവശ്യമില്ല........". എന്നാൽ കസ്തൂർബാ ഈ അഭിപ്രായത്തോടു യോജിച്ചില്ല. അവർ ഇങ്ങനെ പറഞ്ഞു:— "നിങ്ങൾക്കു് ആഭരണങ്ങൾ ആവശ്യമില്ലായിരിക്കാം. നിങ്ങളുടെ കുട്ടികൾക്കും ആവശ്യമില്ല. അവർ നിങ്ങളുടെ താളത്തിനൊത്തു തുള്ളിക്കൊള്ളും. ആഭരണങ്ങൾ ധരിക്കുവാൻ എന്നെ നിങ്ങൾ അനുവദിക്കാത്തതിൻെറ ന്യായവും എനിക്കു മനസ്സിലാക്കാം. എന്നാൽ നമ്മുടെ കുട്ടികളുടെ ഭാൎയ്യമാരുടെ കഥയെന്താണു്? അവൎക്കു് ആഭരണങ്ങൾ തീൎച്ചയായും ആവശ്യമായിരിക്കും. അതു മാത്രമല്ല,

ങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്നു് ആക്ക് അറി യാം? ഇത്ര സ്നേഹപൂവ്വം നല്കപ്പെട്ട സമ്മാനങ്ങൾ മടക്കിക്കൊടുക്കുവാൻ എനിക്കു് ഒരിക്കലും ഇഷ്ടമില്ല." ഇങ്ങനെ കസ്തൂർബാ തൻെറ വാദം ധാര മുറിയാതെ ചൊരിഞ്ഞു. കൂടാതെ ഗാന്ധിജി കുട്ടികളെ എല്ലാം സന്ന്യാസിമാരാക്കുകയാണു് എന്നുള്ള പ്രതിഷേധവും ഉയൎന്നു. കസ്തൂർബായുടെ വാദങ്ങൾ എന്തെല്ലാ മായാലും ആഭരണങ്ങൾ മടക്കിക്കൊടുക്കുവാൻ തന്നെ ഗാന്ധിജി തീച്ചപ്പെടുത്തി. ഒരു കണക്കിൽ കസ്തൂർ ബായുടെ സമ്മതം നേടാൻ കഴിഞ്ഞു. സമ്മാനങ്ങളെ ല്ലാം മടക്കിക്കൊടുത്തു. ആ പ്രവൃത്തിയുടെ ഔചിത്യം കാലക്രമത്തിൽ കസ്തൂർബായ്ക്കും ബോദ്ധ്യമായി. ഒരു പൊതുപ്രവത്തകൻ ഒരിക്കലും വിലപിടിച്ച സമ്മാന ങ്ങൾ സ്വീകരിക്കുവാൻ പാടില്ല എന്നാണു് ഗാന്ധിജി യുടെ ഉറച്ച നില. കുറെക്കൂടി ചിന്തിച്ചപ്പോൾ കസ്തൂർബാ അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ പൂൎണ്ണ മായി എത്തിച്ചേൎന്നു.

## VII
## ഫിനിക്സ് ആശ്രമം

ഗാന്ധിജി 1904-ൽ ഫിനിക്സ് ആശ്രമം സ്ഥാ പിച്ചു. ആ കാലത്തു് അദ്ദേഹത്തിൻെറ പത്രാധിപ ത്യത്തിൽ "ഇൻഡ്യൻ ഒപ്പീനിയൻ" എന്ന പത്രം അവിടെനിന്നു പ്രസിദ്ധപ്പെടുത്താൻ തുടങ്ങി.

ഫിനിക്സിലെ അംഗങ്ങളെല്ലാം സ്വാശ്രയശീലമുള്ള വരായിരുന്നു. ആ കാലത്ത് വായിക്കുവാൻ ഇടയായ റസ്കിൻെറ "അണ്ടു ദിസ് ലാസ്റ്റ്" (Unto This Last) എന്ന പുസ്തകം അദ്ദേഹത്തെ അത്യധികം ആകർഷിച്ചു. ആ ഗ്രന്ഥത്തിന്റെ പ്രഭാവമാണ് "ഫിനിക്സ്" സ്ഥാപന ത്തിനു പ്രേരിപ്പിച്ചത്. ആ മഹനീയ ഗ്രന്ഥത്തിൽ താഴെക്കാണുന്ന സിദ്ധാന്തങ്ങൾ ഗാന്ധിജിയുടെ ശ്രദ്ധയെ ബലമായി ആകർഷിച്ചു.

1. വ്യക്തിയുടെ സ്വന്തം നന്മ സമുദായത്തിൻെറ നന്മയിൽ അടങ്ങിയിരിക്കുന്നു.

2. അവരവരുടെ തൊഴിൽകൊണ്ടു് ഉപജീവിക്കു വാൻ എല്ലാവക്കും സമാവകാശം ഉണ്ടു്. ക്ഷുരകൻെറ തൊഴിൽ വക്കീലിൻെറ തൊഴിലിനെപ്പോലെതന്നെ മാന്യതയുള്ളതാണ്.

3. ഏറ്റവും ഉത്തമമായ ജീവിതം ദേഹാദ്ധ്വാനം ചെയ്തുകൊണ്ടുള്ള—അതായത് കർഷകൻേറയും തൊഴി ലാളിയുടേതും ആണ്.

ഈ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് ഫിനി ക്സ് ആശ്രമം സ്ഥാപിച്ചിട്ടുള്ളത്. അനാഡംബരതയും ലാളിത്യവുമാണ് അവിടത്തെ ജീവിതത്തിൻെറ ജീവ തത്തുക്കൾ. അതു് ഒരു കൊച്ചു കൂട്ടുകുടുംബമായിരുന്നു. ഫിനിക്സ് ആഫ്രിക്കയിൽ ഒരു കൊച്ചു ഗ്രാമമായി

വളൎന്നു. അവിടെ എല്ലാവരും കൃഷിജോലികൾ പരിശീലിച്ചു. ക്രമേണ അംഗങ്ങളുടെ എണ്ണം വൎദ്ധിച്ചു. അനവധി കുടുംബക്കാർ അവിടെ താമസമാക്കി.

കസ്തൂർബാ ഫിനിക്സിൽ അവരുടെ കഴിവിൽപ്പെട്ട എല്ലാ ജോലികളും ഉല്ലാസപൂൎവ്വം ചെയ്തു. റൊട്ടിയുണ്ടാക്കുന്നതിനുള്ള കോതമ്പു് മില്ലിൽ പൊടിപ്പിക്കുന്നതിനു പകരം ബായും കുട്ടികളും തനിയേ പൊടിച്ചുണ്ടാക്കുക പതിവായി. ഇൻഡ്യാക്കാരും ഇംഗ്ലീഷുകാരും ആയി പല കുടുംബങ്ങളും അവിടെ താമസമാക്കി. അവിടെ എല്ലാപേരുടെയും സ്നേഹമയിയായ അമ്മ ആയിരുന്നു കസ്തൂർബാ. 'പോളക്കു്' എന്ന ധ്വരയും കുടുംബവും ഫിനിക്സിലെ അന്തേവാസികളിൽ ഉൾപ്പെട്ടിരുന്നു. പ്രശാന്തസുന്ദരമായ ആശ്രമജീവിതത്തെപ്പറ്റി ശ്രീ: പോളക്കു് ഇങ്ങനെ എഴുതുക ഉണ്ടായി:-

"അവിടത്തെ ജീവിതം എനിക്കു ഹൃദ്യമാണു്. എനിക്കും കുടുംബത്തിനും അവിടെ പരിപൂൎണ്ണസുഖമായിരുന്നു. ഞങ്ങൾ സ്വന്തം ഭവനത്തിലെപ്പോലെ സുഖമായും, ശാന്തമായും അവിടെ ജീവിച്ചു."

ഇൻഡ്യാക്കാർ തെക്കെ ആഫ്രിക്കയിൽ കുടിയേറിപ്പാൎക്കുവാൻ തുടങ്ങിയിട്ടു് ഏതാണ്ടു് നാല്പതുകൊല്ലമായി. ഇക്കാലത്തു് ഒരിക്കലും ഇൻഡ്യയിലെ വിവിധമതപ്രകാരമുള്ള ചടങ്ങുകളനുസരിച്ചു നടത്തപ്പെട്ട വിവാഹങ്ങളുടെ സാധുതയെ, ആഫ്രിക്കയിലെ ബ്രിട്ടീഷ് അധി

കാരികൾ ചോദ്യം ചെയ്തിരുന്നില്ല. എന്നാൽ 1913-ൽ ഒരു കേസ്സു സംബന്ധിച്ച് സുപ്രീംകോർട്ടിലെ ജഡ്ജി ഒരു വിധി പുറപ്പെടുവിച്ചു. ഈ വിധിയിൽ ക്രിസ്ത്യൻ ചടങ്ങുകളനുസരിച്ചു നടത്തിയതും, വിവാഹ രജിസ്ട്രാർ രജിസ്റ്റർ ചെയ്തതുമായ വിവാഹങ്ങളൊഴിച്ചു മററുള്ള വിവാഹങ്ങളെല്ലാം നിയമഭ്രഷ്ടങ്ങളാണെന്നു പ്രസ്താവിച്ചു. ഈ പ്രസ്താവം ഒരൊററ തൂലികാചലനംകൊണ്ടു തെക്കെ ആഫ്രിക്കയിലെ ഹിന്ദുക്കളുടെയും, പാർസികളുടെയും മതവിധിപ്രകാരം നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളേയും അസാധുവാക്കി.

ഈ വിവാഹനിയമത്തെപ്പററി കേട്ടപ്പോൾ കസ്തൂരി ബായി ഗാന്ധിജിയോടിങ്ങനെ പറഞ്ഞു:—“അപ്പോൾ ഈ രാജ്യത്തിലെ നിയമം അനുസരിച്ച് ഞാൻ നിങ്ങളുടെ ഭാര്യയല്ല.” ഗാന്ധിജി അതിങ്ങനെ പൂരിപ്പിച്ചു:— “അപ്പോൾ നമ്മുടെ കുട്ടികൾ നമ്മുടെ അവകാശികളുമല്ല.” കസ്തൂർബാ:—“അങ്ങനെയാണെങ്കിൽ നമുക്ക് ഇൻഡ്യയിലേക്കു മടങ്ങിപ്പോകാം.” അങ്ങനെ ചെയ്യുന്നതു ഭീരുത്വം ആണെന്നും അതുകൊണ്ട് ഈ പ്രശ്നത്തിന്ന് പരിഹാരമാവുകില്ല, ഒരു സമരംതന്നെ വേണ്ടിവരും എന്നും ഗാന്ധിജി പറഞ്ഞു. “അപ്പോൾ എനിക്കും സമരത്തിൽ പങ്കെടുത്ത് അറസ്ററു വരിക്കാമല്ലോ.” എന്നു കസ്തൂർബാ പറഞ്ഞു. അപ്പോൾഗാന്ധിജി ഇങ്ങനെ തുടന്നു:—“ബായ്ക്ക് അങ്ങനെ ചെയ്യുവാൻ കഴിയും. പക്ഷേ അതത്ര നിസ്സാരമായ കാര്യമല്ല. സമര

സംബന്ധമായുള്ള പ്രയാസങ്ങളെപ്പറ്റി നിങ്ങൾക്ക് അറിഞ്ഞുകൂടാ. സമരത്തിൽ ചേൎന്നശേഷം ക്ഷീണം ബാധിച്ചു പിൻമാറുന്നതു് ആക്ഷേപാൎഹമാണ്." പക്ഷേ കസ്തൂർബായെ തടഞ്ഞു നിറുത്തുക അസാദ്ധ്യമായിരുന്നു. ഫിനിക്സിലെ മററു സ്ത്രീകളും ബായോടു യോജിച്ചു.

തെക്കേ ആഫ്രിക്കയിലെ വിവാഹിതകളായ സ്ത്രീകൾക്ക പുതിയ വിവാഹനിയമം അനുസരിച്ച് അവരുടെ ഭാൎയ്യാസ്ഥാനം നഷ്ടപ്പെട്ടു. അവരുടെ സന്താനങ്ങൾക്ക പിതാവില്ലാതായി; പിതാവിന്റെ സ്വത്തിന് അവകാശമില്ലാതെയുമായി. സ്ത്രീകളോടു ചെയ്ത ഈ അവമാനത്തിന്റെ മുൻപിൽ ക്ഷമിച്ചിരിക്കുവാൻ അവിടത്തെ ഇൻഡ്യാക്കാൎക്കു കഴിഞ്ഞില്ല. അവർ സമരത്തിനു സന്നദ്ധരായി.

പുരുഷന്മാരോടൊപ്പം സ്ത്രീകളും സമരാങ്കണത്തിൽ അണിനിരന്നു. ഗാന്ധിജി ഫിനിക്സിലെ സ്ത്രീകളോടു സമരപരിപാടിയെപ്പറ്റി വിവരിച്ചു. അതു അറിഞ്ഞിട്ട് കസ്തൂർബാ അദ്ദേഹത്തോടിങ്ങനെ പറഞ്ഞു:—

"നിങ്ങൾ ഈ സംഗതിയെപ്പററി എന്നോടു പറയാതിരുന്നതു് എന്തുകൊണ്ടാണ്? അങ്ങ് മററുള്ളവരെ ഏതു മാൎഗ്ഗത്തിലേയ്ക്കാണോ ക്ഷണിക്കുന്നതു് ആ മാൎഗ്ഗം കൈക്കൊള്ളുവാൻ ഞാനും ആഗ്രഹിക്കുന്നു."

"നിങ്ങൾക്കു വേദനയുണ്ടാക്കുവാൻ ഞാൻ തെല്ലും ആഗ്രഹിക്കുന്നില്ലെന്നു് അറിയാമല്ലോ." എന്നായിരുന്നു ഗാന്ധിജിയുടെ മറുപടി. "എനിക്കു നിങ്ങളിൽ യാതൊരു അവിശ്വാസവുമില്ല. നിങ്ങൾ ജയിലിൽ പോകുന്നതിൽ എനിക്കു സന്തോഷമേ ഉള്ളു. പക്ഷേ എന്റെ ആവശ്യ പ്രകാരം ആണു നിങ്ങൾ ജയിലിൽ പോയതെന്നു് ഒരിക്കലും തോന്നരുതു്. ഇത്തരം കാര്യങ്ങളിൽ ഓരോരുത്തരും അവനവന്റെ സ്വന്തം ശക്തിയേയും ധൈര്യത്തേയും ആണു് ആധാരമാക്കേണ്ടതു്." എന്നു് അദ്ദേഹം തുടർന്നു പറഞ്ഞു "മറേറതൊരു സ്ത്രീയെയുംപോലെ ഞാനും അങ്ങയെ പിൻതുടരും. അതു നിശ്ചയിച്ചു കഴിഞ്ഞു. അങ്ങയ്ക്കോ എനിക്കോ ലജ്ജാകരമായ യാതൊന്നും ഞാൻ ചെയ്യുകയില്ല.—" ഇതായിരുന്നു കസ്തൂർബായുടെ ധീരമായ വാദഗതി.

അങ്ങനെ കസ്തൂർബായും പ്രിയതമനോടൊപ്പം ജയിലഴികൾക്കുള്ളിലായി. അവർ ഗാന്ധിജിക്കുവേണ്ടി ജയിലിൽ ജീവിച്ചു. ജയിലിലും പടക്കളത്തിലും സുഖത്തിലും ദുഃഖത്തിലും എല്ലാം ഗാന്ധിജിയുടെ നിഴലുപോലെ ബായെക്കാണാം. അദ്ദേഹത്തിന്റെ പ്രവൃത്തികളിൽ പങ്കുചേരാത്തിടത്തോളം കാലം സന്തോഷമായിരിക്കുവാൻ കഴിയുകയില്ലെന്നു് അവർക്കു തോന്നി.

1906-ൽ ഗാന്ധിജി ബ്രഹ്മചര്യവ്രതം അംഗീകരിച്ചു. ഏകഭാര്യാവ്രതം അദ്ദേഹം എന്നും ആചരിച്ചിരുന്നു. ബ്രഹ്മചര്യവ്രതം അംഗീകരിക്കുന്നതിനെപ്പറ്റി

മഹാത്മജി വളരെക്കാലം ഗൗരവമായി ചിന്തിച്ചു. 1906-ൽ മാത്രമേ അവസാനത്തീർപ്പു ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞുള്ളൂ. ഈ കാര്യത്തെപ്പററി ബായോടു് അദ്ദേഹം നേരത്തേ യാതൊന്നും ആലോചിച്ചില്ല. പ്രതിജ്ഞാസമയത്തു മാത്രമാണു് ഗാന്ധിജി വ്രതാനുഷ്ഠാനത്തെപ്പററി ബായോടു പറഞ്ഞതു്. ഇതിൽ കസ്തൂർബാ എന്തു പറയുമെന്നു് അദ്ദേഹം അറിഞ്ഞിരുന്നില്ല. കാര്യം അറിഞ്ഞപ്പോൾ കസ്തൂർബാ യാതൊരു വൈമനസ്യവും പ്രകടിപ്പിച്ചില്ല. ബ്രഹ്മചര്യവ്രതം സ്വീകരിച്ചതിനു ശേഷം രണ്ടുപേർക്കും വലിയ മാററങ്ങൾ ഉണ്ടായി. കസ്തൂർബായുടേയും ഗാന്ധിജിയുടേയും ശ്രദ്ധ പരിപൂർണ്ണമായി പൊതുജനസേവയിൽ പതിഞ്ഞു.

---

# VIII

## ധർമ്മധീരത

കസ്തൂർബായ്ക്കു അതിരററ മനശ്ശക്തി ഉണ്ടായിരുന്നു. ഫീനിക്സിൽ താമസിക്കുന്ന കാലത്തു് ഒരിക്കൽ അവർ രോഗം പിടിച്ചു കിടപ്പിലായി. മൂന്നു പ്രാവശ്യം രോഗം ഗുരുതരമായി. അപ്പോഴെല്ലാം മരണത്തിൽ നിന്നു് ഒരുവിധം രക്ഷപ്പെട്ടുവെന്നേ ഉള്ളൂ. ഇടയ്ക്കിടയ്ക്കു രക്തസ്രാവം ഉണ്ടായിക്കൊണ്ടിരുന്നു. ഒരു ശസ്ത്രക്രിയ ചെയ്താൽ രോഗം ഭേദമാകുമെന്നു

ഗാന്ധിജിയുടെ സ്നേഹിതനായ ഒരു ഡാക്ടർ അഭിപ്രായപ്പെട്ടു. കുറച്ചുനേരത്തെ ആലോചനയ്ക്കുശേഷം കസ്തൂർബാ അതിനു സമ്മതിച്ചു. ദേഹം വളരെ ക്ഷീണിച്ചിരുന്നു. അതുകൊണ്ടു് ക്ലോറോഫാം കൊടുക്കാതെ തന്നെ ശസ്ത്രക്രിയ ചെയ്യേണ്ടിവന്നു. ശസ്ത്രക്രിയ വിജയിച്ചു. പക്ഷേ, ബാ വളരെ വേദന സഹിക്കേണ്ടിവന്നു. ഈ അവസരത്തിൽ അവർ പ്രദർശിപ്പിച്ച ധൈര്യം അദ്ഭുതകരമായിരുന്നു. ഡോക്ടരും അദ്ദേഹത്തിൻെറ ഭാര്യയും അവരെ വളരെ ശ്രദ്ധാപൂർവ്വം ശുശ്രൂഷിച്ചു. രോഗിണിയെപ്പററി പരിഭ്രമിക്കുവാനില്ലെന്നു് സാക്ടർ പറഞ്ഞതനുസരിച്ചു ഗാന്ധിജി പ്രവർത്തനങ്ങൾ തുടരുവാൻ ജൊഹാനിസ്ബർഗിലേയ്ക്കു പോയി.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ ബായുടെ അവസ്ഥ ആശങ്കാജനകമായി. കിടക്കയിൽനിന്നും എഴുന്നേല്ക്കാൻ കഴിയാത്തവിധം അവരുടെ ശക്തി ക്ഷയിച്ചു. ഒരു പ്രാവശ്യം ബോധക്ഷയംതന്നെ ഉണ്ടായി. ഗാന്ധിജിയുടെ അനുവാദം കൂടാതെ കസ്തൂർബായ്ക്കു് മദ്യമോ, മാംസസൂപ്പോ കൊടുക്കാൻ തരമില്ലായിരുന്നു. കസ്തൂർബായ്ക്കു് മാംസസൂപ്പു കൊടുക്കാമോ എന്നു ഡോക്ടർ ഗാന്ധിജിയോടു ഫോണിൽ വിളിച്ചുചോദിച്ചു. അതിനു താൻ സമ്മതം നല്കുകയില്ലെന്നും, എന്നാൽ കസ്തൂർബാ സ്വന്തം ഇഷ്ടം എന്തെന്നു പറയാവുന്ന സ്ഥിതിയിലാണെങ്കിൽ അവരോടു ചോദിക്കാമെന്നും അവർക്കു സ്വന്തം

ഇഷ്ടപ്രകാരം പ്രവൎത്തിക്കുവാൻ സ്വാതന്ത്ര്യം ഉണ്ടെന്നും ഗാന്ധിജി മറുപടി പറഞ്ഞു.

"ഈ കാൎയ്യത്തിൽ രോഗിണിയുടെ ഇഷ്ടമെന്തെന്നു ചോദിക്കുവാൻ ഞാൻ ഒരുക്കമില്ല. ഗാന്ധിജി ഉടൻ തന്നെ ഇവിടെ വരണം. യുക്തമെന്നു തോന്നുന്ന ഭക്ഷണം രോഗിണിക്കു നല്കുവാൻ എനിക്കു സ്വാതന്ത്ര്യം അനുവദിക്കാത്തപക്ഷം, അവരുടെ ജീവനു ഞാൻ ഉത്തരവാദിയാകയില്ല." എന്നായിരുന്നു ഡോക്ടരുടെ മറുപടി. അന്നുതന്നെ ഗാന്ധിജി ഡർബ്ബാനിലേയ്ക്കു വണ്ടി കയറി. എന്നാൽ ഗാന്ധിജിയോടു ചോദിക്കുന്നതിനുമുൻപു തന്നെ കസ്തൂർബായ്ക്കു മാട്ടിൻസൂപ്പു കൊടുത്തു കഴിഞ്ഞിരുന്നു. ഈ സംഗതി ഗാന്ധിജിയെ വല്ലാതെ ക്ഷോഭിപ്പിക്കുകയും വേദനിപ്പിക്കുകയും ചെയ്തു. എങ്കിലും അദ്ദേഹം ക്ഷോഭം പുറമേ കാണിക്കാതെ നിലകൊണ്ടു. ഉപകാരങ്ങൾക്കും, ശുശ്രൂഷകൾക്കും ഡോക്ടരോടു വലിയ കടപ്പാടുണ്ടായിരുന്നു. എന്നാൽ ഡോക്ടരുടെ ചികിത്സാസംബന്ധമായ വിശ്വാസപ്രമാണങ്ങൾക്കു ഗാന്ധിജി വഴിപ്പെട്ടില്ല. ചികിത്സയുടെ കാൎയ്യത്തിൽ തനിക്കു പൂൎണ്ണസ്വാതന്ത്ര്യം വേണമെന്നും, അല്ലാത്തപക്ഷം ഉടൻതന്നെ രോഗിണിയെ അദ്ദേഹത്തിൻെറ ചികിത്സാലയത്തിൽനിന്നും കൊണ്ടുപോകണമെന്നും അവർ തൻെറ സ്ഥലത്തുകിടന്നു മരിക്കുന്നതു കാണുവാൻ തനിക്കു കഴികയില്ലെന്നും ഡോക്ടർ വ്യസനപൂൎവ്വം പറഞ്ഞു.

ഈ കാര്യത്തിൽ ഗാന്ധിജി കസ്തൂർബായുടെ അഭിപ്രായം ആരാഞ്ഞു. അവരിങ്ങനെ പറഞ്ഞു:–"ഞാൻ മാട്ടിൻസൂപ്പു കഴിക്കുകയില്ല. ഈ ലോകത്തിൽ മനുഷ്യജന്മം കിട്ടുകയെന്നതു് ദുർല്ലഭമായ ഒരു ഭാഗ്യമാണു്. മാട്ടിൻസൂപ്പു പോലെയുള്ള നികൃഷ്ടസാധനങ്ങൾകൊണ്ടു് എന്റെ ശരീരം അശുദ്ധമാക്കിത്തീക്കുന്നതു് എനിക്കു് ഇഷ്ടമില്ല. അതു കഴിക്കുന്നതിനെക്കാൾ അങ്ങയുടെ മടിയിൽ കിടന്നു മരിക്കുന്നതിനാണു ഞാൻ ആഗ്രഹിക്കുന്നതു്." ഗാന്ധിജി കാര്യത്തിൻെറ മറുവശത്തെപ്പററി അവരോടു പറഞ്ഞു നോക്കി. മദ്യവും മാംസവും ഔഷധമെന്ന നിലയിൽ കഴിക്കാൻ യാതൊരു മടിയും ഇല്ലാത്ത ഹിന്ദുക്കളായ പലമിത്രങ്ങളെയും പരിചയക്കാരെയും ഗാന്ധിജി എണ്ണി എണ്ണിപ്പറഞ്ഞു. എന്തെല്ലാം ഉപദേശങ്ങൾ നല്കിയിട്ടും കസ്തൂർബായുടെ നിശ്ചയത്തിനു് ഇളക്കമുണ്ടായില്ല. "ഇല്ല, പാടില്ല; എന്നെ ഉടൻ തന്നെ ഇവിടെനിന്നു് കൊണ്ടുപോവുക" എന്നായിരുന്നു അവരുടെ മറുപടി.

കസ്തൂർബായുടെ ദൃഢനിശ്ചയത്തെപ്പറ്റി അദ്ദേഹം ഡാക്ടരോടു പറഞ്ഞു. ഡാക്ടർ ക്ഷോഭിച്ചു:—"നിങ്ങൾ എന്തൊരു ഹൃദയശൂന്യനാണു്. അവരുടെ ഇപ്പോഴത്തെ അവസ്ഥയിൽ അവരോടു് ഈ കാര്യത്തെപ്പററി പറയാൻ നിങ്ങൾക്കു് ലജ്ജയില്ലാതായിപ്പോയല്ലോ? നിങ്ങളുടെ ഭാര്യ ഇപ്പോൾ മററൊരിടത്തേയ്ക്കു് മാററത്തക്ക സ്ഥിതിയിലല്ലെന്നു ഞാൻ തീർത്തു പറയുന്നു.

അവരുടെ ശരീരത്തിന് അല്പംപോലും ഇളക്കം സഹി ക്കാൻ സാധിക്കില്ല. വഴിക്കുവെച്ചു മരിച്ചുപോയാൽ ഞാൻ ആശ്ചര്യപ്പെടില്ല. മാട്ടിൻസൂപ്പു കൊടുക്കാൻ അനുവദിക്കാതെ ഒററ ദിവസംപോലും അവരെ ഇവിടെ വച്ചുകൊണ്ടിരിക്കുന്നതിൽ നിന്നു വന്നേക്കാവുന്ന ആപ ത്തിന് ഉത്തരവാദമേല്ക്കാൻ ഞാൻ ഒരുക്കമില്ല" എന്നു പറഞ്ഞു.

നല്ലവണ്ണം ആലോചിച്ചശേഷം അവിടം വിടുന്ന തിനു ഗാന്ധിജി തീർച്ചയാക്കി. വളരെ അപായകരമായ ഒരു കൃത്യത്തിനാണ് അദ്ദേഹം ഒരുങ്ങിയതെന്നുള്ള തിനു സംശയമില്ല. എന്നാൽ ഈശ്വരനിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് സ്വന്തം നിശ്ചയപ്രകാരം ചെയ്വാൻ മുതിന്നു. കസ്തൂർബായെ റിക്ഷയിൽ കയററി ഡർബ്ബാൻ സ്റ്റേഷനിലേയ്ക്കു പുറപ്പെട്ടു. കസ്തൂർബായെ ഗാന്ധിജി ഉന്മേഷപ്പെടുത്തേണ്ടതുണ്ടായിരുന്നില്ല. നേരേ മറിച്ച് അവർ ഗാന്ധിജിയെ സമാധാനപ്പെടുത്തിക്കൊ ണ്ടാണിരുന്നത്. "എനിക്കൊരു തരക്കേടും വരില്ല; വ്യാകുലപ്പെടേണ്ട" എന്ന് അവർ പറഞ്ഞു.

ശരിയായ ഭക്ഷണം കഴിച്ചിട്ടു കുറെ ദിവസമായി രുന്നതിനാൽ അവരുടേ ദേഹം വെറും എല്ലും തൊലിയു മായിത്തീന്നിരുന്നു. സ്റ്റേഷൻ പ്ലാററ്ഫോറം വളരെ വലുതായിരുന്നു. റിക്ഷ ഉള്ളിലേയ്ക്കു കടത്താൻ പാടില്ലാ ത്തതിനാൽ തീവണ്ടി നില്ക്കുന്നിടത്തേയ്ക്കു കുറച്ചുദൂരം നടക്കേണ്ടിയിരുന്നു. അത്രയും ദൂരം കസ്തൂർബായെ

ഗാന്ധിജി എടുത്തുകൊണ്ടുപോയി, തീവണ്ടിമുറിയിൽ ഇരുത്തി. ഫിനിക്സിൽ ചെന്ന ഉടൻതന്നെ ജലചികിത്സ തുടങ്ങി.

KOTTAYAM PUBLIC LIBRARY KOTTAYAM

ഗാന്ധിജിയും കസ്തൂർബായും ഫിനിക്സിൽ മടങ്ങിയെത്തിയശേഷം അവിടെ ഒരു സ്വാമികൾ വന്നു ചേർന്നു. അദ്ദേഹം മാട്ടിൻസൂപ്പ് കഴിക്കുന്നതു ഹിന്ദുമതതത്വങ്ങൾക്ക് വിരുദ്ധമല്ലെന്നു സ്ഥാപിക്കുവാൻ മനുസ്മൃതിയിലെ പല വാക്യങ്ങളും ഉദ്ധരിച്ചു വാദിച്ചു. പക്ഷേ, കസ്തൂർബാ മനുസ്മൃതിക്കോ സ്വാമിയുടെ വാദഗതികൾക്കോ അത്ര വലിയ വില കല്പിച്ചില്ല. വിശ്വാസങ്ങളേയും ആചാരങ്ങളേയും അവർ മുറുകെപ്പിടിച്ചു. ബാ ഒരൊററ നിമിഷംകൊണ്ടു് സ്വാമികളുടെ വാദത്തെ നിരസിച്ചു. അവർ ഇങ്ങനെ പറഞ്ഞു:—"സ്വാമി എന്തെല്ലാം പറഞ്ഞാലും മാട്ടിൻസൂപ്പു കഴിച്ചു രോഗം ഭേദമാക്കണമെന്ന് എനിക്കാഗ്രഹമില്ല. ദയവു ചെയ്ത് എന്നെ കൂടുതൽ ശല്യപ്പെടുത്താതിരിക്കണം. അങ്ങയ്ക്ക് താത്പര്യമുണ്ടെങ്കിൽ ഭർത്താവിനോടോ, കുട്ടികളോടോ വാദപ്രതിവാദം നടത്താം. ഞാൻ ദൃഢനിശ്ചയം ചെയ്തുകഴിഞ്ഞു."

ഗാന്ധിജി അധികസമയവും ബായുടെ അടുത്തുതന്നെ ഇരുന്നു. ലഘുവായ പാനീയങ്ങൾ അവർക്കു കൊടുത്തു. ക്രമേണ അവർ സുഖം പ്രാപിച്ചു. മരണവക്ത്രത്തിൽനിന്നുള്ള ഈ രക്ഷപെടൽ വളരെ അദ്ഭുത

ക്കമായിരുന്നു. ഡാക്ടർമാരെല്ലാം കസ്തൂർബായെ ഉപേക്ഷിച്ചു; പക്ഷേ, ഈശ്വരൻ അവരെ രക്ഷിച്ചു.

പിൽക്കാലത്തു് "എന്റെ ധർമ്മം ആണു് എന്നെ രക്ഷിച്ചതു്" എന്നു് ബാ പലപ്പോഴും പറയുക പതിവായിരുന്നു. അവരുടെ വിശ്വാസം അവരെ രക്ഷിച്ചു.

"വിശ്വാസമല്ലോ വിളക്കു മനുഷ്യനു
വിശ്വാസം ജീവസർവ്വസ്വമല്ലോ."

---

## IX

# സേവനസന്നദ്ധത

പത്നിയും കുട്ടികളുമൊത്തു ഗാന്ധിജി ഇൻഡ്യയിലേയ്ക്കു മടങ്ങി. 1916-ൽ അദ്ദേഹം അഹമ്മദബാദിൽ സത്യാഗ്രഹാശ്രമം സ്ഥാപിച്ചു. പുരുഷന്മാരും സ്ത്രീകളുമായി ഇരുപത്തഞ്ചുപേർ ആശ്രമത്തിൽ ചേർന്നു. ആശ്രമവാസികളെല്ലാം കസ്തൂർബായെ സ്വന്തം അമ്മയായി കരുതി. അവരോരോരുത്തരും ആശ്രമത്തിലെ അംഗമെന്ന നിലയിൽ അഭിമാനംകൊണ്ടു. സാധാരണ രീതിയിലുള്ള ലഘുജീവിതമാണു് അവർ നയിച്ചതു്. ഒരേ അടുക്കളയിൽ പാകം ചെയ്ത ഭക്ഷണം എല്ലാവരും ഒരുമിച്ചിരുന്നു കഴിച്ചു, ഒരേ കുടുംബത്തിലെ അംഗങ്ങളായി ജീവിച്ചു. ഇക്കാലത്തു് ഒരു ദിവസം സരോജിനീനായിഡു ആശ്രമം സന്ദർശിച്ചു. കസ്തൂർബായുടെ ആശ്ര

ജീവിതം അവരെ വളരെ ആകർഷിച്ചു. അവരുടെ സാരള്യം സരോജിനീ ദേവിയുടെ ഹൃദയം കവന്നു. സരോജിനി കസ്തൂർബായുടെ ആശ്രമജീവിതത്തെപ്പറ്റി പിന്നീടു് ഇങ്ങനെ എഴുതിയിട്ടുണ്ടു്:—"തീരെ ദുർബ്ബല യായിരുന്ന കസ്തൂർബായുടെ മനശ്ശക്തിക്കു അള വില്ലായിരുന്നു. എത്ര അധികം ജോലികൾ ചെയ്യാൻ ഉണ്ടായിരുന്നാലും അവർ അതെല്ലാം ക്ഷമയോടെ ചെയ്തു തീർത്തുവന്നു. ബാ രോഗികളെ മാതൃനിർവ്വിശേഷമായ സ്നേഹത്തോടുകൂടി പരിചരിച്ചു. ആശ്രമാന്തരീക്ഷം ആ നന്ദപൂർണ്ണമാക്കുകയായിരുന്നു അവരുടെ ജീവിതോദ്ദേശ്യം. അതിനുവേണ്ടി അവർ വിശ്രമം ഇല്ലാതെ ജോലിചെയ്തു. കസ്തൂർബാ ആശ്രമത്തിലെ പ്രശാന്തസുന്ദരമായ അന്തരീക്ഷത്തിൻെറ ഉജ്വലചൈതന്യമായി പ്രശോഭിച്ചു അവർ സ്ത്രീത്വത്തിൻെറ ഉത്തമമാതൃകയായിരുന്നു.

കസ്തൂർബാ കുറച്ചുകാലം സൗരാഷ്ട്രത്തിൽ താമസിച്ചു. ഖാദിപ്രചാരണം ഏററവും വിപുലമായ രീതിയിൽ നടന്നുവന്ന കാലമാണതു്. ഖാദിപ്രചാരണ ത്തിലും മററു പ്രവർത്തനരംഗങ്ങളിലുമെല്ലാം അനേകാ യിരംപേർ സഹകരിച്ചു. ആ കൂട്ടത്തിൽപ്പെട്ട ഒരു യുവാവു് ആശ്രമത്തിൽ താമസിച്ചിരുന്നു. ബായ്ക്കു് ആ പ്രവർത്തകനോടു് അതിരറ്റ വാത്സല്യം തോന്നി. അയാൾ ഖാദിപ്രചാരണാർത്ഥം കുറച്ചുകാലം കസ്തൂർബായോ ടൊരുമിച്ചു പ്രവർത്തിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ അയാളുടെ അമ്മ മകനെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടു

പോകവാനായി വന്നു. കസ്തൂർബായും അവരും തമ്മിൽ ഇങ്ങനെ ഒരു സംഭാഷണം ഉണ്ടായി:—

അമ്മ:—ഞാനെന്റെ മകനെ വീട്ടിലേയ്ക്കു കൊണ്ടുപോകുന്നു. കുറെക്കാലമായി അവൻ ഇവിടെ താമസിക്കുകയാണല്ലോ. ഇപ്പോൾ അവനോടൊരുമിച്ചു വീട്ടിൽ താമസിക്കുവാൻ എനിക്കു വളരെ കൊതിയുണ്ടു്.

കസ്തൂർബാ:—അതിനെന്താണു്? നിങ്ങളുടെ മകൻ ഇവിടെ വമ്പിച്ച പ്രവൎത്തനങ്ങളിൽ ഏപ്പെട്ടിരിക്കുകയാണു്. അയാൾ മാതൃഭൂമിക്കു വേണ്ടി രാപകൽ വേല ചെയ്യുന്നു.

അമ്മ:—എനിക്കു് ഈയൊരു മകനേ ഉള്ളു. അവൻ വീട്ടിലില്ലാത്തപ്പോഴെല്ലാം വല്ലാത്ത വേദന നിറഞ്ഞ ഏകാന്തതയാണു് എനിക്കു് അനുഭവപ്പെടുക. ഇനിയും എനിക്കെന്റെ മകനെ പിരിഞ്ഞിരിക്കുവാൻ വയ്യ.

ബാ:—നിങ്ങൾ ഭാഗ്യവതിയാണു്. ഒരു മകനെക്കുറിച്ചല്ലേ നിങ്ങൾക്കു് ചിന്തിക്കുവാനുള്ളൂ? എനിക്കു് മൂന്നു് ആൺമക്കൾ ഉള്ളതുകൊണ്ടു് അവരെക്കുറിച്ചെല്ലാം ചിന്തിക്കേണ്ടിയിരിക്കുന്നു. അവരെല്ലാം ഭാരതത്തിനു വേണ്ടി പ്രവൎത്തിക്കുന്നു. അമ്മേ നിങ്ങൾക്കു പെൺകുട്ടികൾ ഉണ്ടോ?

അമ്മ:—എനിക്കൊരു മകളുണ്ടു്. അവൾ ഭർത്താവിന്റെ വീട്ടിലാണു്.

ബാ:—നിങ്ങളെത്ര ഭാഗ്യവതി! സ്നേഹിക്കുന്ന ഒരു മകൾ ഉണ്ടെങ്കിൽ അമ്മയ്ക്കു് എന്തൊരാനന്ദമാണു്. എനിക്കു് പെൺമക്കളില്ല. അതുകൊണ്ടു ഞാൻ ലക്ഷ്മിയെ ദത്തെടുത്തു. നിങ്ങളും അവളെപ്പററി കേട്ടിരിക്കും. ലക്ഷ്മിയെ ഞാൻ എൻെറ മകളായി വളർത്തി. അവളും എന്നിൽ നിന്നു് അകന്നുപോയി. എൻെറ അവസ്ഥ ഒന്നോർത്തു നോക്കൂ! ഞാൻ തനിച്ചേ ഉള്ളു. ബാപ്പു അകലെയാണു്. എന്റെ മക്കളാരും ഇവിടെയില്ല. എന്നിട്ടും ഞാൻ എത്ര സന്തോഷമായിക്കഴിയുന്നു. എന്റെ കുടുംബം മുഴുവൻ മാതൃഭൂമിക്കു വേണ്ടി പ്രവർത്തിക്കുന്നു. അതിൽ ഞാൻ ചരിതാർത്ഥയാണു്. ഞാനതിൽ അഭിമാനം കൊള്ളുന്നു.

ഈ യുവാവാണു പിന്നീടു പ്യാരിലാൽ എന്നു പ്രസിദ്ധനായിത്തീർന്ന ഗാന്ധിജിയുടെ പ്രൈവററു സെക്രട്ടറി.

ദീർഘകാലം സബർമതിയിലെ അന്തേവാസിയായിരുന്ന ഒരാൾ കസ്തൂർബായുടെ അനുദിനജീവിതത്തെപ്പററി വിജ്ഞാനപ്രദമായ ഒരു തൂലികാചിത്രം വരയ്ക്കുകയുണ്ടായി. അതിലിങ്ങനെ പറഞ്ഞിട്ടുണ്ടു്:—

"ഗാന്ധിജിയുടെ ഉരുക്കുമനഃസ്ഥിതി സുപ്രസിദ്ധമാണു്. അദ്ദേഹം ശാന്തനാണു്; പക്ഷേ അജയ്യനു

മാണ്. ഏററവും സ്നേഹമുള്ളവരുടെമേൽ ഗാന്ധിജി അടിച്ചേല്പിക്കുന്ന നിയമങ്ങൾ കൂടുതൽ കക്ശം ആയിരിക്കും. അതുകൊണ്ടായിരിക്കണം ഗാന്ധിജി തന്നോട് തന്നെ കൂടുതൽ കക്ശനായി കാണുന്നതു്. എങ്കിലും അദ്ദേഹം ഒരിക്കലും അസഹിഷ്ണുവായിരുന്നില്ല. സാധാരണ ഗതിയിലുള്ള വാദപ്രതിവാദത്തെ അദ്ദേഹം ഇഷ്ടപ്പെടുന്നു; പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്നിട്ടും ഗാന്ധിജിയോടു വാദിക്കുന്നതിൽനിന്ന് എല്ലാവരും പിൻമാറുന്നു. അതു്, അവരവരെ വിശ്വസിക്കുന്നതിനേക്കാൾ അവർ ഗാന്ധിജിയെ വിശ്വസിക്കാൻ ശ്രമിക്കുന്നതു കൊണ്ടാണു്. പക്ഷെ, സബർമതിയിലെ സത്യഗ്രഹാശ്രമത്തിൽ ഈ നിയമങ്ങൾക്കെല്ലാം അതീതയായി ഒരാൾ ഉണ്ടു്. അതു് ഗാന്ധിജിക്കു് ഏറ്റവും പ്രിയപ്പെട്ട കസ്തൂർബാ തന്നെയാണു്."

"സത്യഗ്രഹാശ്രമത്തിൽ 'അമ്മ' എന്ന പേർ അനപത്ഥമാക്കുമാറു് 'ബാ' എന്നാണു് അവരെ എല്ലാവരും വിളിച്ചുവന്നതു്. തിളങ്ങുന്ന കണ്ണും, സുവ്യക്തമായ ശബ്ദവും, നിശ്ചയദാർഢ്യം സ്ഫുരിപ്പിച്ചുകൊണ്ടു് ഇറുക്കിപ്പിടിച്ച ചുണ്ടുകളും ഉള്ള ആ കൊച്ചു സ്ത്രീ ആശ്രമത്തിലെ അധിനായികയായിരുന്നു. ഹിതമനുസരിച്ചു് അവൾ സുപ്രസന്നയാകുവാനും അതുപോലെതന്നെ ചിലപ്പോൾ കക്ശയും അചഞ്ചലയും ആകുവാനും കഴിയും. അടുക്കള ഉൾപ്പടെ അവരുടേതായ ഭാഗം മുഴുവനും കസ്തൂർബാ സ്വന്തമായ നിയമങ്ങൾ

34499

കൊണ്ടു ഭരിച്ചു. പക്ഷേ, അവക്കു ഭാരിച്ച ഉത്തരവാദിത്വം ഉണ്ടായിരുന്നു. മഹാനായ ഭത്താവിനെക്കൂടാതെ പുത്രന്മാക്കും ഇരുപതിലധികം ആശ്രമാംഗങ്ങൾക്കും ഭക്ഷണം നല്കി പോറേറണ്ടതു ചുമതല ബായ്ക്കാണു്. സബർമതിയിൽ ഇരുനൂറിലധികം അംഗങ്ങളാണു് ഉണ്ടായിരുന്നതു്. അവരെ ഭക്ഷണകാര്യത്തിൽ പല സംഘമായി പകുത്തതിൽ കസ്തൂർബായുടെ ഭാഗം ആണിതു്. അടുക്കളയിൽ ബാ ഒരിക്കലും ഭരണാധികാരിണി ആയി ഭാവിച്ചില്ല. അവർ പ്രധാന പാചകക്കാരിയായിരുന്നു. അവരെ സഹായിക്കാൻ മററുപലരും ഉണ്ടെങ്കിലും ഉത്തരവാദിത്വം മുഴുവൻ ബായ്ക്കാണു്. അവരുടെ ആജ്ഞാശക്തിക്കു അതിരില്ല. അവർ നല്ല ബുദ്ധിശക്തിയുള്ള ഒരു ഗൃഹനായികയാണു്. അവക്കു നല്ല കൃത്യനിഷ്ഠയുമുണ്ടു്. മററുള്ളവരുടെ സമയനിഷ്ഠയെപ്പററി പ്രത്യേകം നിഷ്കൎഷിക്കും. അലസതയുള്ള ആക്കും ബായുടെ അടുക്കളയിൽ സഹപ്രവത്തകരായിരിക്കുക സാദ്ധ്യമല്ല. ഇക്കാരണത്താൽ പലരും ബായുടെ അടുക്കള ഉപേക്ഷിച്ചുപോയിട്ടുണ്ടു്. പക്ഷേ പ്രയത്നശീലവും സമയനിഷ്ഠയും ഉള്ള ഒരാൾക്കും അവിടെ യാതൊരു പ്രയാസവും ഉണ്ടാവുകയില്ല. ഗാന്ധിജി എപ്പോഴും അടുക്കളയുടെ മേലും വേണ്ടവിധം ശ്രദ്ധ പതിപ്പിച്ചിരുന്നു. അതുകൊണ്ടു് ഭാരതത്തിലെ രാജ്യകാര്യം പോലെതന്നെ അടുക്കളയിലെ ദുർഘടം പിടിച്ച കാര്യങ്ങളും അദ്ദേഹത്തിനു നല്ലവണ്ണം അറിയാമായിരുന്നു.”

14499

"സബർമതിയിലെ ആ പഴയ നല്ല കാലങ്ങളിൽ ഒരു സംഗതിയിൽ കസ്തൂർബാ ഗാന്ധിജിയോടു കിടനില്ക്കുമായിരുന്നു. ചില അവസരങ്ങളിൽ ഗാന്ധിജി ലജ്ജിതനായിട്ടുണ്ടു്. നീതി പലപ്പോഴും ബായുടെ വശത്തായിരിക്കും. ഭാരതത്തിലെ അന്നത്തെ രാജ്യതന്ത്രത്തിന്റെ മൂലനഗരമായ സബർമതിയിൽ മുന്നറിയിപ്പു കൂടാതെ വളരെ അധികം അതിഥികൾ വരിക പതിവാണു്. അതിഥികളെ പല അടുക്കളകൾക്കായി ഭാഗിച്ചേടുക്കും. എപ്പോഴും ബായ്ക്കാണു് അധികഭാഗം കിട്ടുക. ചിലപ്പോൾ അസമയങ്ങളിൽ വന്നുചേരുന്ന അതിഥികളെ സൽക്കരിക്കേണ്ട ചുമതല മുഴുവനും ഗാന്ധിജി കസ്തൂർബായ്ക്കു നല്കും. ആ സന്ദർഭങ്ങളിലാണു പലപ്പോഴും കസ്തൂർബാ ഉത്സാഹഭരിതയായി സ്വന്തം ഹൃദയഗതി വെളിവാക്കുക. അപ്പോഴെല്ലാം ഗാന്ധിജി വളരെ വിനീതനും നയജ്ഞനും ആയിരിക്കും. ചില സന്ദർഭങ്ങളിൽ ഗാന്ധിജിക്കു ബായെ അല്പം ഭയവുമാണു്."

"ഒരു ദിവസം യഥാർത്ഥത്തിൽ അതു സംഭവിക്കുക തന്നെചെയ്തു. ബായും കൂട്ടുകാരും ഉച്ചഭക്ഷണം കഴിഞ്ഞു പാത്രങ്ങളും അടുക്കളയും എല്ലാം കഴുകി കതകടച്ചു കഴിഞ്ഞു. ബാ വളരെ ക്ഷീണിച്ചിരുന്നു. വിശ്രമിക്കാനായി അവർ അവരുടെ മുറിയിൽ പോയിക്കിടന്നു. ഗാന്ധിജി സാവധാനത്തിൽ അടുക്കളയിൽ കടന്നു ബായുടെ സഹപ്രവർത്തകരിൽ ഒരാളെ വിളിച്ചു. അടുത്തുള്ള മുറിയിൽ ഉറങ്ങുന്ന ബാ അറിയരുതെന്നു കരുതി അദ്ദേഹം വളരെ

ച്ചതുക്കെയാണു സംസാരിച്ചതു്. "ഒരു മണിക്കൂറി നള്ളിൽ കറെ അതിഥികഠം വന്നുചേരും." മോതിലാൽ നെഹ്റുവും മററും ഉൾപ്പെട്ട കറെ പ്രശസ്താതിഥികഠം. അവക്കെല്ലാം പെട്ടെന്നു് ആഹാരം തയാറാക്കണം. ഗാന്ധിജി ബായുടെ മുറിക്കു നേരേ നോക്കി ചുണ്ടിൽ വിരൽ വെച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—"അവരെ ഉണത്തരുതു്. നിങ്ങഠം ആൺകട്ടികഠംതന്നെ തീ കത്തിക്കാനും മലക്കറി അരിയാനും ഒക്കെ തുടങ്ങിക്കൊള്ളൂ. അവരെ വിഷമിപ്പിക്കരുതു്. ബായെ ഉണത്താതിരിക്കുകയാണെങ്കിൽ ഞാൻ നിങ്ങഠംക്കൊരു സമ്മാനം തരും."

"അവർ അടുക്കളയിൽ ജോലി ആരംഭിച്ചു. തീ കത്തിച്ചു; മലക്കറികഠം അരിഞ്ഞു; മാവു കുഴച്ചു പാകമാക്കി. അപ്പോഠം ഭാഗ്യദോഷത്തിനു് ഒരു ചെമ്പു പാത്രം തറയിൽ വീണു് വലിയ ശബ്ദമുണ്ടാക്കി. കസ്തൂർബാ ഉണന്നു. ആശ്രമത്തിൽ ഒരു പൂച്ചയുണ്ടായിരുന്നു. അതു് എപ്പോഴും അടുക്കളയിൽ കടന്നു് പാത്രങ്ങഠം തള്ളിയിടും. പൂച്ച അടുക്കളയിൽ കുഴപ്പമുണ്ടാക്കി എന്നാണു ബാ വിചാരിച്ചതു്. അവർ പെട്ടെന്നു് എണീററു് അടുക്കളയിലേയ്ക്കു ചെന്നു. അവിടത്തെ സ്ഥിതികഠം കണ്ടു് അമ്പരന്നു പോയി. ഇതൊക്കെ എന്തിനു് എന്നു് അവർ അന്വേഷിച്ചു. സംഗതികഠം മനസ്സിലായപ്പോഠം അവർ അത്ഥഗർഭമായി പുഞ്ചിരിതുകി. മഹാത്മജിയുടെ അടവാണു് ഇതെന്നു് അവർ മനസ്സിലാക്കി."

"രാത്രിയിൽ പ്രാർത്ഥന കഴിഞ്ഞു് അതിഥികളെല്ലാം പോയശേഷം ബാ ഗാന്ധിജിയുടെ സമീപം ചെന്നു, ഒരു കസൃതിച്ചിരി ചിരിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ മുൻപിൽ നിന്നു; എന്നിട്ടു് ഇങ്ങനെ പറഞ്ഞു:—"അവിടുന്നു അതിഥികൾക്കു ഭക്ഷണം തയാറാക്കുവാൻ എന്നോടു പറയാതിരുന്നതു് എന്തുകൊണ്ടാണു്? ഞാൻ കഴിവററ കുറെ അന്ധരികൾ മാത്രമാണെന്നാണോ വിചാരിക്കുന്നതു്?"

ബാപ്പു:—"ചില അവസരങ്ങളിൽ ഞാൻ നിങ്ങളെ ഭയപ്പെടുന്നുവെന്നു നിങ്ങൾക്കറിഞ്ഞുകൂടേ?" എന്നു പതുക്കെ ചോദിച്ചു. ബാ ഒന്നു ചിരിച്ചു. "എന്തു്, അവിടുന്നു് എന്നെ ഭയപ്പെടുന്നുവെന്നോ?" പക്ഷേ ബാപ്പു പറഞ്ഞതു സത്യമായിരുന്നു. അദ്ദേഹം ലോകത്തിൽ ആരെയും ഭയപ്പെട്ടിരുന്നില്ല. വല്ലവരെയും ഭയപ്പെട്ടിരുന്നുവെങ്കിൽ അതു് ഒരിക്കലും ക്ഷീണിക്കാത്ത ആ കൊച്ചുസ്ത്രീയെ മാത്രമായിരുന്നു.

ഈ കാലത്താണു് ഗാന്ധിജി വർദ്ധായിൽ ആശ്രമം സ്ഥാപിച്ചതു്. ബാ സബർമതിവിട്ടു് വർദ്ധായിലേയ്ക്കു പോകേണ്ടതു് ആവശ്യമായി. സബർമതിയിലെ കുടുംബജീവിതം കസ്തൂർബായാകുന്ന കേന്ദ്രത്തെ ചുററിയാണു് നിന്നിരുന്നതു്. ബായ്ക്കു് അവിടം വിട്ടു പോകുവാൻ വളരെ വൈമനസ്യം ഉണ്ടായി. വളരെക്കാലമായി സബർമതി അവരുടെ കുലഭവനം ആയിരുന്നു. എങ്കിലും തത്ക്കാലം വർദ്ധായിലേയ്ക്കു പോകേണ്ടതു ബായുടെ കർത്തവ്യമായി. പുതിയ ആശ്രമത്തിൽ സേവനത്തിന്റെ

പരിശുദ്ധമായ അന്തരീക്ഷം സൃഷ്ടിക്കുവാൻവേണ്ടി ബാ ഗാന്ധിജിയെ അനുഗമിച്ചു. സേവനമാണ് അവിടത്തെ ആദർശമെന്നു് വെളിപ്പെടുത്തിക്കൊണ്ടു് വർദ്ധായിലെ ആശ്രമത്തിനു സേവാഗ്രാമം എന്നു നാമകരണം ചെയ്തു. നിഷ്കാമകർമ്മം അനുഷ്ഠിക്കുക കസ്തൂർബായ്ക്കു് എക്കാലവും ഹൃദ്യമായിരുന്നു. ഗ്രാമീണരുടെ ഉന്നമനത്തിനുവേണ്ടി അവിടെ ബാ അർപ്പിച്ച സേവനങ്ങൾ അതുല്യങ്ങളാണു്. അജ്ഞാനാന്ധകാരത്തിൽനിന്നും സേവാഗ്രാമത്തിലെ ഗ്രാമീണരെ ബാ വിജ്ഞാനത്തിൻെറ വെളിച്ചത്തു കൊണ്ടുവന്നു. ബായുടെ ജീവിതം വളരെ സരളവും പ്രവൃത്തികൾ ആത്മാർത്ഥതയുടെ തെളിവുററവയും ആയിരുന്നു. പരിചയസീമയിൽപ്പെട്ടവരുടെയെല്ലാം ഹൃദയങ്ങൾ അവരുടെ മുൻപിൽ ഭക്ത്യാദരങ്ങളാൽ നമ്രങ്ങളായി. ബാ അവരുടെയെല്ലാം ഹൃദയം കവന്നു. അവർ അവരുടെ കഴിവുകൾ ഒന്നാകെ ബായുടെ കാല്ക്കൽ അർപ്പിച്ചു.

എഴുപതാംവയസ്സിലും കസ്തൂർബാ ഊർജ്ജസ്വലയായിരുന്നു. രാജദ്രോഹക്കാട്ടു സമരത്തിൽനിന്നു സ്വതന്ത്രയായശേഷവും ബാ നിസ്സ്വാർത്ഥമായ സേവനം അനുഷ്ഠിച്ചു. വിശ്രമമെന്തെന്നു് അവർ അറിഞ്ഞിട്ടില്ല. സേവാഗ്രാമത്തിലെ ഓരോ പിഞ്ചുപൈതലിനെയും അവർ ഓമനിച്ചു വളർത്തി. മാത്രമല്ല, അവർ ഭാരതത്തിലെ മഹാന്മാരായ രാഷ്ട്രീയ നേതാക്കന്മാരുടെയെല്ലാം അമ്മയായിരുന്നു. ഓരോരുത്തർക്കും സമ്മാനിക്കുവാൻ

ബായുടെ പക്കൽ ഹൃദയംകവരുന്ന പുഞ്ചിരിയും ഹൃദ്യമായ ഒരു സന്ദേശവും ഉണ്ടാവും. ഗാന്ധിജി വളരെ ഫലിതക്കാരനും, രസികനും, ശാന്തനും ക്ഷമാശീലനും ആയിരുന്നു. എങ്കിലും ചില സന്ദർഭങ്ങളിൽ അദ്ദേഹം മററാരെക്കാളും കോപിഷ്ഠനാകാറും ഉണ്ടായിരുന്നു. കസ്തൂർബായെ കോപം ഒരിക്കലും ബാധിച്ചിട്ടില്ല. അവരുടെ മുഖം എല്ലായ്പോഴും കാരുണ്യത്തിന്റെ സാത്വികപ്രഭ വിതറിയിരുന്നു. സേവാഗ്രാമത്തിൽ അവരുടെ താത്പര്യങ്ങളെല്ലാം പ്രവൃത്തിയിൽ സമർപ്പിക്കപ്പെട്ടിരുന്നു. പ്രവൃത്തിയായിരുന്നു അവരുടെ ജീവിതത്തിൻെറ പ്രാണവായു. 1942-ആഗസ്റ്റിൽ ഗാന്ധിജിയോടുകൂടി ബോംബേയിലേയ്ക്കു പോകുന്ന നിമിഷംവരെയും അവരുടെ സേവനങ്ങൾ അവിടെ തുടൎന്നു. അന്നു സേവാഗ്രാമത്തോട് എന്നെന്നേയ്ക്കുമായി യാത്ര പറയുകയാണെന്നു ബാ തെല്ലും വിചാരിച്ചില്ല.

## X

## പശ്ചാത്താപം

ഒരിക്കൽ ആശ്രമത്തിലെ സമാധാനത്തിനു ഭംഗം വന്നു. ആശ്രമവാസികളുടെ ആദൎശത്തിൻെറ മാററുരച്ചുനോക്കുന്ന ഒരു സംഭവമായിരുന്നു അതു്. ഒരു അധഃകൃതകുടുംബം ആശ്രമത്തിൽ സ്ഥിരതാമസത്തിനായി വന്നു. ഗാന്ധിജി അവരെ സസന്തോഷം സ്വീകരിച്ചു. അവൎക്ക്

ആശ്രമത്തിൽ പ്രവേശനം നല്കിയതു കസ്തൂർബായ്ക്കും ആശ്രമത്തിലെ മററു സ്ത്രീകൾക്കും തീരെ ഇഷ്ടമായില്ല. ഗാന്ധിജി അവരെ ഉപദേശിച്ചുനോക്കി. പക്ഷേ ഫലം ഉണ്ടായില്ല. അദ്ദേഹം വളരെ വ്യസനിച്ചു. ഒടുവിൽ ഏഴുദിവസം നിരാഹാരവ്രതം അനുഷ്ഠിക്കാൻ തീരുമാനിച്ചു. കസ്തൂർബായും കൂട്ടുകാരും മനസ്സിരുത്തിച്ചിന്തിച്ചു. അവർക്കു സ്വന്തം തെററു മനസ്സിലായി. അവർ ഗാന്ധിജിയെ സമീപിച്ചു ക്ഷമായാചനം ചെയ്തു. അവർ അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു:—"ഞങ്ങളുടെ തെററിൽ ഞങ്ങളെല്ലാവരും ഖേദിക്കുന്നു. അധഃകൃതർ നമ്മെപ്പോലെ നല്ലവരല്ലെന്നു ഞങ്ങൾ വിചാരിച്ചതു തെററു തന്നെയാണ്. ഇനിമേൽ ഞങ്ങൾ അവരെ സ്വന്തം സന്താനങ്ങളെപ്പോലെ കരുതിക്കൊള്ളാം." ഈ അധഃകൃതകുടുംബത്തിൻെറ പ്രവേശനം എല്ലാവക്കും വിലയേറിയ ഒരു പാഠമായിത്തീൎന്നു. ആശ്രമം അയിത്തത്തെ ആദരിക്കയില്ലെന്നു വിളംബരപ്പെടുത്തുവാൻ അതു് അവസരം നല്കി. അന്നുമുതൽ കസ്തൂർബായുടെ ശ്രദ്ധ ഹരിജനോദ്ധാരണത്തിലും പതിഞ്ഞു. അവർ ഹരിജനകുടുംബത്തിൽ നിന്നു് ഒരു ബാലികയെ (ലക്ഷ്മിയെ) സ്വന്തം മകളായി ദത്തെടുത്തു വളത്തുകയും ചെയ്തു.

കസ്തൂർബായുടെ ഈ പ്രവൃത്തി യാഥാസ്ഥിതികരായ അനേകം സ്ത്രീകളുടേയും പുരുഷന്മാരുടേയും ഹൃദയത്തിൽ വലിയ മാററം ഉളവാക്കി. അയിത്തജാതിക്കാരെന്നു കരുതി പുറം തള്ളപ്പെട്ടിരുന്നവരും

മനുഷ്യരാണെന്നും, അവരും തങ്ങളോടൊപ്പം പൌരാവകാശങ്ങൾ അനുഭവിക്കാൻ അവകാശികളാണെന്നും പൊതുവെ അംഗീകരിക്കപ്പെട്ടു. അവരെ ഉയർത്തി മനുഷ്യരാക്കേണ്ടതു തങ്ങളുടെ ധർമ്മമാണെന്നു വിശ്വസിച്ച് അവർ പ്രവർത്തിക്കാൻ തുടങ്ങി.

സബർമതിയിലെ അന്തേവാസികളുടെ നന്മകളേയും കുറവുകളേയും പററി ഗാന്ധിജി "നവജീവനിൽ" എഴുതുക പതിവായിരുന്നു. ഒരിക്കൽ കസ്തൂർബായും ഗാന്ധിജിയുടെ തൂലികയ്ക്കു വിഷയമായി. അദ്ദേഹം ഇങ്ങനെ എഴുതി:—

"എൻെറ ദുഃഖവും എൻെറ ലജ്ജയും"

"എൻെറ ആത്മകഥയിൽ ഞാൻ കസ്തൂർബായുടെ മാഹാത്മ്യത്തെ ഒരിക്കലും വിസ്മരിച്ചിട്ടില്ല. എന്റെ ജീവിതത്തിലെ എല്ലാ മഹത്തായ പരിവർത്തനങ്ങളിലും സ്വമനസ്സാലെയോ അല്ലാതെയോ അവർ എന്നോടൊത്തു പ്രവർത്തിച്ചിട്ടുണ്ട്. അവരുടെ ജീവിതം പരിപാവനമായിട്ടാണ് എനിക്കു തോന്നിയിട്ടുള്ളതു്. അവർ ഒരു ഭാര്യയുടെ ധർമ്മം എന്ന നിലയിൽ സ്വന്തം ചിന്താശക്തിയെപ്പോലും പലപ്പോഴും ബലി കഴിച്ചിട്ടുണ്ട്. എൻെറ ത്യാഗങ്ങളുടെ മുമ്പിൽ ബാ ഒരിക്കലും ഒരു വിലങ്ങുതടി ആയി നിന്നിട്ടില്ല. ഞാൻ രോഗി ആയി കിടക്കുമ്പോഴുള്ള ബായുടെ ശുശ്രൂഷയാണ് എന്നെ അത്യധികം ആകർഷിച്ചിട്ടുള്ളതു്. പ്രയാസങ്ങളും

സഹിക്കുവാൻ ഞാൻ അവക്ക് ഇട കൊടുത്തില്ല. ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കുന്നതിൽ ബാ എന്നെ വേണ്ടവിധം സഹായിച്ചിട്ടുണ്ട്; എന്നെ പരിരക്ഷിക്കതന്നെ ചെയ്തിട്ടുണ്ട്. അവക്കു ചില ദൌർബ്ബല്യങ്ങൾ ഉണ്ട്. അവ ബായുടെ സദ്ഗുണങ്ങളുടെ മേന്മയെല്ലാം മങ്ങൽ ഉളവാക്കുന്നു. ഭാര്യയുടെ ധമ്മമെന്ന നിലയിൽ ധനമെല്ലാം ത്യജിച്ചിരുന്നെങ്കിലും ലൌകികമായ മോഹങ്ങൾ അവരിൽ അസ്തമിച്ചിരുന്നില്ലെന്നു വ്യക്തമാണ്. ഒന്നുരണ്ടു വഷം മുൻപ് അവക്കു സംഭാവനയായി പലരിൽനിന്നും പലപ്പോഴായി ലഭിച്ച ഇരുനൂറോളം രൂപാ ബാ രഹസ്യമായി സൂക്ഷിച്ചിരുന്നു. ആശ്രമത്തിലെ അംഗങ്ങൾക്ക് എന്തുതന്നെ ലഭിച്ചിരുന്നാലും, അതു് അവക്കായി നല്കപ്പെട്ടതാണെങ്കിലും സ്വന്തമായി വെയ്ക്കുവാൻ പാടില്ല എന്നാണ് നിയമം. അവർ പണം സ്വന്തമാക്കി സൂക്ഷിച്ചിരുന്നതു് ആശ്രമനിയമങ്ങൾക്കു വിരുദ്ധമായിരുന്നു. അവരുടേയും ആശ്രമത്തിന്റേയും ഭാഗ്യമെന്നു തന്നെ പറയട്ടേ, ബായുടെ മുറിയിൽ ഒരിക്കൽ കള്ളന്മാർ കയറി. മോഷ്ടാക്കൾക്കു കാര്യമായി ഒന്നും തന്നെ ലഭിച്ചില്ലെങ്കിലും ബായുടെ തെററു കണ്ടുപിടിക്കാൻ ഇടയായി. ചെയ്തുപോയ തെററിൽ കസ്തൂർബാ ഹൃദയപൂർവ്വം പശ്ചാത്തപിച്ചു. എങ്കിലും ആ പശ്ചാത്താപം കുറച്ചുകാലത്തേയ്ക്കു മാത്രമായിരുന്നു. ബായുടെ ഹൃദയം യഥാത്ഥമായ പരിവത്തനത്തിനു വിധേയമായിരുന്നില്ല. പണം സമ്പാദിക്കാനുള്ള അഭിലാഷം ഇനിയും നിശ്ശേഷം നശിച്ചിരുന്നില്ല.

ഏതാനും ദിവസങ്ങൾക്കുമുൻപ് ആരോ ബായ്ക്കു നാലുരൂപാ സംഭാവന നല്കി. അപ്പോഴും രൂപാ ആശ്രമത്തിൽ കൊടുക്കാതെ അവർ സ്വന്തമായി സൂക്ഷിച്ചു. ആശ്രമത്തിലെ ഒരു അംഗം ഇതു കാണുവാൻ ഇടയായി. അതു തെററായ പ്രവൃത്തിയാണെന്ന് അറിയാമായിരുന്നെങ്കിലും അയാൾ അതു മറച്ചുവെച്ചു. കുറച്ചുദിവസങ്ങൾക്കുശേഷം അയാൾ തന്നെ വിവരം ജോഷിയോടു പറഞ്ഞു. അതുകേട്ടു കോപാധിക്യത്താൽ വിറച്ചുകൊണ്ടു് ജോഷി ബായെ സമീപിച്ചു. കസ്തൂർബാ പശ്ചാത്താപവിവശയായി. പണം അദ്ദേഹത്തെ ഏല്പിച്ചു. ഇനിമേൽ ഇങ്ങനെ തെററുചെയ്കയില്ലെന്ന് അവർ പ്രതിജ്ഞചെയ്തു. അവർ ഹൃദയപൂർവ്വം പശ്ചാത്തപിക്കയാണെന്ന് എനിക്കു തോന്നി. കസ്തൂർബാ ചെയ്തുപോയിട്ടുള്ള ഏതെങ്കിലും തെററു ഭാവിയിൽ ആവർത്തിക്കപ്പെടുകയാണെങ്കിൽ ആ നിമിഷം എന്നെയും ആശ്രമത്തെയും ഉപേക്ഷിച്ചു പോകുന്നതാണെന്ന് അവർ ഉഗ്രപ്രതിജ്ഞ ചെയ്തു. ആശ്രമം അവരുടെ പശ്ചാത്താപം അംഗീകരിച്ചു. ആശ്രമവാസികൾ ബായുടെ തെററു ക്ഷമിക്കുകയും അവർ ആശ്രമത്തിൽ താമസിക്കുകയും ചെയ്യുമെങ്കിൽ മുൻപെന്നപോലെതന്നെ ഇനിമേലും അവർ ബഹുമാന്യയായിരിക്കും."

# XI

## ഹൃദയത്തിൻെറ ആഴത്തിലേയ്ക്കു്.

ഗാന്ധിജി ബിഹാറിലേക്കു പോയതു് 1917-ൽ ആണു്. അവിടെ ചമ്പാരൺ ഗ്രാമത്തിലെ കർഷകരുടെ അന്തമില്ലാത്ത ദുരിതങ്ങൾ അദ്ദേഹത്തിൻെറ ശ്രദ്ധയിൽപ്പെട്ടു. അവരുടെ ദുരിതത്തെ ഒഴിവാക്കുന്നതിനു വേണ്ടി പ്രവൎത്തനം ആരംഭിച്ചു.

ബിഹാർ ജനകമഹാരാജാവിന്റെ രാജ്യമായിരുന്നു. അവിടെ ഇന്നു ധാരാളം മാന്തോപ്പുകൾ ഉണ്ടു്. അതുപോലെ 1917-വരെ എണ്ണമില്ലാത്തവണ്ണം നീലത്തോട്ടങ്ങൾ അവിടെ ഉണ്ടായിരുന്നു. 'ചംപാരണി'ലെ കുടിയാൻ, ജന്മിയുടെ ആവശ്യത്തിനായി തൻെറ കൃഷിഭൂമിയിൽ ഇരുപതിൽ മൂന്നുഭാഗം സമലത്തു പ്രതിഫലം ഇല്ലാതെ നീലം കൃഷിചെയ്തുകൊള്ളണമെന്നു നിർബ്ബന്ധമുണ്ടായിരുന്നു. അതിനു 'തീൻകഠിയാ' സമ്പ്രദായം എന്നാണു പറഞ്ഞുവന്നതു്. നിത്യദുഃഖം അനുഭവിക്കുന്ന അനേകായിരം കൎഷകൎക്കു വേണ്ടി ഈ 'നീലക്കറ' ആ പ്രദേശത്തുനിന്നും തീരെ തുടച്ചുകളയേണ്ടതു് ആവശ്യമായിരുന്നു. ഗാന്ധിജിയുടെ 'ചംപാരൺ' അന്വേഷണം സത്യത്തേയും അഹിംസയേയും സംബന്ധിച്ച ചെയ്ത ഒരു ധീരമായ പരീക്ഷണം ആയിരുന്നു.

ചംപാരണിൽ ശുചീകരണവും വൈദ്യസഹായവും നിർവ്വഹിക്കുന്നതിനു സ്ത്രീകളേയും പുരുഷന്മാരേയും സേവകരായി നിയമിച്ചു. കുറേ സ്ത്രീകൾ ഗ്രാമീണരെ എഴുത്തും വായനയും പഠിപ്പിക്കുന്നതിനു നിയുക്തരായി. കസ്തൂർബായും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു. എഴുത്തോ വായനയോ പഠിപ്പിക്കുവാൻ കസ്തൂർബായ്ക്കു് കഴിവില്ലെങ്കിലും പലതരത്തിലും പാവങ്ങളുടെ ഹൃദയത്തിന് ആശ്വാസം നല്കുവാൻ മററാരെയുംകാൾ അവർക്കു സാധിക്കും. കസ്തൂർബായും കൂട്ടുകാരും, അജ്ഞതയുടേയും, കഷ്ടപ്പാടിൻേറയും, പരാധീനതയുടേയും ഉത്തരംഗമായിരുന്ന ആ ഗ്രാമത്തിൻെറ ഹൃദയാന്തർഭാഗത്തേയ്ക്കു് ഇറങ്ങിച്ചെന്നു. ചവറുകളും മലമൂത്രങ്ങളും കൊണ്ടു ചീഞ്ഞുനാറുന്ന ചുററുപാടിലാണു് സംസ്കാരലേശമില്ലാത്ത ആ കൂലിക്കാർ ജീവിച്ചതു്. സേവകസംഘാംഗങ്ങളോടൊത്തു് ഗ്രാമം ശുചിയാക്കുന്നതിനും വിദ്യാലയങ്ങൾവഴി ഗ്രാമവാസികളുടെ അജ്ഞത നീക്കുന്നതിനും ബാ അക്ഷീണമായി പരിശ്രമിച്ചു.

ഈ കാലത്തു് കസ്തൂർബായ്ക്കു പല പ്രയാസങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ടു്. ചംപാരണിൽ പുല്ലുമേഞ്ഞ ഒരു കുടിലിൽ അവർ പള്ളിക്കൂടം നടത്തിവന്നു. തോട്ടം പണിക്കാരായ കുറച്ചാളുകൾ ബായുടെ പ്രവർത്തനത്തിൽ പ്രതിഷേധിച്ചു് ഒരു രാത്രിയിൽ ആ പുല്ലുമാടം ചുട്ടുകളഞ്ഞു. പക്ഷേ ഈ സംഭവം അവർക്കു് അല്പവും മനശ്ചാഞ്ചല്യം ഉണ്ടാക്കിയില്ല. കസ്തൂർബായുടെ പ്രവർത്തനത്തിൽ ആവേശവും അഭിമാനവും പൂണ്ട

മററുചിലർ, ആ സ്ഥാനത്തു തന്നെ അശനിക്കു ചുട്ടെരിക്കാൻ കഴിയാത്തവണ്ണം സുരക്ഷിതമായ ഒരു കെട്ടിടം കല്ലുകൊണ്ടു പടുത്തുയർത്തി. ഗ്രാമോദ്ധാരണവിഷയത്തിൽ അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള അനവധി അനുഭവങ്ങളിൽ ഒന്നു മാത്രമാണിതു്.

ഗാന്ധിജിയും അനുയായികളും അവിടത്തെ ഓരോ ചെറുഗ്രാമത്തിലും ചുററി നടന്നു. ഒരു ഗ്രാമത്തിൽ സ്ത്രീകൾ വളരെ മലിനമായ വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നതു ഗാന്ധിജിയുടെ ശ്രദ്ധയിൽ പെട്ടു. അവർ വസ്ത്രം അലക്കി വെളുപ്പിച്ചു ധരിക്കാത്തതിന്റെ കാരണം അന്വേഷിക്കുവാൻ അദ്ദേഹം കസ്തൂർബായോടു് ആവശ്യപ്പെട്ടു. തുടന്നു് അന്വേഷിച്ചപ്പോൾ അവരിൽ ഒരു സ്ത്രീ ബായെ തന്റെ കുടിലിനുള്ളിൽ കൂട്ടിക്കൊണ്ടുപോയി ഇങ്ങനെ പറഞ്ഞു:—"നോക്കൂ! വേറേ ഏതെങ്കിലും ഒരു വസ്ത്രം സൂക്ഷിച്ചിട്ടുള്ള പെട്ടിയോ, അലമാരയോ ഒന്നും ഇവിടെ ഇല്ല. ഞാൻ ഉടുത്തിരിക്കുന്ന സാരി മാത്രമാണു് എനിക്കു് ആകെയുള്ള വസ്ത്രം. പിന്നെ, എങ്ങനെയാണു ഞാൻ ഇതു നനച്ചു വൃത്തിയാക്കുക? എനിക്കു വേറേ ഒരു സാരി തരാൻ മഹാത്മജിയോടു പറയൂ. എന്നാൽ ഞാൻ നിത്യവും കുളിച്ചു വൃത്തിയായ വസ്ത്രം ധരിച്ചുകൊള്ളാമെന്നു് ഏല്ക്കാം."

ഈ കുടിലു സാധാരണ കുടിലുകളിൽ നിന്നു വ്യത്യസ്തമായ ഒന്നല്ല. നമ്മുടെ നാടിൻെറ നട്ടെല്ലായ കർഷകരും, തൊഴിലാളികളും ജീവിക്കുന്ന ഗ്രാമങ്ങളിൽ

KOTTAYAM PUBLIC LIBRARY

എല്ലാം കാണുന്ന കാഴ്ചയാണിതു്. ആ ഗ്രാമഹൃദയങ്ങളിലേക്ക കടന്നു ചെന്നാൽ ഒഴിയാത്ത ഋണബാദ്ധ്യതയും ചുമക്കാനാവാത്ത കഷ്ടപ്പാടുകളുമായി ഇരുളടഞ്ഞ ക്രൂരകൎമ്മങ്ങളിൽ ജീവിതം വീർപ്പു മുട്ടുന്നതു കാണാം. എല്ലും തൊലിയും വീൎത്ത വയറും മാത്രമായി നടക്കുന്ന പേക്കോലങ്ങളാണു് അവരുടെ കുഞ്ഞുങ്ങൾ. പ്രഭാതം മുതൽ പ്രദോഷംവരെയും അവർ വിശ്രമമില്ലാതെ പണിയെടുക്കുന്നു. പ്രകൃതിയുടെ വൎഷധാരയും കാത്തിരിക്കുന്ന നാടൻ കൎഷകൻെറ മനോമണ്ഡലത്തിൽ ശാസ്ത്രത്തിന്റെ വെളിച്ചം വീശിയിട്ടില്ല. ഓരായിരം വൎഷങ്ങൾ കടന്നു വന്ന കരിയും നുകവും അയാളുടെ അസ്ഥിമാത്രമായുള്ള കാളകളുമാണു് ഇന്നും ആ ജീവിതത്തിൽ പറ്റിക്കൂടി നില്ക്കുന്നതു്. വേദന തിന്നു തളൎന്ന ഒരു കൂട്ടർ മദ്യത്തെ അഭയം പ്രാപിച്ചു സൎവ്വവും മറക്കുന്നു; എല്ലാം നശിപ്പിക്കുന്നു; ജീവിതത്തെ നരകമാക്കി മാററുന്നു.

ദുർഗന്ധം പുരണ്ട ആ ജീവിതത്തിൽ സംസ്കാരമോ, ശാസ്ത്രമോ വെളിച്ചം വിതറുന്നില്ല. ഇവിടത്തെ എണ്ണമില്ലാത്ത ഗ്രാമങ്ങളിലെ അനവധി കുടിലുകളിൽ വസിക്കുന്നവൎക്ക നഗ്നത മറയ്ക്കുവാൻമാത്രം ചുററിയിരിക്കുന്ന തുണിത്തുണ്ടം ഒന്നു മാറ്റി ഉടുക്കുവാൻ മറ്റൊന്നില്ല. ഒരുനേരംപോലും വിശപ്പടങ്ങുമാറു ഭക്ഷണം കഴിക്കാനില്ല. ശരിയായ വീടോ കിടക്കാനുള്ള ഉപകരണങ്ങളോ യാതൊന്നുമില്ല. ഇവിടെയും ജീവിതം സ്പന്ദിക്കുന്നു!

ഈവിധം ശോകമയങ്ങളായ രംഗങ്ങൾ ബാപ്പുടെ ഹൃദയതലത്തിൽ മായാത്ത ചിത്രങ്ങൾ രചിച്ചു. അര

പ്പട്ടിണിക്കാരായ കർഷകരുടെ ദുരിതപൂർണ്ണമായ ജീവിതം അവരുടെ നിർമ്മലഹൃദയത്തിന്റെ മൃദുലതന്ത്രികളെ വല്ലാതെ ഉലച്ചുകളഞ്ഞു. അശരണരായ ചമ്പാരൺ കൃഷിക്കാരുടെ കഷ്ടതകൾകണ്ടു് കസ്തൂർബായുടെ നയനങ്ങളിൽ കണ്ണുനീർനിറഞ്ഞു. ഭാരതത്തിലെ അവശരായ മൂകലക്ഷങ്ങളുടെ ദുരിതനിവാരണത്തിനു വേണ്ടി ബാ തന്റെ ജീവിതം അർപ്പിച്ചു.

# XII

## പുത്രദുഃഖം

ഭാരതത്തിലെ നിരാലംബരായ ദരിദ്രനാരായണന്മാരെ ഉദ്ധരിക്കാൻ ബായും ബാപ്പുവും വിശ്രമമില്ലാതെ പരിശ്രമിക്കുന്നു. അക്ഷരജ്ഞാനമില്ലാത്ത സാധുജനങ്ങളെ അവർ ചുററുപാടിൽനിന്നും അടർത്തിയെടുത്തു് ഒരു പുതിയ ലോകത്തിലേയ്ക്കു് ഉയർത്തുകയാണു്. ഈ ഘട്ടത്തിലെല്ലാം മഹാത്മജിയുടെ സീമന്തപുത്രൻ, ഹീരലാൽ ദുർവൃത്തനായി, മദ്യപനായി ഇൻഡ്യയിലെ തെരുവീഥികളിലൂടെ അലഞ്ഞു തിരിയുകയായിരുന്നു. അയാൾ അച്ഛനമ്മമാരുടെ ഹൃദയത്തിൽ ഒരു പേക്കിനാവായി പരിണമിച്ചു. അയാളെപ്പററി ചിന്തിക്കുമ്പോൾ ഒരു ഉടക്കുളി കരളിൽ കുത്തി വലിക്കുന്ന അനുഭവമാണു്

അച്ഛനമ്മമാക്ക് ഉണ്ടായിക്കൊണ്ടിരുന്നതു്. ആ പുത്രൻ അവരുടെ ഹൃദയത്തിലെ ഒടുങ്ങാത്ത വേദനയായിത്തീൎന്നു. ഹീരലാലിൻെറ ഹൃദയത്തിൽ നല്ല വിചാരങ്ങൾക്കു സ്ഥാനം ഉണ്ടായിരുന്നില്ല. അതു പാറപ്പുറംപോലെ പരുപരുത്തതാണു്. ചില അപൂൎവനിമിഷങ്ങളിൽ അയാളുടെ ഹൃദയത്തിലും മൃദുലങ്ങളായ സ്മരണകൾ ഊറിക്കൂടും. അവയുടെയിലൂടെ അയാളുടെ പ്രിയപ്പെട്ട അമ്മയുടെ രൂപം തെളിഞ്ഞുവരും. അപ്പോൾ ആ പുത്രഹൃദയം ഹേമന്തചന്ദ്രികയിലെ ചന്ദ്രകാന്തക്കല്ലുപോലെ അലിയുവാൻ തുടങ്ങും. അവിടെ സ്നേഹവീചികൾ ഇളകിത്തുടങ്ങും. അച്ഛനെ അയാൾ തീരെ വെറുത്തു. എന്നാൽ അമ്മയോടു് അയാൾക്കുള്ള സ്നേഹം കുറഞ്ഞില്ല. അതു വളരുകയാണു് ഉണ്ടായതു്.

ഒരിക്കൽ മഹാത്മജിയും കസ്തൂർബായും യാത്ര ചെയ്തിരുന്ന തീവണ്ടി ഒരു സ്റ്റേഷനിൽ നില്ക്കുമ്പോൾ ആളുകൾ അവരെ കാണുവാൻ തിങ്ങിക്കൂടി. ഈ വാൎത്ത ഹീരലാലിന്റെ ചെവിയിലും എത്തി. അയാൾ തീവണ്ടി സ്റ്റേഷനു സമീപമുള്ള വഴിയിൽ അലഞ്ഞു നടക്കുകയായിരുന്നു. അയാളുടെ ഹൃദയത്തിൽ വിരുദ്ധവികാരങ്ങൾ തമ്മിൽ ഇടഞ്ഞു; അച്ഛനെക്കാണുന്നതിലുള്ള വെറുപ്പും അമ്മയെക്കാണാനുള്ള ആൎത്തിയും. അയാൾക്കു് പരിഭ്രമവും വിഷാദവും ഉണ്ടായി. എവിടുന്നോ ഒരു മധുരനാരങ്ങ സമ്പാദിച്ചു്, അയാൾ ആൾക്കൂട്ടത്തിനിടയിലൂടെ പാഞ്ഞു പ്ലാററ്ഫാറത്തിലെത്തി. ദൂരെ ഒളിഞ്ഞു നിന്നു് അച്ഛനമ്മമാരെ നോക്കിക്കണ്ടു. ആവേശം

മെല്ലാം നിലച്ചു. അവിടെത്തന്നെ കുറച്ചുനേരം നിന്നു. അയാളുടെ കാലുകൾ മുന്നോട്ടു ചലിച്ചില്ല. ഹൃദയം അതിവേഗം മിടിച്ചു. ഗാന്ധിജി പത്രം വായിക്കുകയാണു്. അയാൾ കുറെ നേരം അമ്മയെത്തന്നെ നോക്കിക്കൊണ്ടുനിന്നു. ആളുകൾ അവരെക്കാണുവാൻ തിരക്കു കൂട്ടുന്നു. സ്വന്തം പുത്രനുമാത്രം മുന്നോട്ടു പോകുവാൻ കഴിഞ്ഞില്ല. ഏതാനും നിമിഷങ്ങൾക്കു ശേഷം കൈയ്യിൽ നീട്ടിപ്പിടിച്ച മധുരനാരങ്ങയുമായി അയാൾ ബായുടെ സമീപം ചെന്നു. മകന്റെ ഉപഹാരം അമ്മ സ്വീകരിച്ചു. അയാൾക്കു വല്ലാത്ത ഹൃദയവേദന തോന്നി. വിയർത്തൊലിച്ചുകൊണ്ടു തെണ്ടിയായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന മകനെ അമ്മ പലവുരു നോക്കി. ആ മാതൃഹൃദയത്തിൽ വികാരങ്ങൾ തിക്കി ത്തിരക്കി; നയനങ്ങൾ നിറഞ്ഞു തുളുമ്പി. അധരം വിറച്ചു. പത്രം വായിച്ചിരുന്ന ഗാന്ധിജിയെ പെട്ടെന്നു് ബാ വിളിച്ചു. ബാപ്പു പത്രം താഴെ, വച്ചു് എഴുന്നേററു. ഹീരലാൽ ഓടി ആൾക്കൂട്ടത്തിനിടയിൽ മറഞ്ഞു; അമ്പരന്നു വെളിയിലേയ്ക്കു നോക്കിനിന്ന ബാപ്പുവിന്റെ കണ്ണിൽ പെടാതെ അയാൾ ഓടി മറഞ്ഞു കളഞ്ഞു.

വണ്ടി നീങ്ങിത്തുടങ്ങിയപ്പോൾ ഹീരലാൽ വീണ്ടും കമ്പി വേലിമേൽ കയറിനിന്നു് 'ആ മധുരനാരങ്ങ ബാ തന്നെ തിന്നണം; ബാപ്പുവിനു കൊടുക്കരുതു്'; കൊടുക്കരുതു്, എന്നു വിളിച്ചു പറഞ്ഞു. ഓടിത്തുടങ്ങിയ തീവണ്ടിയുടെ ഇരമ്പലിന്നിടയിലൂടെ ആ വാക്കുകൾ അച്ഛനമ്മമാ

രുടെ ഹൃദയത്തിലേയ്ക്കു് ഒഴുകിച്ചെന്നു. സ്വന്തം മകനു മായുള്ള അവരുടെ ക്രൂടിക്കാഴ്ച!

സംസ്കാരമുള്ള മനുഷ്യൻ വിലകല്പിക്കുന്ന യാതൊന്നിനേയും ഹീരലാൽ ബഹുമാനിച്ചില്ല. ബായും ഗാന്ധിജിയും അജ്ഞാനാന്ധകാരത്തിൽ മുങ്ങിക്കിടന്ന തെണ്ടികളെ എല്ലാം മനുഷ്യരാക്കുകയായിരുന്നു. എന്നാൽ ഹീരലാൽ മാത്രം ഒരിക്കലും മനുഷ്യത്വത്തിലേയ്ക്കു മടങ്ങിയില്ല.

വളരെ നാൾ ചിന്തിച്ചശേഷം 1936-ൽ ബാ ഹൃദയം നൊന്തു ഹീരലാലിനൊരു കത്തയച്ചു.

"മകനെ, ഹീരലാൽ,

ഈയിടെ ഒരു പാതിരാവിൽ മദ്രാസിലെ ഒരു തെരുവിൽവെച്ചു കുടിച്ചു ലക്കില്ലാതെ, പരസ്യമായി മര്യാദകെട്ടു പെരുമാറുന്നതുകണ്ടു നിന്നെ പോലീസ്സുകാർ പിടിച്ചുകൊണ്ടു പോയി എന്നു ഞാൻ പത്രത്തിൽ വായിച്ചു. പിറേറന്നു നിന്നെ മജിസ്ട്രേട്ടു കോടതിയിൽ ഹാജരാക്കി. മജിസ്ട്രേട്ടു നിനക്കു ഒരു രൂപാ പിഴയിട്ടു. നിന്നോടു് ഇത്ര സൗജന്യംകാട്ടിയ മജിസ്ട്രേട്ടു് എത്ര നല്ല ആളായിരിക്കണം.

"നിനക്കു് ഇങ്ങനെ നാമമാത്രമായ ശിക്ഷ നല്കിയ മജിസ്ട്രേട്ടു പോലും നിന്റെ അച്ഛനോടു ബഹുമാനം കാണിച്ചു. ഈ സംഭവത്തെപ്പററി കേട്ടതു മുതൽ

എനിക്കു സൈപരമില്ല. ആ രാത്രിയിൽ നീ തനിച്ചായിരുന്നോ അതോ നിന്നോടുകൂടി കൂട്ടുകാരാരെങ്കിലും ഉണ്ടായിരുന്നോ എന്നെനിക്കറിഞ്ഞുകൂടാ. ഏതായാലും നീ വളരെ തെററായിപ്പെരുമാറി.

"നിന്നോടെന്താണു് ഞാൻ പറയേണ്ടതു്? ഇക്കാലമത്രയും, നീ നിന്നെത്തന്നെ നിയന്ത്രിക്കണമെന്നു ഞാൻ നിന്നോടു കെഞ്ചിപ്പറഞ്ഞിട്ടുണ്ടു്. എന്നാൽ നീ കൂടുതൽ കൂടുതൽ വഷളാവുകയാണു ചെയ്തിട്ടുള്ളതു്. ഇപ്പോൾ നീ എനിക്കു ജീവിച്ചിരിക്കാൻ പോലും വയ്യാതാക്കിത്തീർത്തിരിക്കുന്നു. നിൻെറ വൃദ്ധരായ മാതാപിതാക്കൾക്കു് അവരുടെ ജീവിതസായാഹ്നത്തിൽ നീ വരുത്തിക്കൂട്ടുന്ന ദുരിതം എത്രമാത്രമാണെന്നു് ഒന്നു് ആലോചിച്ചുനോക്കൂ!

"നിൻെറ അച്ഛൻ ആരോടും ഒന്നും പറയുന്നില്ല. എന്നാൽ നീ ഏല്പിക്കുന്ന ഈ ഞെട്ടുക്കങ്ങൾ അദ്ദേഹത്തിൻെറ ഹൃദയത്തെ എങ്ങനെ പിളക്കുന്നുവെന്നു് എനിക്കറിയാം. ഇങ്ങനെ അടിക്കടി ഞങ്ങളുടെ ഹൃദയത്തെ വ്രണപ്പെടുത്തി, എന്തൊരു മഹാപാപമാണു നീ ചെയ്യുന്നതു്. ഞങ്ങളുടെ മകനായി ജനിച്ച നീ ഇന്നു ശത്രുവിനെപ്പോലെ പെരുമാറുന്നല്ലോ.

"ഈ അടുത്തകാലത്തു് അലഞ്ഞു തിരിയുന്നതിനിടയിൽ നീ നിൻെറ മഹാനായ അച്ഛനെ വിമർശിക്കുകയും പരിഹസിക്കുകയും ചെയ്തുവെന്നും ഞാൻ അറി

യുന്നു: ഇതു നിന്നെപ്പോലെ ബുദ്ധിയുള്ള ഒരു കുട്ടിക്കു ചേന്നതല്ല. അദ്ദേഹത്തെ അവമാനിച്ച നീ നിന്നെത്തന്നെ ചവിട്ടിത്താഴ്ത്തുകയാണെന്നു തീരെ അറിയുന്നില്ല. അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിനക്കുവേണ്ടി സ്നേഹം അല്ലാതെ മറ്റൊന്നുമില്ല. ചരിതശുദ്ധിക്ക് അദ്ദേഹം ഏററവും കൂടുതൽ പ്രാധാന്യം കല്പിക്കുന്നുവെന്നും നിനക്കറിയാം. നീ ഒരിക്കലും അദ്ദേഹത്തിന്റെ ഉപദേശം ഒട്ടും ശ്രദ്ധിച്ചിട്ടില്ല. എന്നിട്ടും നിന്നെ കൂടെ താമസിപ്പിക്കാനും നിനക്കു വേണ്ട ആഹാരവും വസ്ത്രവും തരാനും നിന്നെ ശുശ്രൂഷിക്കുവാൻ പോലും അദ്ദേഹം തയാറാണല്ലോ?

"നീ വരുത്തിവെയ്ക്കുന്ന ഹൃദയവേദന താങ്ങുവാൻ കെല്പില്ലാത്ത ദുർബ്ബലയായ ഒരു വൃദ്ധയാണു ഞാൻ.

"നീ ഒരിടത്തും എനിക്കു സ്വസ്ഥത തരുന്നില്ല. ലജ്ജാഭാരംകൊണ്ടു് എനിക്കു മിത്രങ്ങളുടെയോ അപരിചിതരുടെയോ ഇടയിൽ തല ഉയത്തുവാൻ കഴിയുന്നില്ല. നിൻെറ അച്ഛൻ എപ്പോഴും നിനക്കു മാപ്പു നല്കുന്നുണ്ടു്. പക്ഷെ, നിൻെറ നടപടികൾ ഈശ്വരൻ പൊറുക്കുകയില്ല.

"ഓരോ ദിവസവും രാവിലെ ഞാൻ ഉണരുന്നതു മാനക്കേടുളവാക്കുന്ന എന്തൊരു പുതിയ വാത്തയായിരിക്കും പത്രങ്ങൾ കൊണ്ടുവരിക എന്ന ഞെട്ടലോടെയാണു്. നീ എവിടെയാണു്? എന്താണു തിന്നുക? എവി

യാണുറങ്ങുക? ഇങ്ങനെയെല്ലാം വിചാരിച്ചു ഞാൻ പലപ്പോഴും അമ്പരക്കാറുണ്ട്. ഒരു വേള നീ വിലക്കപ്പെട്ട ഭക്ഷണമായിരിക്കാം കഴിക്കുന്നതു്.

"നിന്നെ ഒന്നു കണ്ടാൽ കൊള്ളാമെന്നു് ഞാൻ പലപ്പോഴും ആഗ്രഹിക്കാറുണ്ടു്. പക്ഷേ, എവിടെയാണു നിന്നെ കാണുക! എൻെറ മൂത്ത പുത്രനാണു നീ. നിനക്കു് അൻപതു വയസ്സോളം പ്രായവും ആയി.

"നീ എന്നെ അധിക്ഷേപിച്ചെങ്കിലോ എന്നു കരുതി നിൻെറ അടുത്തു വരുവാൻപോലും എനിക്കു ഭയമാണു്. നീ നിൻെറ പൂർവികന്മാരുടെ മതം മാറിയതെന്തിനാണെന്നു് എനിക്കറിവില്ല. അതു നിന്റെ സ്വന്തം കാര്യമാണു്. എന്നാൽ നീ ചുററി നടന്നു ശുദ്ധഗതിക്കാരും അജ്ഞരുമായ സാധുജനങ്ങളോടെല്ലാം നിന്റെ മാതൃകയെ പിൻതുടരുവാൻ ഉപദേശിക്കുന്നതായി കേൾക്കുന്നു... നീ നിന്റെ അച്ഛന്റെ മകനാണെന്നുള്ളതു കൊണ്ടു മാത്രം ഒരു വേള അവർ നിന്നെ വിശ്വസിച്ചുപോയെന്നുവരാം. മതം ഉപദേശിക്കുവാൻ നീ അർഹനല്ല. നിൻെറ ദുർന്നടപടികൾ വരുത്തിക്കൂട്ടുന്ന ദുഃഖഭാരം എത്ര വിഷമിച്ചാണു നിൻെറ പുത്രിമാരും മരുമകനും സഹിച്ചുകൊണ്ടിരിക്കുന്നതു്".

# XIII

## സ്വാതന്ത്ര്യസമരം

സ്വാതന്ത്ര്യസമരത്തിലെ വാടം എടുക്കാത്ത സേനാനായകനാണു ഗാന്ധിജി. വിദേശികളുടെ ആധിപത്യത്തിൽനിന്നും ഭാരതത്തെ മോചിപ്പിക്കണമെന്ന് അദ്ദേഹം എല്ലാവരേയും ഉദ്ബോധിപ്പിച്ചു. ഇൻഡ്യൻ നാഷനൽ കാൺഗ്രസ്സിൻെറ പ്രവൎത്തനപരിപാടികൾ വിപുലമാക്കി. അതിനെ തുടൎന്നു 1922-ൽ ഗവൎമ്മെൻറു മഹാത്മജിയെ ബന്ധിച്ചു ആറുവൎഷത്തേയ്ക്കു ശിക്ഷിച്ചു തടവിലാക്കി.

ഗാന്ധിജിയുടെ അറസ്റ്റ് ജനങ്ങളെ കൂടുതൽ ക്ഷോഭിപ്പിച്ചു. സ്വാതന്ത്ര്യസമരത്തിൻെറ പരിപാടി പലതരത്തിൽ രൂപംകൊണ്ടു. വിദേശവസ്ത്രബഹിഷ്കരണം അതിൽ വളരെ പ്രാധാന്യം അൎഹിക്കുന്നു. കസ്തൂർബായും സരോജിനീനായിഡുവുമാണ് ഇതിന്റെ നേതൃത്വം വഹിച്ചതു്. ഗാന്ധിജിയുടെ അസാന്നിദ്ധ്യത്തിലെ പ്രവൎത്തനങ്ങളിൽ കസ്തൂർബാ പ്രധാന പങ്കു വഹിച്ചു. ആശ്രമത്തിലെ ജോലികൾക്കു പുറമെയാണ് അവർ ഈ കാൎയ്യങ്ങൾ നിർവഹിച്ചതു്. ഗാന്ധിജിക്കു പ്രിയംകരമായ കാൎയ്യങ്ങളിലെല്ലാം അവർ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. കസ്തൂർബാ ജനങ്ങളുടെ മുൻപാകെ

താഴെക്കാണുന്നവിധം ത്രിമുഖമായ പരിപാടികൾ ഉൾക്കൊള്ളുന്ന ഒരു പ്രസ്താവന സമർപ്പിച്ചു:—

"പ്രിയപ്പെട്ട ജനങ്ങളെ,

"നമ്മുടെ പ്രിയപ്പെട്ട ബാപ്പുവിന് ഇന്ന് ആറു വർഷത്തെ തടവുശിക്ഷ വിധിച്ചു. ഈ ഭയങ്കരമായ ശിക്ഷ എന്നെ വിഷാദിപ്പിക്കുന്നില്ല എന്നു തീർത്തുപറയുവാൻ വയ്യ. ശിക്ഷയുടെ അവധി കുറച്ചു, ഗാന്ധിജിയെ മോചിപ്പിക്കുക എന്നതു നമ്മുടെ കഴിവുകൾക്കപ്പുറം അല്ല എന്ന ചിന്തയിൽ ഞാൻ സമാശ്വസിക്കയാണ്."

"ഇൻഡ്യ ഉണർന്നെഴുന്നേററു കാൺഗ്രസ്സിൻെറ സൃഷ്ടിപരമായ പരിപാടി നടപ്പിൽ വരുത്തുകയാണെങ്കിൽ ഗാന്ധിജിയെ സ്വതന്ത്രനാക്കുക മാത്രമല്ല, കഴിഞ്ഞ പതിനെട്ടുമാസമായി നാം എന്തിനുവേണ്ടി സമരം ചെയ്യുന്നുവോ, കഷ്ടതകൾ സഹിക്കുന്നുവോ, ആ പ്രശ്നങ്ങളും അതോടൊപ്പം വിജയിക്കും. ഇക്കാര്യത്തിൽ തെല്ലും സംശയിക്കേണ്ടതില്ല."

"ഇതിൻെറ പ്രതിവിധി നമ്മുടെ പക്കലാണ്. നമ്മൾ പരാജയപ്പെടുകയാണെങ്കിൽ അതു നമ്മുടെ തെററുകൊണ്ടു മാത്രമായിരിക്കും. അതുകൊണ്ട് എന്നോടൊപ്പം സഹതപിക്കുകയും ഗാന്ധിജിയെ ബഹുമാനിക്കുകയും ചെയ്യുന്ന എല്ലാ സ്ത്രീപുരുഷന്മാരോടും കാൺഗ്രസ്സിൻെറ സൃഷ്ടിപരമായ പരിപാടി നടപ്പിൽ വരുത്തുന്ന

തിന്നായി ഹൃദയപൂൎവ്വം സഹകരിച്ചു പ്രവൎത്തിക്കുവാൻ ഞാൻ അഭ്യൎത്ഥിക്കുന്നു."

"കാൺഗ്രസ്സിൻെറ പരിപാടിയിൽ ചൎക്കയ്ക്കും ഖദറിന്നും ഏററവും കൂട്ടതൽ പ്രാധാന്യം കല്പിക്കുന്നു. ഈ മാൎഗ്ഗത്തിലുള്ള നമ്മുടെ പരിശ്രമം ജനസാമാന്യത്തിന്റെ സമ്പൽപ്രശ്നം പരിഹരിക്കുമെന്നുമാത്രമല്ല, രാഷ്ട്രീയമായ അടിമത്തത്തിൽനിന്നു നമ്മെ വിമുക്തരാക്കുകയും ചെയ്യും. അപ്പോൾ ഗാന്ധിജിയുടെ അടിയുറച്ച വിശ്വാസത്തിന്നു ഭാരതം നല്കുന്ന പ്രഥമവും പ്രധാനവുമായ സംഭാവന ഇതായിരിക്കും."

(1) "എല്ലാ സ്ത്രീപുരുഷന്മാരും വിദേശവസ്ത്രം ഉപേക്ഷിച്ചു ഖദർ ഉടുക്കുകയും മററുള്ളവരെ അതിലേയ്ക്കു പ്രേരിപ്പിക്കുകയും ചെയ്യുക.

(2) എല്ലാ സ്ത്രീകളും ദിനംപ്രതി നൂല് നൂല്ക്കുകയും മററുള്ളവരെ അതിന്നു പ്രേരിപ്പിക്കുകയും ചെയ്യുക എന്നതു് ഒരു മതകൎമ്മമായി അംഗീകരിക്കുക.

(3) കച്ചവടക്കാരെല്ലാം വിദേശവസ്ത്രവ്യാപാരം അവസാനിപ്പിക്കുക."

ആദ്യത്തെ നിയമലംഘനസമരത്തിൽ തന്നെ കസ്തൂർബാ അറസ്ററു വരിച്ചു. ആശങ്കാജനകവും ക്ലേശപൂൎണ്ണവുമായ അനവധി രംഗങ്ങളിൽ ബാ, മററാരെ

ക്കാളും പ്രധാനമായ വ്യക്തിത്വം പ്രകടമാക്കിക്കൊണ്ടു ഗാന്ധിജിയുടെ മാർഗ്ഗത്തെ അനുഗമിച്ചിട്ടുണ്ടു്.

ഒരിക്കൽ കാശിയിൽ സനാതനികളുടെ ഒരു സമ്മേളനത്തിൽ ബാപ്പു പ്രസംഗിക്കുകയായിരുന്നു. അവിടെ വലിയ ബഹളവും കല്ലേറും നടക്കുന്നു എന്നു ബാ കേട്ടു. ബായും ദേവദാസും ജവാഹർലാൽ നെഹ്റുവും കൂടി ഒരു കാറിൽ കയറി സമ്മേളനസ്ഥലത്തേയ്ക്കു പോയി. വഴിയിൽ ആളുകൾ കാറു തടഞ്ഞു നിറുത്തി. ഉടനെ ബാ കാറിൽനിന്നും ഇറങ്ങി "ബാപ്പുവിനു് കല്ലേറു കൊള്ളുകയാണു്. പിന്നെ ഞാനെങ്ങനെ വെളിയിൽ നില്ക്കും." എന്നു പറഞ്ഞുകൊണ്ടു് ആൾക്കൂട്ടത്തിനിടയിലൂടെ നടന്നു ഗാന്ധിജിയുടെ സമീപത്തേയ്ക്കു പോയി. ഇങ്ങനെ തക്ക സമയം ധീരമായി പ്രവർത്തിക്കുവാൻ അവർക്കു പ്രത്യേക വാസനയുണ്ടായിരുന്നു.

ഗാന്ധിജിയും കസ്തൂർബായും സിലോൺ സന്ദർശിച്ച അവസരത്തിൽ ഒരു പൊതുസമ്മേളനത്തിൽ പ്രസംഗിക്കവേ, ഗാന്ധിജി ഇങ്ങനെ പറഞ്ഞു:—"ഒരാൾ 'ബാ' എൻെറ അമ്മയാണെന്നു തെററിദ്ധരിച്ചു. അതു് എനിക്കും ബായ്ക്കും ഒരുപോലെ ക്ഷന്തവ്യമായ-സ്വാഗതാർഹമായ ഒരു തെററുമാത്രമാണു്. കുറച്ചുവർഷങ്ങൾക്കു മുൻപു് അന്യോന്യസമ്മതത്തോടുകൂടി ബാ എൻെറ ഭാര്യ അല്ലാതായിത്തീർന്നു. നാല്പതുവർഷം മുൻപു ഞാൻ മാതൃവിഹീനനായി; എന്നാൽ മുപ്പതുകൊല്ലക്കാലമായി 'ബാ' എൻെറ മാതൃസ്ഥാനം കരസ്ഥമാക്കിയി

രിക്കയാണു്. അവർ എൻെറ അമ്മയാണു്; ഓമനച്ചങ്ങാതിയാണു്; നഴ്സാണു്; അടുക്കളക്കാരിയാണു്; പരിചാരികയാണു്, അവർ എനിക്കു് എല്ലാവുമാണു്. ഇന്നു പ്രഭാതത്തിലെ സ്വീകരണത്തിലും പ്രശസ്തികളെല്ലാം പങ്കിട്ടു സ്വീകരിക്കുവാൻ ബാ എന്നോടൊന്നിച്ചു വന്നിരുന്നെങ്കിൽ ഞാൻ ഇപ്പോഠം ആഹാരം കഴിക്കാതെ, ഇവിടെ സന്നിഹിതനാകാൻ ഇടയാകുമായിരുന്നു. എൻെറ വസ്ത്രധാരണത്തിലും സുഖസൗകര്യങ്ങളിലും ശ്രദ്ധിക്കുവാൻ ആരും ഉണ്ടാകുമായിരുന്നില്ല. അങ്ങനെ ഇന്നു ഞങ്ങഠം അന്യൂനമായ ആത്മവിശ്വാസത്തോടുകൂടി പ്രവത്തിക്കുന്നു. പ്രശസ്തിയെല്ലാം എനിക്കും കുററവും കുറവും ബായ്ക്കും"

മദ്യവും വിവാഹച്ചെലവുകളുമാണു സ്വതേതന്നെ അരപ്പട്ടിണിക്കാരായ കർഷകരെ കൂടുതൽ ദുണബധരാക്കുന്നതു് എന്നു ബാ മനസ്സിലാക്കി. അക്ഷരജ്ഞാനമില്ലാത്ത കർഷകത്തൊഴിലാളികളോടു മദ്യം വജ്ജിക്കുവാനും അടിയന്തിരച്ചിലവുകഠം കുറയ്ക്കുവാനും അവർ ഉപദേശിച്ചു. വിദ്യയോ സംസ്കാരമോ എത്തിനോക്കാതെ കുത്തഴിഞ്ഞു കിടക്കുന്ന ഗ്രാമീണരുടെ ജീവിതത്തിൽ ഒരു അടുക്കും ചിട്ടയും വരുത്തുവാൻ ബാ പരിശ്രമിച്ചു. സ്ത്രീകളുടെ നേരേ കൂടുതൽ സ്നേഹത്തോടും തുറന്ന ഹൃദയത്തോടും കൂടി പെരുമാറണമെന്നു് അവർ പുരുഷന്മാരെ ഉപദേശിച്ചു. അവരെ എഴുത്തും വായനയും പഠിപ്പിക്കുവാൻ വേണ്ട പരിപാടികഠം തുടങ്ങി. ഹരിജ

നങ്ങളെ ബാ ഏററവും കൂടുതൽ സ്നേഹിച്ചു. ജാതിയോ മതമോ സ്നേഹത്തിനു ബാധകമാകരുതെന്ന് അവർ ജനങ്ങളോട് അപേക്ഷിച്ചു. ഹരിജനങ്ങളുടെ മേൽ കൂടുതൽ വാത്സല്യവും കാരുണ്യവും കാണിക്കുവാൻ ആവശ്യപ്പെട്ടു.

കസ്തൂർബാ, ഗാന്ധിജിയുടെ വിശ്വസ്തയായ ഒരു കൂട്ടുകാരി ആയിരുന്നു. അദ്ദേഹത്തിൻെറ ഹൃദയത്തിനു ഇഷ്ടമായ കാര്യങ്ങളിൽ അവർ നിശ്ശബ്ദമായി പ്രവർത്തിച്ചു. ഗുർജരത്തിലെ അന്തഃപുരങ്ങളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന സ്ത്രീകളെ ഉണർത്തി, ബർദോളി നികുതി നിഷേധസമരത്തിൽ ആവേശം കൊടുത്തു രംഗത്തിലിറക്കി, ലാത്തിച്ചാർജ്ജുകൾ സഹിക്കുവാനും, അറസ്ററു വരിക്കുവാനും, മററ് അനവധി ദുർഘടഘട്ടങ്ങൾ തരണം ചെയ്യുവാനും അവരെ സന്നദ്ധരാക്കിയതു കസ്തൂർബായുടെ ധൈര്യവും, ത്യാഗവും, ഉപദേശവും ആണ്. ബായുടെ മാതൃക ഭാരതീയവനിതകൾക്കു പ്രചോദനം നല്കി. പിന്നീട് ഒരിക്കലും ദേശീയസമരത്തിൽ ഹൃദയപൂർവ്വം പങ്കെടുക്കുന്നതിൽ ഭാരതീയസ്ത്രീകൾ മടി കാണിച്ചിട്ടില്ല.

കസ്തൂർബാ സത്യഗ്രഹാശ്രമത്തിലെ സ്ത്രീകളുടെ നേതൃത്വം വഹിച്ചു. ബാ അനവധിപ്രാവശ്യം അറസ്ററു വരിച്ചിട്ടുണ്ട്. 1932-ജനുവരി 15-ാംനു- അവരെ ആറാഴ്ചത്തെ വെറുംതടവിനു ശിക്ഷിച്ചു. മാർച്ച് 15-ാംനു- വീണ്ടും അറസ്ററുചെയ്യുകയും ബർദോളി മജിസ്ട്രേട്ട്

ആറുമാസത്തെ കഠിനതടവിനു ശിക്ഷിക്കുകയും ചെയ്തു. വീണ്ടും 1933-ൽ ആഗസ്റ്റ് 1-ാംനു- സബർമതി ആശ്രമത്തിൽവച്ചു് അറസ്ററുചെയ്തു; അഹമ്മദബാദിലെ റൗൺ മജിസ്റ്റ്രേട്ടു് ആറു മാസത്തെ വെറും തടവിനു ശിക്ഷിച്ചു. ഇങ്ങനെ ബായും ജയിൽ ജീവിതത്തിൻെറ യാതനകൾ വളരെ അധികം അനുഭവിച്ചു.

നിരാഹാരവ്രതം കൊണ്ടു് ഇൻഡ്യയ്ക്കു പല വൻ കാര്യങ്ങളും നേടാമെന്നു ഗാന്ധിജി വിശ്വസിച്ചു. സ്വാതന്ത്ര്യസമ്പാദനത്തിനു വേണ്ടി അദ്ദേഹം പലപ്പോഴും നിരാഹാരവ്രതം അനുഷ്ഠിച്ചു. ചിലപ്പോഴെല്ലാം വ്രതാനുഷ്ഠാനം മരണത്തിൻെറ വക്കുവരെ നീണ്ടിയിട്ടുണ്ടു്. അങ്ങനെയുള്ള പരിതഃസ്ഥിതികളിൽ എല്ലാം ബായുടെ സ്നേഹപൂർവ്വമായ പരിചരണം ആണു ഗാന്ധിജിയുടെ ജീവനെ രക്ഷിച്ചതു്. 1933-ൽ ഗാന്ധിജിയെ അറസ്റ്റ്ചെയ്തു സബർമതി ജയിലിൽ അടച്ചു. അപ്പോൾ അദ്ദേഹത്തിനു് അറുപത്തിനാലു വയസ്സായിരുന്നു. മരണംവരെ നിരാഹാരവ്രതംഅനുഷ്ഠിക്കുവാൻ അദ്ദേഹം തീർച്ചയാക്കി. പെട്ടെന്നു തന്നെ അദ്ദേഹത്തിന്റെ ദേഹസ്ഥിതി അപകടത്തിലായി. സരോജിനീനായിഡുവിനെ ജയിൽമുറിയിൽനിന്നും ഗാന്ധിജിയുടെ സമീപത്തേയ്ക്കു കൊണ്ടുവന്നു ജവാഹർലാൽനെഹ്രുവും, വിജയലക്ഷ്മീപണ്ഡിററും മഹാകവി ടാഗ്രറും അദ്ദേഹത്തിൻെറ അടുത്തെത്തി. ഗാന്ധിജി ശക്തിക്ഷയിച്ചു, വളരെ അവശനായി കിടന്നിരുന്നു. അവരെല്ലാം ഗാന്ധിജിയെ നിർന്നിമേഷരായ



പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക.

നോക്കി നിന്നു. അവസാനമായി ബായെ ജയിലിലേക്കു കൊണ്ടുവന്നു. ബാ ഗാന്ധിജിയുടെ സമീപം ഇരുന്നു. അദ്ദേഹം ബായോടു പതുക്കെ പറഞ്ഞു. "ഇത്തവണ ഞാൻ ജീവിക്കുമെന്നു തോന്നുന്നില്ല. ബാ ദുഃഖിക്കരുത്. ഒരിക്കലും തളരരുത്." വിഷാദംകൊണ്ടു മൂകയായ ബാ തലകുലുക്കി.

മറെറാരു അവസരത്തിൽ ഗാന്ധിജിയേയും കസ്തൂർബായേയും രണ്ടു ജയിലുകളിലാണു താമസിപ്പിച്ചിരുന്നത്. അപ്പോൾ ഒരു ദിവസം ഗാന്ധിജി നിരാഹാരവ്രതം ആരംഭിച്ചു. ഉടൻതന്നെ കസ്തൂർബായെ ഗാന്ധിജി കിടക്കുന്ന ജയിലിലേക്കു കൊണ്ടു വന്നു. ബാപ്പുവിനെ കണ്ട ഉടനെ കസ്തൂർബാ പുഞ്ചിരി തൂകിക്കൊണ്ടു ഇങ്ങനെ പറഞ്ഞു:—"അങ്ങനെ അങ്ങു വീണ്ടും ഉപവാസം ആരംഭിച്ചു". അമ്മ, രോഗശയ്യയിൽ കിടക്കുന്ന തന്റെ ഓമന ശിശുവിനെ എന്നവണ്ണം അവർ ഗാന്ധിജിയെ ശുശ്രൂഷിച്ചു.

1939-ൽ സ്വാതന്ത്ര്യസമരത്തിൻെറ പ്രത്യാഘാതങ്ങൾ രാജകോട്ട സംസ്ഥാനത്തിലും പ്രത്യക്ഷമായി. കസ്തൂർബായ്ക്കും ഗാന്ധിജിക്കും അവരുടെ ജന്മഭൂമിയായ രാജകോട്ട സംസ്ഥാനത്തോട് അഭേദ്യമായ ബന്ധം ഉണ്ട്. കസ്തൂർബായുടെ ആരോഗ്യം വളരെ ക്ഷയിച്ചിരുന്നു എങ്കിലും അവക്ക് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. ആരുടെ തടസ്സവും വകവെയ്ക്കാതെ അവർ രാജകോട്ടിൽ പോയി സത്യഗ്രഹം ആരംഭിച്ചു.

ഈ ഘട്ടത്തിൽ ഗാന്ധിജി രാജക്കോട്ടിനെപ്പററി 'ഹരിജനിൽ' ഒരു മുഖപ്രസംഗമെഴുതി.

"രാജക്കോട്ടിലെ സമരവുമായി എനിക്കു വ്യക്തിപരമായ ബന്ധമുണ്ടു്. രാജക്കോട്ടു് എൻെറ ജന്മഭൂമിയാണു്. മെട്രിക്കുലേഷൻ വരെ ഞാൻ വിദ്യാഭ്യാസം ചെയ്തതും, എൻെറ അച്ഛനും പിതാമഹന്മാരും പരമ്പരയായി അനേക വർഷക്കാലം ദിവാൻ പദവിയിലിരുന്നിട്ടുള്ളതും ഈ രാജക്കോട്ടിൽ തന്നെയാണു്. അവിടത്തെ ജനങ്ങളുടെ കഷ്ടതകൾ കസ്തൂർബായെ വളരെ വേദനിപ്പിക്കുന്നു. അവരും എന്നെപ്പോലെ തന്നെ വാർദ്ധക്യം പ്രാപിച്ചിരിക്കുന്നു. ജയിൽ ജീവിതത്തിന്റെ വൈഷമ്യങ്ങൾ സഹിക്കാൻ ബാ എന്നെക്കാൾ അശക്തയുമാണു്. എന്നിട്ടും രാജക്കോട്ടിലേക്കു പോകുവാൻ അവർ തീരുമാനിച്ചുകഴിഞ്ഞു. ഇതു് അച്ചടിച്ചു പുറത്തു വരും മുൻപു കസ്തൂർബാ രാജക്കോട്ടിലെത്തും."

രാജക്കോട്ടിലെത്തി സത്യഗ്രഹം ആരംഭിച്ച ഉടൻ തന്നെ കസ്തൂർബായെ അറസ്ററുചെയ്തു. തുടൎന്നു ഗാന്ധിജി ഇങ്ങനെ എഴുതി:—

" എൻെറ ഭാര്യ രാജക്കോട്ടുസത്യഗ്രഹത്തിൽ പങ്കെടുത്തതിനെപ്പറ്റി എന്തെങ്കിലും പറയണം എന്നു ഞാൻ വിചാരിച്ചിരുന്നില്ല. പക്ഷേ, അവരെപ്പററി എഴുതിയിരുന്ന ചില നിശിതമായ വിമൎശനങ്ങൾ ഞാൻ കണ്ടു. അപ്പോൾ മുതൽ ഒരു വിശദീകരണം നല്കണം

എന്ന് എനിക്കു തോന്നി. ബാ ആ സമരത്തിൽ പങ്കെടുത്തതിനെപ്പറ്റി ഞാൻ ചിന്തിച്ചിട്ടേയില്ല. അവർ ഇന്നു വളരെ വൃദ്ധയാണ്. നിയമലംഘനത്തിൽനിന്നുള്ള കഷ്ടതകൾ സഹിക്കുവാൻ അവർ അശക്തയുമാണ്. നിരൂപകന്മാൎക്കു ഒരു പക്ഷേ ഇതു പുത്തരിയായി ത്തോന്നിയേക്കാം. എങ്കിലും അവർ ഇതു വിശ്വസിക്കണം. അക്ഷരജ്ഞാനമില്ലെങ്കിലും കസ്തൂർബായ്ക്കു സ്വന്തം ഹിതം അനുസരിച്ചു പ്രവൎത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടു്. തെക്കേ ആഫ്രിക്കയിലോ, ഇൻഡ്യയിലോ കസ്തൂർബാ സമരത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ അതു് അന്തഃപ്രചോദനാ മൂലമാണ്. ഇപ്പോഴും അങ്ങനെയാണു സംഭവിച്ചതു്. മണിബെന്നിനെ അറസ്റ്റുചെയ്തു എന്നു കേട്ടതിൽ പിന്നെ അവൎക്കു് അടങ്ങിയിരിക്കുവാൻ കഴിഞ്ഞില്ല. ഉടൻ തന്നെ രാജക്കോട്ടിലേക്കു പോകുവാൻ എന്നോടു് അനുവാദം ചോദിച്ചു. അവരുടെ ശരീരക്ഷീണത്തെപ്പററി ഞാൻ സൂചിപ്പിച്ചു. ഏതാനും മണിക്കൂർമുമ്പു ഡൽഹിയിൽ കുളിമുറിയിൽ വെച്ചു കസ്തൂർബായ്ക്കു ബോധക്ഷയം ഉണ്ടായി. ദേവദാസിന്റെ സാന്നിദ്ധ്യം ഇല്ലായിരുന്നു എങ്കിൽ ഒരു വേള, അവർ മരിച്ചുപോകുമായിരുന്നു. അതു കാര്യമാക്കുവാനില്ലെന്നാണു ബാ പറയുന്നതു്......എൻെറ പൂൎവ്വികന്മാർ മുതൽക്കേ എനിക്കും, എന്റെ കുടുംബത്തിനും രാജക്കോട്ടു സംസ്ഥാനത്തോടുള്ള അഭേദ്യമായ ബന്ധം വായനക്കാർ അറിഞ്ഞിരിക്കേണ്ടതാണ്. രാജക്കോട്ടിൻെറ സന്താനമാണു കസ്തൂർബാ. ആ സംസ്ഥാനത്തെ സംബന്ധി

ച്ചിടത്തോളം ബായ്ക്കു വലിയ ആവേശം ഉണ്ടായി. അവിടത്തെ സ്ത്രീകൾ രാജക്കോട്ട ജനതയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി കഷ്ടതകൾ അനുഭവിക്കുമ്പോൾ കസ്തൂർബായ്ക്കു സമാധാനമായിരിക്കുക സാദ്ധ്യമല്ല. ഇൻഡ്യയുടെ ഭൂപടത്തിൽ രാജക്കോട്ടിനു അല്പവും പ്രാധാന്യം ഇല്ലെന്നുള്ളതു ശരിതന്നെ. പക്ഷേ, എനിക്കോ, കസ്തൂർബായ്ക്കോ രാജക്കോട്ട അപ്രധാനമല്ല. ബാ ജനിച്ചതു സുദാമാപുരിയിലാണെങ്കിലും അവരുടെ ബാല്യകാലത്തിന്റെ നനുനനുത്ത ഓർമ്മകൾ രാജക്കോട്ടിനെ ചുറ്റിക്കിടക്കുന്നു. അവിടത്തെ സഹനസമരത്തിൽ പങ്കെടുക്കാതിരിക്കാൻ എനിക്കോ കസ്തൂർബായ്ക്കോ സാദ്ധ്യമല്ല."

"രാജക്കോട്ടിലെ വിജയം സ്വാതന്ത്ര്യസമരമാർഗ്ഗത്തിലെ ഒരു നാഴികക്കല്ലാണു്. ആ സമരം എപ്പോഴെങ്കിലും വിജയിക്കുമ്പോൾ അതിൽ കസ്തൂർബാ വഹിച്ച എളിയ പങ്കും സ്മരിക്കപ്പെടും. മനശ്ശക്തി ഉണ്ടെങ്കിൽ വൃദ്ധന്മാർക്കും ദുർബ്ബലന്മാർക്കും പങ്കുകൊള്ളാൻ കഴിയുന്ന ഒരു സമരമാണു സത്യാഗ്രഹം."

രാജക്കോട്ടിൽവെച്ചു് അറസ്റ്റുചെയ്ത കസ്തൂർബായെ തീരെ വൃത്തിഹീനമായ ഒരു ചെറുഗ്രാമത്തിലാണു താമസിപ്പിച്ചതു്. ആ അവസരത്തിൽ ദേവദാസ്ഗാന്ധി അമ്മയെ സന്ദർശിച്ചു. ഇത്ര ദുരിതം പിടിച്ച ഒരു ചെറുഗ്രാമത്തിലാണല്ലോ അമ്മ താമസിക്കുന്നതു എന്നു് ഓർത്തു് ദേവദാസിനു സങ്കടം തോന്നി. വെള്ളം കിട്ടാൻ പ്രയാ

സമുള്ള ആ സ്ഥലത്തു സസ്യങ്ങളും പഴങ്ങളും തീരെ ദുർല്ലഭമായിരുന്നു. ജയിലിൽ താമസിക്കവേ തന്നെ കസ്തൂർബാ രോഗിണി ആയി. അവരെ ചികിത്സിക്കുവാൻ ഡാക്ടർമാർ ആരും ഉണ്ടായിരുന്നില്ല. ജയിലഴികൾക്കുള്ളിൽ കഴിഞ്ഞിടത്തോളം കാലം അവർ എല്ലാ പ്രയാസങ്ങളും സന്തോഷപൂർവ്വം സഹിച്ചു. സ്വന്തം രാജ്യത്തിനോടും ജനങ്ങളോടും ഉള്ള കർത്തവ്യത്തിൽ നിന്നും അവർ ഒരിക്കലും പിൻവാങ്ങിയിട്ടില്ല. നമ്മുടെ സ്വാതന്ത്ര്യസമരത്തിൻെറ സംഭവബഹുലമായ ചരിത്രത്തിൽ കസ്തൂർബായുടെ മായാത്ത നിഴൽപ്പാടു നമുക്കു കാണാം. കർത്തവ്യബോധമാണു ബായുടെ സൽകീർത്തിക്കു നിദാനം.

KOTTAYAM PUBLIC LIBRARY KOTTAYAM.

## XIV

## ആഗാഖാൻ കൊട്ടാരത്തിൽ

1939-ൽ ജർമ്മനിക്കു് എതിരായി ബ്രിട്ടീഷുകാർ യുദ്ധം പ്രഖ്യാപിച്ചു. അങ്ങനെ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. ബ്രിട്ടനെ സഹായിക്കാനായി യുദ്ധത്തിൽ പങ്കുകൊള്ളരുതെന്നു ഗാന്ധിജി ഇൻഡ്യാക്കാരോടു് ഉപദേശിച്ചു. ജപ്പാനു് എതിരായുള്ള യുദ്ധത്തിൽ പങ്കെടുക്കുന്നതു സ്വതന്ത്രഭാരതം ആയിരിക്കണം എന്നു് 1942-ൽ

കാൺഗ്രസ്സ് തീരുമാനിച്ചു. അക്കൊല്ലം ആഗസ്റ്റ് ഒൻപതാം തീയതി ബാംബയിൽവെച്ചു കൂടിയ അഖിലേന്ത്യാകാൺഗ്രസ്സ് കമ്മററി "ക്വിററ് ഇൻഡ്യ" (ഇൻഡ്യ വിടുക) പ്രമേയം അംഗീകരിച്ചു. അന്നുതന്നെ മഹാത്മജി ഉൾപ്പെടെ എല്ലാ കാൺഗ്രസ്സ് നേതാക്കന്മാരും അറസ്ററു ചെയ്യപ്പെട്ടു. അന്നു വൈകിട്ടു ശിവജിപ്പാക്കിൽ വെച്ചു കൂടാൻ നിശ്ചയിച്ചിരുന്ന ഒരു സമ്മേളനത്തിൽ ഗാന്ധിജി പ്രസംഗിക്കുന്നതാണെന്നു പരസ്യം ചെയ്തിരുന്നു. ഉടൻതന്നെ ഭത്താവു പ്രസംഗിക്കാനിരുന്ന ആ സമ്മേളനത്തിൽ ഹാജരായി സംസാരിക്കുവാൻ ആഗ്രഹിക്കുന്നു എന്നു കസ്തൂർബാ ജനങ്ങളെ അറിയിച്ചു. രണ്ടു പോലീസ്സുകാർ ബാ താമസിച്ചിരുന്ന ബർളാമന്ദിരത്തിൽ എത്തി. സമ്മേളനത്തിൽ പ്രസംഗിക്കുവാൻ തന്നെ തീർച്ചയാക്കിയിരിക്കയാണോ എന്ന് അവർ ബായോടു ചോദിച്ചു. ബാ തൻെറ നിശ്ചയത്തെ ഉറപ്പിച്ചു പറഞ്ഞു. ഉടൻ തന്നെ പോലീസ്സുകാർ അവരെ അറസ്ററുചെയ്തു, പൂനായിലുള്ള ആഗാഖാൻ കൊട്ടാരത്തിൽ ഗാന്ധിജിയോടൊപ്പം തടങ്കലിൽ വെയ്ക്കുവാനായി കൊണ്ടുപോയി. അന്നു മുതൽ അന്ത്യശ്വാസം വിടുന്നതു വരെയും ബാ ജയിലിൽതന്നെ കഴിഞ്ഞു.

ജയിലഴികളെ അവർ ഒരിക്കലും ഭയപ്പെട്ടിരുന്നില്ല. ഇപ്പോഴത്തെ ജയിൽ ഒരു കൊട്ടാരം ആയിരുന്നു. അതു് അവരെ തെല്ലും ആശ്വസിപ്പിച്ചില്ല. സേവാഗ്രാമത്തിലെ പുല്ലുകുടിലുകളിലേക്കു മടങ്ങിപ്പോകുവാൻ ബാ ആഗ്രഹിച്ചു.

ആയുധപാണികളായ പട്ടാളക്കാർ കാവൽ നില്ക്കുന്ന ആഗാഖാൻ കൊട്ടാരത്തിലെ ആർഭാടം തികഞ്ഞ ചുററുപാടുകൾ ബായെ അസ്വസ്ഥചിത്തയാക്കി. ഗാന്ധിജിയുടെ സാമീപ്യം ഒന്നു മാത്രമായിരുന്നു അവിടെ ആശ്വാസം നല്കിയിരുന്നതു്. ബാ ഗാന്ധിജിയേയും സഹപ്രവത്തകരേയും പരിചരിച്ചു കഴിഞ്ഞുകൂടി.

അവിടത്തെ അന്തേവാസികളുടെ കൂട്ടത്തിൽ ഡോക്ടർ ഗിൽഡറും, ഡോക്ടർ സുശീലാനയ്യരും, ജയപ്രകാശിൻെറ പത്നി പ്രഭാവതിയും ഉണ്ടായിരുന്നു. അന്നത്തെ രസകരമായ ഒരു സംഭവം ഡോക്ടർ ഗിൽഡർ പില്ക്കാലത്തു വെളിപ്പെടുത്തുകയുണ്ടായി.

"ബായ്ക്കും ബാപ്പുവിനും കളികളിൽ വളരെ താൽപര്യം ഉണ്ടായിരുന്നു. അവർ ആഗാഖാൻ കൊട്ടാരത്തിനകത്തു പന്തുകളിക്കുക പതിവായിരുന്നു......'ആദ്യമായി ടേബിൾടെന്നീസുകളിയാണു് ആരംഭിച്ചതു്. കസ്തൂർബാ ആ കളിയിൽ വിദഗ്ദ്ധയായിരുന്നു. ചുണയോടുകൂടി ആദ്യത്തെ പന്തടിച്ചു. ഉന്നം തെററാതെ അതു മഹാത്മജിയുടെ പളുങ്കുപോലത്തെ മിനുത്ത കഷണ്ടി തലയിൽ ചെന്നടിച്ചു. അടി കിട്ടിയ സത്യാഗ്രഹി തല ഉയത്തി കസ്തൂർബായെ ഒന്നുനോക്കി, അഭിനന്ദനപുരസ്സരം പുഞ്ചിരി തൂകി.

ഈ കാലത്തു ഗാന്ധിജി രാമായണവും ഭഗവദ്ഗീതയും കസ്തൂർബായ്ക്കുവേണ്ടി ഗുജറാത്തിലേക്കു

തർജ്ജമ ചെയ്തു. യൗവനത്തിൽ നിറുത്തിവെച്ച അവരുടെ വിദ്യാഭ്യാസത്തിൽ വീണ്ടും ശ്രദ്ധ പതിപ്പിക്കുവാൻ ഗാന്ധിജിക്കു സാവകാശം ലഭിച്ചതു് ഈ വാർദ്ധക്യ കാലത്തു ജയിലിൽവെച്ചു മാത്രമാണു്. പതിവായി അദ്ദേഹം അടുത്തിരുന്നു് അവരെ ഗുജറാത്തി വ്യാകരണവും കവിതയും, ചരിത്രം ഭൂമിശാസ്ത്രം തുടങ്ങിയ വിഷയങ്ങളും പഠിപ്പിച്ചു. അന്നു അവക്കു് എഴുപത്തിനാലു വയസ്സു കഴിഞ്ഞിരുന്നു.

ഈ പരിപാടി വളരെനാൾ തുടർന്നുകൊണ്ടു പോകുവാൻ സാധിച്ചില്ല. വാർദ്ധക്യവും മനോദുഃഖവും കസ്തൂർബായെ അവശയാക്കി. ഈ അവസരത്തിൽ ഗാന്ധിജി ഗവണ്മെന്റിന്റെ നയത്തിൽ പ്രതിഷേധിച്ചു് ഇരുപത്തിയൊന്നു ദിവസത്തെ നിരാഹാരവ്രതം ആരംഭിച്ചു. ഈ വിവരം ആദ്യം അറിഞ്ഞതു മഹാദേവ ദേശായി ആയിരുന്നു. ദേശായി അടക്കാനാവാത്ത ഹൃദയവേദനയോടുകൂടി സരോജിനീദേവിയോടു പറഞ്ഞു. "ഗാന്ധിജി ഇത്തവണ ഇതിൽ നിന്നു രക്ഷപ്പെടുകയില്ലല്ലോ" എന്നു അടക്കിയ സ്വരത്തിൽ പറഞ്ഞുകൊണ്ടു് അദ്ദേഹം അടുത്ത മുറിയിലേക്കു പോയി. പെട്ടെന്നു എന്തോ ശബ്ദം കേട്ടു ആ മുറിയിൽ ഓടിയെത്തിയ ബായും സരോജിനിയും സുശീലയും അവിടെ കണ്ടതു ദേശായി ബോധരഹിതയായി നിലത്തു കിടന്നു പുളയുന്നതാണു്. ബാപ്പുവും അവിടെ ഓടിയെത്തി. "മഹാദേവ്, മഹാദേവ്, ബാപ്പുജി വിളിക്കുന്നു, വിളിക്കുന്നു" എന്ന ബായുടെ വിളി കേൾക്കാൻ ആ

വത്സല ശിഷ്യൻെറ ആത്മാവു് അപ്പോഴേക്കു അവിടെ ഉണ്ടായിരുന്നില്ല. ദേശായിയുടെ ചിതയിൽ തീ കൊളുത്തിയപ്പോൾ ബാ ഇങ്ങനെ മൊഴിഞ്ഞിരുന്നു:–"ദൈവം എന്നെ അയയ്ക്കാതെ മഹാദേവിനെ ഈ ലോകത്തിൽ നിന്നു പോകാൻ അനുവദിച്ചതെന്താണു്? ഇതാണോ ദൈവനീതി?" പുത്രതുല്യം സ്നേഹിച്ചിരുന്ന മഹാദേവ ദേശായിയുടെ മരണം അവരുടെ ഹൃദയത്തിനു് ഒരു വലിയ പ്രഹരം ആയിരുന്നു. ആ ദുഃഖഭാരത്തിൽ നിന്നും അവർ ഒരിക്കലും വിമുക്തയായില്ല.

1943 മാർച്ചു മാസം പത്തൊൻപതാം തീയതി ആയപ്പോഴേക്കും അവൾക്കു് ആഴ്ചയിൽ രണ്ടു പ്രാവശ്യം വീതം ഹൃദ്രോഗബാധ ഉണ്ടായിക്കൊണ്ടിരുന്നു. രോഗം കലശലായി. അവസാനമായി പുത്രന്മാരേയും പൗത്രന്മാരേയും കാണണം എന്നു് അവർ ഗവണ്മെൻറിനോടു് അപേക്ഷിച്ചു. ഈ ഘട്ടത്തിൽ അമ്മയെ സന്ദർശിച്ച ദേവദാസ് ഇങ്ങനെ പറഞ്ഞു. "ഈ വിസ്തൃതമായ കൊട്ടാരത്തിൽ അമ്മയ്ക്കു സന്തോഷമില്ല. സേവാഗ്രാമത്തിലെ കുടിലുകളിലേക്കു പോകുവാൻ അമ്മ ആഗ്രഹിക്കുന്നു."

കസ്തൂർബായുടെ ഹൃദയവും ശരീരവും കൂടുതൽ കൂടുതൽ നൊമ്പരപ്പെട്ടു കൊണ്ടിരുന്നു. ഇതോടുകൂടി കസ്തൂർബായുടെ ഹൃദയം കൂടുതൽ അവശമായ നിലയിൽ എത്തി. എത്രമാത്രം വേദനയോടും ഉത്കണ്ഠ

യോട്ടും കൂടിയായിരുന്ന ബാ ആ ഇരുപത്തിയൊന്നു ദിവസം കഴിച്ചു കൂട്ടിയതു്?

ആശങ്കാജനകമായ ആ ദിവസങ്ങളെപ്പറ്റി ശ്രീമതി കൃഷ്ണാഹത്തീസിംഗ് ഇങ്ങനെ എഴുതുന്നു:—

"ബാപ്പുജി ചരിത്രപ്രസിദ്ധമായ ഈ നിരാഹാരവ്രതം ആരംഭിച്ചപ്പോൾ മുതൽ മഹത്തായ ഈ ശുദ്ധീകരണത്തിന്റെ ഭയങ്കരമായ അനന്തരഫലങ്ങളെ കുറിച്ചു ബാ പരിഭ്രാന്തയും ആശങ്കാകുലയും ആയി. അവർ അദ്ദേഹത്തിന്റെ കിടക്കയുടെ സമീപം തന്നെ ചുറ്റിപ്പറ്റി കഴിഞ്ഞു. ആ ദിവസങ്ങളിൽ എനിക്കു് ഒരു പ്രാവശ്യം ബാപ്പുവിനെ കാണുവാൻ അനുവാദം ലഭിച്ചു. ഇതിനു മുൻപൊരിക്കലും ഞാൻ ബായെ ഇത്ര അസ്വസ്ഥയും വൃദ്ധയും ആയി കണ്ടിട്ടില്ല. ഒരിക്കലും ആരും ആ കണ്ണുകളിൽ ഇത്ര ആശങ്കയും നൈരാശ്യവും നിഴലിട്ടു കണ്ടിരിക്കയില്ല. എന്നിട്ടും ബാ പുഞ്ചിരിതൂകി, വ്യാകുലയെങ്കിലും ശാന്തമായിക്കഴിഞ്ഞു. ബായെ അടുത്തറിയാവുന്നവർക്കു മാത്രമേ അവരുടെ ഹൃദയവേദനയുടെ ആഴം ഊഹിക്കുവാൻ കഴിഞ്ഞിരുന്നുള്ളു."

"ആശങ്ക നിറഞ്ഞ ആ ദിവസങ്ങളിൽ ബാ വിശ്രമമില്ലാതെ ബാപ്പുവിനെ ശുശ്രൂഷിച്ചുകൊണ്ടു്, ആ കിടക്കയുടെ സമീപത്തുനിന്നും ഒരിക്കലും വിട്ടുമാറാതെ കഴിഞ്ഞു. ബാപ്പു ജീവിക്കുകയും ഇൻഡ്യ ഒന്നു വീർപ്പിടുകയും ചെയ്തു. പക്ഷേ ആ ഇരുപത്തിയൊന്നു ദിവസത്തെ

ആശങ്കയും മനഃക്ലേശവും ബായെ തകത്തു കളഞ്ഞു. പിന്നീട് ഒരിക്കലും അവർ അതിൽനിന്ന വിമുക്തയായില്ല."

രോഗശയ്യയിൽ വേദനിച്ചുകിടക്കുമ്പോൾ ബാ ഇങ്ങനെ പറഞ്ഞിരുന്നു:—"ഗാന്ധിജിക്കു യാതൊരു ആപത്തും ഉണ്ടാവുകയില്ല. അദ്ദേഹം ഇനിയും വളരെ നാൾ സുഖമായിരിക്കും. അദ്ദേഹത്തെക്കാൾ വളരെ മുൻപേ തന്നെ ഞാൻ ഈ ലോകം വെടിയേണ്ടിവരും എന്നു എനിക്കു അറിയാം."

കസ്തൂർബായുടെ ആരോഗ്യം നിമിഷം തോറും ക്ഷയിച്ചുകൊണ്ടിരുന്നു. 1943-ഡിസംബർ മാസത്തിൽ ബ്രിട്ടീഷ് ഗവണ്മെൻറു് ബായുടെ പരിതാപകരമായ ആരോഗ്യനിലയെപ്പററി ഒരു അറിയിപ്പു പുറപ്പെടുവിച്ചു. അതിൽ ഇങ്ങനെ പറയുന്നു:—

"...ഈ അവസ്ഥയിൽ കസ്തൂർബായെ ഗാന്ധിജിയുടെ സമീപത്തു നിന്നും മാററുന്നതു് അവരുടെ രോഗത്തിൻെറ ഗതിയെ കൂടുതൽ ബാധിക്കും..."

കസ്തൂർബായ്ക്കു വേണ്ടവിധമുള്ള വൈദ്യസഹായമോ ഔഷധങ്ങളോ ഗവണ്മെൻറു വേണ്ട സമയത്തു നല്കിയില്ല. ഉടൻ തന്നെ ഗാന്ധിജി വിവരത്തിനു ഗവണ്മെൻറിലേക്കു് എഴുതി. പക്ഷേ ഫലം ഒന്നും ഉണ്ടായില്ല. ഇങ്ങനെ പല പ്രാവശ്യം ഗാന്ധിജി ഗവണ്മെൻറിലേക്കു്

എഴുതിയതിൻെറ ശേഷം ഒരു ആയുർവേദവൈദ്യനെ കൊണ്ടു ബായെ പരിശോധിപ്പിക്കുവാൻ അനുവാദം ലഭിച്ചു. എങ്കിലും ആ വൈദ്യൻ കൂടുതൽ സമയം ആഗാഖാൻകൊട്ടാരത്തിൽ താമസിക്കുവാൻ ഗവണ്മെൻറ് അനുവാദം നല്കിയില്ല. ഈ പതനത്തിൽ ഗാന്ധിജി വീണ്ടും ഗവണ്മെൻറിലേക്കു് ഇങ്ങനെ എഴുതി.

"രോഗിണിയുടെ അവസ്ഥ വളരെ കഷ്ടമാണു്. രാത്രി പകലത്തേക്കാൾ ആശങ്കാജനകമായതു കൊണ്ടു് വൈദ്യൻ എപ്പോഴും രോഗിണിയുടെ അടുത്തു തന്നെ ഉണ്ടായിരിക്കുവാൻ അനുവാദം നല്കണം. അല്ലാത്ത പക്ഷം അവരെ പരോളിൽ വിട്ടയയ്ക്കണം. ഈ രണ്ടു അഭിപ്രായങ്ങളും ഗവണ്മെന്റിനു സ്വീകാര്യം അല്ലെങ്കിൽ ബായെ ശുശ്രൂഷിക്കുന്ന ചുമതലയിൽ നിന്നും എന്നെ ഒഴിവാക്കണം. അങ്ങനെ തീരുമാനിക്കുന്ന പക്ഷം എന്നെ മററു് ഏതെങ്കിലും സ്ഥലത്തേയ്ക്കു മാററിത്താമസിപ്പിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. വേദന കൊണ്ടു പിടയുന്ന കസ്തൂർബായെ നോക്കിക്കൊണ്ടിരിക്കുവാൻ എനിക്കു സാദ്ധ്യമല്ല."

# XV

## അന്ത്യനിമിഷങ്ങൾ

1944 ഫെബ്രുവരി 20-ാംനു-യോടുകൂടി കസ്തൂർബായുടെ നില ഏററവും ആശങ്കാജനകമായി. ആഗാഖാൻകൊട്ടാരത്തിൽ നിന്നും ജീവനോടുകൂടി പുറത്തു പോരുവാൻ സാധിക്കയില്ല എന്നു് അവൾക്ക് തോന്നി. സ്വന്തമായി ഉണ്ടായിരുന്നതെല്ലാം ആ ധർമ്മിഷ്ഠ പലർക്കായി ഭാഗിച്ചുകൊടുത്തു.

22-ാംനു- രാവിലെ ഏഴുമണിയോടുകൂടി, ബായുടെ മുറിയിലേയ്ക്കു സുശീല ചെന്നു. അപ്പോൾ "സുശീലാ, സുശീലാ," എന്നു് അല്പം ഉറക്കെ ബാ വിളിക്കുന്നതാണു കേട്ടതു്. "എന്തു വേണം?" എന്നു സുശീല ചോദിച്ചു. ബാ പതുക്കെ ഇങ്ങനെ പറഞ്ഞു:—"എന്നെ വീട്ടിലേക്കു കൊണ്ടുപോകൂ; എപ്പോഴും എന്റെ അടുത്തു തന്നെ ഇരിക്കണം." ആ രോഗിണിയുടെ ഹൃദയം വളരെ അസ്വസ്ഥമായിരുന്നു. സുശീല പെട്ടെന്നു് ഇങ്ങനെ പറഞ്ഞു:—"നമ്മൾ വീട്ടിൽ തന്നെയാണല്ലോ? ഇതാ 'ഹേ രാമ്' എന്ന ചിത്രം ബായുടെ അടുത്തു തന്നെ ഇരിക്കുന്നതു കണ്ടില്ലേ?" അല്പം കഴിഞ്ഞു് "എന്നെ വീട്ടിലേയ്ക്കു കൊണ്ടുപോകൂ" എന്നു ബാ വീണ്ടും പറഞ്ഞു. സുശീല അല്പം പരുങ്ങി. സേവാഗ്രാമത്തിലെ പുല്ലുകുടിലുകളിലേയ്ക്കു മടങ്ങിപ്പോകുവാൻ ബാ എപ്പോഴും കൊതിച്ചിരുന്നതു സുശീലയ്ക്കു് അറിയാമായിരുന്നു.

എങ്കിലും, അവർ ഇങ്ങനെ ചോദിച്ചു:—"ബാപ്പുവിന്റെ മുറിയിലേക്കു പോകണമെന്നാണോ പറയുന്നതു്?" "അതേ" എന്നു് ബാ തലകുലുക്കി. ഇതു ബാപ്പുവിന്റെ മുറി തന്നെയാണു്." എന്നു് സുശീല പറഞ്ഞു. വെയിലത്തിട്ട താമരത്തണ്ടുപോലെ തളൎന്നു കിടക്കുകയാണു ബാ. അവരുടെ ചിന്തകൾ കുത്തഴിഞ്ഞു ചിതറിയിരിക്കുന്നു. സേവാഗ്രാമത്തെയും കഴിഞ്ഞ കാലങ്ങളെയും കുറിച്ചുള്ള നൂറായിരം സ്മരണകൾ ആ ഹൃദയതലത്തിൽ നിഴലിട്ടുകൊണ്ടിരിക്കുന്നു. ഒരു അടുക്കും ചിട്ടയുമില്ല ആ ചിന്തകൾക്കു്. അവ ആ ദുർബ്ബലഹൃദയത്തെ കൂടുതൽ കൂടുതൽ അസ്വാസ്ഥ്യമാക്കി. തന്റെ ജീവിതത്തിൽ ഇനിയും തീരെ കുറച്ചു നിമിഷങ്ങൾ മാത്രമേ ഉള്ളു എന്നു ബായ്ക്കു ബോദ്ധ്യമായിത്തുടങ്ങി. ബാപ്പുവിൻെറ അടുക്കലേക്കു പോകുവാനാണു് ആ പതിവ്രത ആഗ്രഹിക്കുന്നതെന്നു സുശീലയ്ക്കു തോന്നി. ഈ സമയത്തു ബാപ്പു അടുത്ത മുറിയിൽ ഇരുന്നു പഴസ്സത്തു കഴിക്കുകയായിരുന്നു. ഭക്ഷണം കഴിഞ്ഞു് അദ്ദേഹം നടക്കാൻ പുറപ്പെട്ടു. ഉടനെ സുശീല ഗാന്ധിജിയോടു, ബായുടെ അരികിൽ വന്നിട്ടു പോകണമെന്നു പറഞ്ഞു. അദ്ദേഹം ബായുടെ സമീപം വന്നു. അല്പനേരം ഒരേ നിലയിൽ നോക്കിക്കൊണ്ടു നിന്നു. എന്നിട്ടു പറഞ്ഞു:—"ഞാൻ അല്പം നടന്നിട്ടുവരാം" "വേണ്ടാ" എന്നു കസ്തൂർബാ തടഞ്ഞു. സാധാരണയായി "നടക്കാൻ പോകൂ" എന്നാണു ബാ പറയുക; ഇപ്പോൾ അതിനു സമ്മതിക്കുന്നില്ല. ബാപ്പു എപ്പോഴും അടുത്തു തന്നെ ഇരിക്കണം

എന്നാണു ബായുടെ ആഗ്രഹം. അദ്ദേഹം അടുത്തിരിക്കുമ്പോഴൊക്കെ അവക്ക് അല്പം സമാധാനം തോന്നും. ബാപ്പു അവരുടെ സമീപം ഇരുന്നു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഓർമ്മകൾ തിരക്കിട്ടു കടന്നു വന്നു. ഒന്നും വ്യക്തമാകുന്നില്ല; ചലച്ചിത്രത്തിന്റെ വേഗത്തോടെ ഓർമ്മകൾ തെളിഞ്ഞും മാഞ്ഞും ഇരുന്നു. ചിന്തകൾ കൂടുതൽ കൂടുതൽ കെട്ടുപിണഞ്ഞു. എങ്ങും ഉറച്ചു നില്ക്കുന്നില്ല; വ്യക്തമാക്കുവാൻ ശ്രമിക്കും തോറും അവ കൂടുതൽ കൂടുതൽ കുരുങ്ങുകയാണ്. നിലയില്ലാത്ത വെള്ളത്തിൽ മുങ്ങിത്തപ്പുന്നതുപോലെ തോന്നി. ഒരു കരയിൽ മുറുകെ പിടിക്കുവാൻ ശ്രമിച്ചു. പക്ഷേ, ഒരിടത്തും പിടി കിട്ടുന്നില്ല. ഹൃദയം അലകൾ ഇളകിമറിയുന്ന സമുദ്രം പോലെ പ്രക്ഷുബ്ധമായിരുന്നു; മുഖം പ്രശാന്തമായ ആഴിപ്പരപ്പുപോലെ തരംഗരഹിതവും. നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി. മണി പത്തായി. ബാപ്പുവിന്റെ കണ്ണുകൾ കസ്തൂർബായെ ചുററിപ്പറന്നു. ബാപ്പു ചിത്രത്തിൽ വരയ്ക്കപ്പെട്ടതുപോലെ കിടക്കയുടെ തലയ്ക്കൽ ഇരിക്കുകയാണ്. പെട്ടെന്നു ചിന്തകളെ മുറിച്ചു കൊണ്ടു് അദ്ദേഹം ബായോടു "ശ്രീരാമനെ ധ്യാനിക്കു" എന്നു പറഞ്ഞു. ബായ്ക്കു വേണ്ട എല്ലാ ശുശ്രൂഷകളും സ്വയം നിർവ്വഹിക്കുവാൻ ബാപ്പു ആഗ്രഹിച്ചു.

ബാപ്പുവിന്റെ മടിയിൽ ബാ ശാന്തമായി ശയിച്ചു. അപ്പോൾ അവരുടെ മുഖം ഒരു പിഞ്ചു പൈതലിന്റേതു പോലെ നിഷ്കളങ്കവും പ്രസന്നവും ആയിരുന്നു.

അന്നു ബാ പല്ലുതേയ്ക്കാൻ വിസമ്മതിച്ചു. അങ്ങനെ സംഭവിച്ചതു് അന്നു് ആദ്യമാണു്. സുശീല അവരുടെ നാവു ഗ്ലിസറിൻകൊണ്ടു ശുദ്ധിയാക്കാൻ ശ്രമിച്ചു. അതും വിഫലമായി. ഈ സമയം ദേവദാസ് പെനിസിലിൻ കൊണ്ടുവരാൻ പോയി.

പ്രഭാവതിയെ രോഗിണിയുടെ സമീപം ഇരുത്തി സുശീല കുളിതുടങ്ങിയ ദിനകൃത്യങ്ങൾക്കായി പുറത്തേക്കു പോയി. ഈ അവസരത്തിലെല്ലാം "ഭഗവാനേ, അങ്ങയ്ക്കു ബായുടെ ദീനം സുഖപ്പെടുത്തുവാൻ സാധിക്കയില്ലേ?" എന്ന പ്രാത്ഥനയാണു് സുശീലയുടെ ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടിരുന്നതു്. സുശീല മടങ്ങിവന്നു പ്രഭാവതിയെ ഊണു കഴിക്കാൻ അയച്ചു. ബാപ്പുവും പുറത്തേക്കു പോയി. ബായുടെ അരികിൽ ഇരുന്നു കഴിഞ്ഞാൽ പിന്നെ അവിടെനിന്നും എഴുന്നേല്ക്കുവാൻ അദ്ദേഹത്തിന്നു മനസ്സു വരില്ല.

കുറച്ചു കഴിഞ്ഞപ്പോൾ ബാ കിടക്കയിൽ നിവന്നു കിടന്നു് ഉറങ്ങി. കുറെ മാസങ്ങളായി അവൾക്ക് നേരേ നിവന്നുകിടക്കുവാൻ കഴിഞ്ഞിരുന്നില്ല. അതു കണ്ടിട്ടു ബായുടെ ജീവിതം അവസാനിക്കാറായോ എന്നു് എല്ലാവക്കും പരിഭ്രമമായി. സമയം മൂന്നുമണിയോടടുത്തു. പെട്ടെന്നു ദേവദാസിന്നു ഫോൺ ചെയ്തു. ബാ ശയ്യയിൽ കിടന്നുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—"ഞാൻ പോയേ കഴിയൂ. ഇന്നുതന്നെ ആയാൽ അതാണു നല്ലതു്." ദേവദാസ് പരിഭ്രാന്തനായി ഓടിവന്നു. അല്പനിമിഷത്തി

ങ്ങളിൽ മേത്തയും വന്നു. ബായോടു കീർത്തനങ്ങളും രാമ്ധുനും പാടട്ടെയോ എന്നു ചോദിച്ചു. അവർ വിസമ്മതിച്ചു. ബാപ്പുവിന്റെ നിർദ്ദേശം അനുസരിച്ച് അടുത്ത മുറിയിലിരുന്നു ബായ്ക്കും കേൾക്കത്തക്ക വിധത്തിൽ കനുഗാന്ധി ഗീത വായിക്കുന്നുണ്ടായിരുന്നു.

തലേദിവസം മുതൽ ബായ്ക്കു വെള്ളം കുടിക്കുവാനും അരുചി തോന്നിയിരുന്നു. അങ്ങനെ അവർ ലോകത്തിൽ ഓരോന്നിനോടും വിട വാങ്ങുകയാണ്. ദേവദാസ് ഗംഗാജലം കൊണ്ടുവന്നിട്ടുണ്ടെന്നു കേട്ടപ്പോൾ ബാ വാ തുറന്നു. ബാപ്പു ഒരു സ്പൂൺ വെള്ളം വായിൽ ഒഴിച്ചുകൊടുത്തു. ബാ ഉടനെ അതു് ഇറക്കി. കുറച്ചു കഴിഞ്ഞു വീണ്ടും ഗംഗാജലം കൊടുത്തു. അതിൽ തുളസിയിലയും ഇട്ടിരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ ബായ്ക്കു് അല്പം ശേഷി ഉണ്ടായതുപോലെ തോന്നി. അവർ പതുക്കെ എഴുന്നേററിരുന്നു, ബന്ധുക്കളോടെല്ലാം സംസാരിക്കുവാൻ തുടങ്ങി; തിരക്കുണ്ടാവരുതെന്നു കരുതി മററുള്ളവരെല്ലാം പുറത്തിറങ്ങിനിന്നു.

ഗീതാപാരായണത്തിനു ശേഷം രണ്ടു സഹോദരിമാർ ഭജന പാടി. ബന്ധുക്കളായ സ്ത്രീകൾ വരുന്നതുകണ്ടു ബാപ്പു മുറി വിട്ടു പോയി. സുശീല ബായുടെ അടുത്തുതന്നെ ഇരുന്നു. ബാ ചിലപ്പോൾ പതുക്കെ എഴുന്നേററിരിക്കും. നാലു മണിവരെ അങ്ങനെ കഴിഞ്ഞു.

സുശീല ബാപ്പുവിനോടു പറഞ്ഞു:—ഇനി കുറച്ചു നേരം അങ്ങു ബായുടെ അടുത്തിരിക്കണം.” ബാപ്പു അതു സമ്മതിച്ചു. പക്ഷേ, ബായുടെ അടുത്തിരുന്നില്ല. ഉച്ചയ്ക്കു ബാ എന്തിനോ അദ്ദേഹത്തോട് അല്പം കോപിച്ചിരുന്നു. അതുകൊണ്ടു ബാപ്പു ഇങ്ങനെ പറഞ്ഞു:—“ഇപ്പോൾ ഞാൻ അവിടെ ഇരിക്കുന്നതു ശരിയല്ല. ബാ വിളിച്ചാൽ ഇരിക്കാം.” സുശീല അടുത്ത മുറിയിലേക്കു പോയി. അവിടെ ദേവദാസും മററും ഉണ്ടായിരുന്നു. പെനിസിലിൻ കൊണ്ടുവന്നിട്ടുണ്ട്.

ദേവദാസിനെ കണ്ടപ്പോൾ മാതാവിനു വളരെ ആനന്ദമുണ്ടായി. അവർ കണ്ണടച്ചു പ്രാർത്ഥിക്കുവാൻ തുടങ്ങി:—“ഹേ, കൃപാലോ, രാമചന്ദ്ര, അങ്ങയിൽ ഭക്തി ലഭിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.” ആ നിമിഷത്തിൽ ബാ ലൌകിക ചിന്തകളിൽനിന്നെല്ലാം വിരമിച്ചു കഴിഞ്ഞിരുന്നു. ആ ഹൃദയം പരിപൂർണ്ണമായും ശാന്തിയിൽ ലയിച്ചു; അവരുടെ ചിന്തകൾ ഈശ്വരനെക്കുറിച്ചു മാത്രമായി.

അഞ്ചുമണിക്കു വീണ്ടും ദേവദാസ് ധൈര്യം അവലംബിച്ച് അമ്മയെ കാണുവാൻ ചെന്നു. വേദന നിറഞ്ഞ പുത്രഹൃദയം നിശ്ശബ്ദം കേഴുകയായിരുന്നു. ദേവദാസിനെ കണ്ടപ്പോൾ ബായുടെ വിറയാർന്ന ചുണ്ടുകളിൽ ഒരു പുഞ്ചിരി ഉയർന്നു വന്നു. നാല്പത്തിമൂന്നു വർഷകാലമായി കൊച്ചു മകനുവേണ്ടി കാത്തു സൂക്ഷിച്ചുപോന്ന മനോജ്ഞമായ ആ മന്ദഹാസം. അതു മരണശയ്യയിൽ

കിടന്ന അമ്മ മകനു നല്കിയ അവസാനത്തെ സമ്മാന മായിരുന്നു.

പെനിസിലിനെപ്പറ്റി ബാപ്പുവിന്റെ അഭിപ്രായം അറിഞ്ഞിരുന്നതുകൊണ്ടു ഡാക്ടർ ഗിൽഡക്ക് അതു പ്രയോഗിക്കുന്ന കാര്യത്തിൽ സങ്കോചമുണ്ടായി. ബാപ്പു വല്ലാതെ വിഷമിച്ചിരിക്കുന്നു എന്നു ഗിൽഡർ സുശീല യോടു പറഞ്ഞു. പെനിസിലിൻ ഇടയ്ക്കിടയ്ക്കു കുത്തി വയ്ക്കേണ്ടിവരുമെന്നു ബാപ്പു വിചാരിച്ചിരുന്നില്ല. ബായെ അല്പമെങ്കിലും നൊമ്പരപ്പെടുത്തുന്നതു് അദ്ദേഹത്തിനു സഹിക്കാമായിരുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായ ത്തിൽ ബാ മരണശയ്യയിൽ കിടക്കുകയാണു്. പിന്നെ എന്തിനാണു പെനിസിലിൻ കുത്തിവെച്ചു വേദനി പ്പിക്കുന്നതു്? പെട്ടെന്നു ബാപ്പു സുശീലയോടിങ്ങനെ ചോദിച്ചു: "നീ എന്താണു തീരുമാനിച്ചതു്?" "പെനി സിലിൻ കൊടുക്കാം." എന്നു സുശീല പറഞ്ഞു. അദ്ദേഹം വീണ്ടും ചോദിച്ചു:— "എന്താ നീയും ഗിൽഡറും പെനി സിലിൻ കൊടുക്കണമെന്നു തന്നെ തീരുമാനിച്ചുവോ?" 'അതേ' എന്നു പറയുവാനുള്ള ധൈര്യം സുശീലയ്ക്കു് ഉണ്ടായില്ല. പെനിസിലിൻ കൊണ്ടു് ഒരു പക്ഷേ ബായെ രക്ഷിക്കാൻ കഴിഞ്ഞേക്കും എന്ന ആശയാണു് അവൾക്കു് ഉണ്ടായിരുന്നതു്. എന്നാൽ ബാപ്പുവിന്റെ മുൻപിൽ ആ വക ചിന്തകൾ അവരുടെ ഹൃദയത്തിൽ തന്നെ ഉറഞ്ഞു ലയിച്ചുപോയതേയുള്ളു.

അമ്മയ്ക്കു് അവസാനപ്രതിവിധിയായി പെനിസി ലിൻ കുത്തിവെയ്ക്കണമെന്നായിരുന്നു ദേവദാസിന്റെ

ങ്ങാഭിലാഷം. അതു് അമ്മയ്ക്കു ജീവാമൃതമായി ഭവിക്കു മെന്നും വിശ്വസിച്ചു. ഗാന്ധിജി മകനോടിങ്ങനെ പറഞ്ഞു:—"ഔഷധങ്ങൾക്കു് എന്തെല്ലാം അദ്ഭുതങ്ങൾ കാണിക്കാൻ കഴിഞ്ഞാലും ഇപ്പോൾ നിന്റെ അമ്മയെ രക്ഷിക്കുവാൻ സാധിക്കയില്ല. നിനക്കു് അത്ര നിർബന്ധമാണെങ്കിൽ അനുവദിക്കാം. പക്ഷേ നിന്റെ ആശ അസ്ഥാനത്തിലാണു്. രണ്ടുദിവസമായി അവർ മരുന്നോ വെള്ളമോ കഴിക്കുന്നില്ല. അവർ ഇപ്പോൾ ഈശ്വരന്റെ കരങ്ങളിലാണു്. നീ പറയുന്ന പ്രതിവിധിയുടെ രീതിപോലും ശരിയല്ല. നാലോ ആറോ മണിക്കൂറുകൾക്കിടയിൽ മരുന്നു കുത്തിവയ്ക്കുന്നതുകൊണ്ടു മരണശയ്യയിൽ കിടക്കുന്ന അമ്മയ്ക്കു ശാരീരികമായി കൂടുതൽ വേദന ഉണ്ടാകുമെന്നുകൂടി ഓർമ്മിക്കുന്നതു കൊള്ളാം." അപ്പോൾ ബാ "ബാപ്പുജീ" എന്നു വിളിക്കുന്നതു കേട്ടു. ബാപ്പു വന്നു ബായുടെ അരികിൽ ഇരുന്നു. അദ്ദേഹം ചോദിച്ചു:—"എന്താ വേണ്ടതു്?" തീരെ അപരിചിതമായ ഒരു പ്രദേശത്തിൽ അകപ്പെട്ട ചെറു കുട്ടിയെപ്പോലെ അവർ ദയനീയമാംവിധം ഇങ്ങനെ പറഞ്ഞു:— "ഒന്നും തോന്നുന്നില്ല."

സുശീല ബായുടെ നാഡി പരിശോധിച്ചു. നാഡി വളരെ ക്ഷീണിച്ചിരുന്നു. ഇതിനുമുൻപും പലപ്പോഴും ഈവിധം കണ്ടിട്ടുണ്ടു്. അതിനാൽ ഇനിയും ആശയ്ക്കു വഴിയുണ്ടെന്നു സുശീല വിശ്വസിച്ചു.

ബാ എഴുന്നേററിരിക്കാൻ ശ്രമിച്ചു. "അവിടെ കിടന്നാൽ പോരേ?" എന്നു് ബാപ്പു ചോദിച്ചു.

ബാപ്പുവിൻെറ ഹൃദയം വികാരപാരവശ്യത്താൽ വീർപ്പുമുട്ടുകയായിരുന്നു. ഒന്നും വ്യക്തമായില്ല. ബാ എഴുന്നേററു ബാപ്പുവിൻെറ മടിയിൽ കിടന്നു. പെട്ടെന്ന് ആ കണ്ണുകളുടെ ദീപ്തി മങ്ങി; അവ നിശ്ചലങ്ങളായി: ചുണ്ടുകൾ വരളാൻ തുടങ്ങി. ഉടനെ ശ്വാസം കഴിക്കാൻ വേണ്ടി വാ തുറന്നു. രണ്ടുനാലുപ്രാവശ്യം ശ്വാസം കഴിച്ചു. അതു് ഒടുവിലത്തേതായിരുന്നു. 7.35 ആയപ്പോഴേക്കും എല്ലാം കഴിഞ്ഞു. ബാപ്പുവിൻെറ അങ്കതലത്തിൽ കിടന്നുകൊണ്ടു് ആ പുണ്യശാലിനി എല്ലാവിധ ബന്ധങ്ങളിൽനിന്നും മുക്തയായി. അറുപത്തിരണ്ടു വർഷക്കാലത്തെ ആ ദാമ്പത്യബന്ധം എന്നെന്നേക്കുമായി അങ്ങനെ അവസാനിച്ചു. അന്നു ശിവരാത്രി ആയിരുന്നു.

നമ്മുടെ പ്രിയപ്പെട്ട കസ്തൂർബാ ആഗാഖാൻ കൊട്ടാരത്തിന്റെ അങ്കണവളപ്പിനുള്ളിൽ അന്ത്യവിശ്രമം കൊള്ളുകയാണു്. ബായുടെ ജീവിതാദർശങ്ങൾ അവരുടെ അനശ്വരമായ കീർത്തിക്കു പരിവേഷം ചാർത്തുന്നുണ്ടു്.

# XVI

## അന്തസ്മരണം

അന്നു രാത്രി മുഴുവനും ഗാന്ധിജി ബായുടെ മൃതശരീരത്തിനരികിൽ ധ്യാനനിമഗ്നനായി ഇരുന്നു. ഇടയ്ക്കിടയ്ക്കു തല ഉയർത്തിനോക്കി, തല കുനിക്കലുകൊണ്ടു മാത്രം ആഗതരെ സ്വീകരിച്ചു.

*     *     *     *

ബാപ്പുവിന്റെ സ്വന്തം കൈകൊണ്ടു നിർമ്മിച്ച നിർമ്മലമായ ഖദർസാരി ഉടുത്തു, ജയിലിലെ കിടക്കവിരി പുതച്ചു, നെററിയിൽ കുങ്കുമം അണിഞ്ഞു ബാ കിടക്കുന്നതു കണ്ടാൽ സുഖമായി ഉറങ്ങുകയാണെന്നേ തോന്നൂ.

*     *     *     *

കസ്തൂർബായുടെ മൃതദേഹം ചിതയിലേക്കെടുത്തു വെച്ചപ്പോൾ ഗാന്ധിജിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അദ്ദേഹം മുഖം പൊത്തി; കണ്ണുനീർ തുടച്ചു. ചിതാഗ്നി കൊളുത്തിയപ്പോൾ ഗാന്ധിജി ഗദ്ഗദത്തോടു കൂടി ഇങ്ങനെ പറഞ്ഞു:—"ബാ സ്വതന്ത്രയായി; 'പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക' എന്നു ഹൃദയത്തിൽ മുദ്രണം ചെയ്തുകൊണ്ടു് അവർ പോയി."

*     *     *     *

ആറു മണിക്കൂറോളം ഗാന്ധിജി ചിതാഗ്നിയുടെ അരികിൽത്തന്നെ ഉണ്ടായിരുന്നു. അസ്തമയഭാസ്കരന്റെ പോക്കുവെയിലിൽ കുളിച്ചു്, ഊന്നുവടിയിൽ താങ്ങി

ബാഷ്പാവിലമായ നയനങ്ങളോടേ, മഹാത്മജി, ആളി പ്പടരുന്ന തീജ്വാലകളെ നോക്കിക്കൊണ്ടു നിന്നു. അതിനു ശേഷം സമീപമുള്ള ഒരു മരച്ചുവട്ടിൽ പോയിരുന്നു; എരിഞ്ഞടങ്ങുന്ന പട്ടടയിലേക്കു തന്നെ നോക്കി അദ്ദേഹം ഇങ്ങനെ പറഞ്ഞു:—"ഈ അവസരത്തിൽ ഞാൻ എന്റെ വൃദ്ധയായ കൂട്ടുകാരിയെ വേർപിരി യുന്നതു് എങ്ങനെയാണു്?" കണ്ണുനീർ വാർത്തുകൊണ്ടു ചുററും കൂടിയിരുന്ന ബന്ധുമിത്രാദികളോടായി പറഞ്ഞു:—"ബാ ഇല്ലാത്ത ജീവിതത്തെപ്പററി എനിക്കു ചിന്തിക്കുവാൻ വയ്യ. അവരെ എന്റെ ജീവിതത്തിൽ നിന്നും വേർപെടുത്തുക സാദ്ധ്യമല്ല. ബായുടെ മരണം എന്റെ ജീവിതത്തിൽ നികരാത്ത ഒരു വിടവുണ്ടാക്കി. എനിക്കു കസ്തൂർബായെപ്പററി മാത്രമേ ചിന്തിക്കാൻ കഴിയുന്നുള്ളു".

* * * *

കസ്തൂർബാ കിടക്കുവാനും ഇരിക്കുവാനും ഉപ യോഗിച്ചിരുന്ന മേശയുടെ പുറത്തുവെച്ചു ഗാന്ധിജി പിറേറന്നു പ്രാതൽകഴിച്ചു. അതിനിടയിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:—"ഈ മേശ ഇന്നെനിക്കൊരു വില തീരാത്ത വസ്തുവായിത്തീർന്നിരിക്കുന്നു. കസ്തൂർബാ താടിയ്ക്കു കൈയുംകൊടുത്തു് ഈ മേശപ്പുറത്തു താങ്ങി ഇരിക്കുന്ന ചിത്രം എന്റെ കണ്ണിൽനിന്നും മായുന്നില്ല." കസ്തൂർ ബായുടെ അവസാനനിമിഷത്തെപ്പററി ഗാന്ധിജി വീണ്ടും പറഞ്ഞു:—"ബാ അവസാനമായി എന്നെ അങ്ങനെ വിളിച്ചതും, എന്റെ മടിയിൽ കിടന്നു അവർ മരിച്ചതും എത്ര അദ്ഭുതകരമായിരിക്കുന്നു! ഭാര്യയും

ഭർത്താവും തമ്മിൽ ഇങ്ങനെയൊരു ബന്ധം നമ്മുടെ ഇടയിൽ ഉണ്ടായിട്ടില്ല."

അന്നത്തെ വൈസ്രോയി ആയിരുന്ന വേവൽപ്രഭുവിനു മാർച്ച് 9-ാംനു- ഗാന്ധിജി ഇങ്ങനെ എഴുതി:—

"............ബായുടെ മരണം ഞാൻ സ്വാഗതം ചെയ്യുന്നു, അതു് അവരെ ലൗകിക ദുഃഖങ്ങളിൽനിന്നു മോചിപ്പിക്കുമെന്നുള്ളതു കൊണ്ടാണു്. പക്ഷെ, വിചാരിച്ചിരുന്നതിലും എത്രയോ ദുസ്സഹമായിട്ടാണു് ഇന്നു് എനിക്കു ബായുടെ നഷ്ടം അനുഭവപ്പെടുന്നതു്. ഞങ്ങൾ സാധാരണ ദമ്പതികളിൽനിന്നും വ്യത്യസ്തരായിരുന്നു. 1906-ൽ മാനസികമായ അനവധി പരീക്ഷണങ്ങൾക്കു ശേഷം ഞങ്ങൾ പരസ്പരസമ്മതത്തോടുകൂടി ബ്രഹ്മചര്യം ജീവിതവ്രതമായി അംഗീകരിച്ചു. മുൻപെങ്ങുമില്ലാത്ത വണ്ണം ഇതു ഞങ്ങളെ കൂടുതൽ അടുപ്പിച്ചു. അതിൽ ഞാൻ അതീവ സന്തുഷ്ടനായി. അങ്ങനെ ഞങ്ങൾ രണ്ടു പ്രത്യേക വ്യക്തികളല്ലാതായി. ഞാൻ അഭിലഷിക്കാതെ തന്നെ കസ്തൂർബാ എന്നിലേക്കു ലയിക്കുകയായിരുന്നു. തൽഫലമായി യഥാർത്ഥത്തിൽ ബാ എന്റെ ജീവിത സഖിയായിത്തീർന്നു. അനന്യസാധാരണമായിരുന്നു അവരുടെ നിശ്ചയദാർഢ്യം. അവരുടെ ആ സ്വഭാവത്തെ ആദ്യകാലങ്ങളിലെല്ലാം ഞാൻ അനുസരണമില്ലായ്മ ആയിട്ടാണു കണക്കാക്കിയതു. സത്യംപറഞ്ഞാൽ ഈ നിശ്ചയദാർഢ്യംമൂലം അക്രമരഹിതമായ നിസ്സഹകരണവിദ്യയിലും അതിന്റെ പ്രയോഗത്തിലും ഞാൻ അറിയാതെതന്നെ ബാ എന്റെ ഗുരുനാഥയായിത്തീർന്നു. ഈ നിയമലംഘനപരിശീലനം ആദ്യമായി ആരംഭി

ച്ചതു് എൻെറ ഗൃഹത്തിലാണു്. 1906-ൽ ഈ നിയമലംഘനം ഞാൻ രാഷ്ട്രീയരംഗത്തു് അവതരിപ്പിച്ചപ്പോൾ 'സത്യാഗ്രഹം' എന്ന കുറേക്കൂടി അർത്ഥവ്യാപ്തിയുള്ള പുതിയ പേരിലാണു് അറിയപ്പെട്ടതു്.

"തെക്കേ ആഫ്രിക്കയിലെ അറസ്റ്റുകളുടെ കാലത്തെല്ലാം കസ്തൂർബാ നിയമം ലംഘിച്ചവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അവർ ഞാൻ കടന്നുപോയിട്ടുള്ളതിനേക്കാൾ ദുസ്സഹമായ ശരീരക്ലേശങ്ങൾ സഹിച്ചിട്ടുണ്ടു്. അനവധി പ്രാവശ്യം അറസ്റ്റു് വരിച്ചിട്ടുണ്ടെങ്കിലും ഈ അവസാനത്തെ അറസ്റ്റിൽ എല്ലാ സുഖസൗകര്യങ്ങളും മനസ്സിനു് ഇണങ്ങിയവിധം ഉണ്ടായിരുന്നിട്ടും കസ്തൂർബായ്ക്കു് സന്തോഷം തോന്നിയിരുന്നില്ല. എന്നോടൊപ്പം അനേകം പേരെ അറസ്റ്റുചെയ്തു. ആ സമയത്തു ഞങ്ങളെ അറസ്റ്റുചെയ്യും എന്നു് അവർ തീരെ പ്രതീക്ഷിച്ചിരുന്നില്ല; അറസ്റ്റു് ബായെ വല്ലാതെ അമ്പരപ്പിച്ചു. എൻെറ അക്രമരാഹിത്യത്തിൽ ഗവണ്മെൻറു വിശ്വസിക്കുന്നുണ്ടെന്നും, ഞാൻ സ്വയം അറസ്റ്റു് വരിക്കുന്നതല്ലാതെ ഗവണ്മെൻറു് എന്നെ അറസ്റ്റു ചെയ്യുകയില്ലെന്നും ഞാൻ കസ്തൂർബായും ഉറപ്പുകൊടുത്തിരുന്നു. അതുകൊണ്ടു പ്രതീക്ഷയ്ക്കു വിരുദ്ധമായ ഈ അറസ്റ്റു് അവരുടെ മൃദുലമായ ഹൃദയതന്ത്രികളെ വല്ലാതെ ഉലച്ചുകളഞ്ഞു. തൽഫലമയി അറസ്റ്റു് ചെയ്തതിനോടൊപ്പംതന്നെ അവൎക്കു ഭയങ്കരമായ അതിസാരം പിടിപെട്ടു. ബായോടൊപ്പം അറസ്റ്റ്ചെയ്യപ്പെട്ട ഡാക്ടർ സുശീലാനയ്യരുടെ ശ്രദ്ധാപൂർവ്വമായ ശുശ്രൂഷ ഇല്ലായിരുന്നു എങ്കിൽ, തടവു ക്യാമ്പിൽ എൻെറ അടു

TAYAM PUBLIC LIBRARY

ത്തെത്തുന്നതിനു മുൻപുതന്നെ അവർ മരിച്ചു പോകുമായിരുന്നു. എന്റെ സന്നിധാനം അവരെ സാന്ത്വനപ്പെടുത്തി; പിന്നീടു കാര്യമായ ഔഷധങ്ങൾ ഒന്നും കഴിക്കാതെ തന്നെ അവക്കു സുഖമായി. എങ്കിലും അതിസാരത്തിന്റെ കാഠിന്യംകൊണ്ടു ബായുടെ ശരീരശക്തി വല്ലാതെ ക്ഷയിച്ചുപോയി..............."

മേയ് അഞ്ചാംതീയതി ഗാന്ധിജിയെയും കൂട്ടുകാരെയും മുന്നറിയിപ്പുകൂടാതെ പെട്ടെന്നു മോചിപ്പിച്ചു. ഗാന്ധിജിയും അനുയായികളും ജയിൽപ്പുള്ളികളെന്ന നിലയിൽ അവസാനമായി കസ്തൂർബായുടെ അസ്ഥിമാടത്തിൽപോയി, പുഷ്പാർച്ചനംചെയ്തു പ്രാർത്ഥന നടത്തി. അതിനുശേഷം മഹാത്മജിയെ പോലീസ് ഇൻസ്പെക്റ്റർ ജനറലിന്റെ കാറിൽ പർണ്ണകുടിയിലേക്കു കൊണ്ടുപോയി. അങ്ങനെ കാർ ഓടിക്കൊണ്ടിരിക്കവേ മഹാത്മജി ചിന്താമഗ്നനായി. ജയിലിൽനിന്നും പുറത്തു പോകാൻ കൊതിച്ച കസ്തൂർബായെപ്പററി ചിന്തിക്കുകആയിരുന്നു. ഇങ്ങനെ മൃദുവായ സ്വരത്തിൽ അദ്ദേഹം ആത്മഗതം ചെയ്തു. "അവക്ക് ഇതിനേക്കാൾ നല്ല മരണം ഉണ്ടാകാനില്ല എന്ന് എനിക്കറിയാം. ബായും മഹാദേവും സ്വാതന്ത്ര്യത്തിന്റെ ബലിപീഠത്തിൽ അവരുടെ ജീവിതം അർപ്പിച്ചു. അവരുടെ ജീവിതം അനശ്വരമായി"

Printed at the Press Ramses, Trivandrum.

# കസ്തൂരിബായി ഗാന്ധി.

"......ആധുനിക ഭാരതത്തിന്റെ ചൈതന്യ വിധാതാവായ തപസ്വിവര്യന്റെ ചിരസപര്യകൊണ്ടു ധന്യയായ മഹാമനസ്വിനിയുടെ ജീവിതകഥയാണു 'കസ്തൂരിബായി ഗാന്ധി' എന്ന ഈ ലഘുഗ്രന്ഥം. ലളിതവിശദമായ ഭാഷയിൽ മനോഹരമായ ശൈലിയിൽ വിരചിതമായ ഈ ഗ്രന്ഥം കേരളീയരായ ബാലവിദ്യാർത്ഥികൾക്കു് ഒരു അനുഗ്രഹമായിരിക്കും എന്നു നിസ്സംശയം പറയാം. പുഷ്പാസ്തൃതമായ ജീവിതപദവിയെ ഉപേക്ഷിച്ചു്, കണ്ടകാകീർണ്ണമായ മാർഗ്ഗങ്ങളിൽ കൂടി സഞ്ചരിച്ചു്, ദുഃഖങ്ങളേയും ദുരിതങ്ങളേയും എതിരിട്ടു്, അദമ്യമായ അന്തഃശക്തി കൊണ്ടും സഹനശക്തി കൊണ്ടും നിഃസ്വാർത്ഥതകൊണ്ടും ത്യാഗബുദ്ധി കൊണ്ടും ഉദാരമായ മനുഷ്യസേവനം അനുഷ്ഠിച്ചു ലോകസംഗ്രഹം ജീവിതവ്രതമായി വരിച്ച ആ മഹതിയുടെ പാവനചരിതം ഭാവിപരമ്പരകൾക്കു് എന്നും ഉത്തേജകമായിരിക്കും......"

18-12-1955 എൻ. ഗോപാലപിള്ള എം. ഏ.

പ്രിൻസിപ്പൽ, രാജകീയ സംസ്കൃതകാളേജ്.

As I dipped into the pages of this delightful little book, I felt myself a boy again. My mind grew in knowledge as the simple story unfolded itself, of how the fine little girl, Kasturi Bai, grew into the great Mother of the Nation.

The authoress shows real promise of high skill in the difficult art of writing good biographies for the young,

Office of the
Director of Public Instruction.
Trivandrum.
3—5—1956

K. J. LEENOSE,
SPECIAL OFFICER,
P. S. S. SCHEME.

"......മലയാളസാഹിത്യത്തിൽ വേണ്ടപോലെ വളൎന്നിട്ടില്ലാത്ത ജീവിതചരിത്രശാഖയ്ക്കു ഈ ഗ്രന്ഥം ഒരു ഭൂഷണമായിരിക്കുമെന്നു പറയുവാൻ എനിക്കു സന്തോഷമുണ്ട്. ലളിതമായ ഭാഷയും അകൃത്രിമസുന്ദരമായ പ്രതിപാദനരീതിയും ഈ ഗ്രന്ഥത്തിന്റെ ഒരു പ്രത്യേകതയാണ്. ഗ്രന്ഥകൎത്രിയുടെ സാഹിത്യവിഷയകമായ ഈ പ്രഥമ സംരംഭത്തിന്റെ വിജയം അവൎക്കു ഭാസുരമായ ഒരു ഭാവി ഉണ്ടെന്നുള്ളതിനു തെളിവാണ്. ബാലവിദ്യാൎത്ഥികൾക്കു പ്രത്യേകിച്ചും പ്രയോജനകരമായ ഈ ഗ്രന്ഥത്തിന് പൊതുജനങ്ങളുടെ നിൎല്ലോഭമായ പ്രോത്സാഹനം ലഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

27-4-1956 ആർ. ശങ്കർ ബി. എ, ബി. എൽ.
പ്രസിഡൻറ്,
എസ്സ്. എൻ. ഡി. പി. യോഗം.

"......ഗ്രന്ഥകൎത്രി നമുക്കു കഥാനായികയെ പരിചയപ്പെടുത്തിത്തരികയല്ല, വായന തുടരും തോറും നാം അവരെ സ്വയം പരിചയപ്പെട്ടുകൊള്ളുകയാണു സംഭവിക്കുക. ഇതുതന്നെയാണു കലാപരമായ ആഖ്യാനത്തിന്റെ സ്വഭാവവും.

ഒരുവേള ഈവിധം നോക്കുമ്പോൾ ജീവചരിത്രരചയിതാക്കൾക്കു ഇതൊരു മാതൃകയായിരിക്കണം......'കസ്തൂരിബായി ഗാന്ധി' സൎവ്വഥാ കുട്ടികളുടെ കൈയ്യിൽ കൊടുക്കാവുന്ന ഒരു ഗ്രന്ഥമാകാൻ വിശേഷിച്ച് ഒരു കാരണം കൂടി ഉണ്ട്—വ്യാകരണപ്പിഴകളിൽ നിന്ന് ഇതു വിമുക്തമാണ്......."

പി. ദാമോദരൻപിള്ള ബി. എ.

"......നമ്മുടെ പെൺകുട്ടികളുടെ സ്വഭാവസംസ്കരണത്തിൽ അസാമാന്യമായ പ്രേരണാശക്തി ചെലുത്തുവാൻ കഴിവുള്ള ഈ ഗ്രന്ഥം എല്ലാ വീടുകളിലും വാങ്ങി സൂക്ഷിക്കുന്നതു നന്നായിരിക്കും......."

25-12-1955 —കേരളകൌമുദി

"......ഏദൃമായ വിവരണങ്ങൾ ഈ ലഘുഗ്രന്ഥത്തിന് അതിൻേറതായ ആസ്വാദ്യതയും ലാളിത്യവും പ്രദാനം ചെയ്യുന്നു- ചരിത്രലക്ഷ്യങ്ങളെ ആധാരമാക്കി സത്യസന്ധതയോടും ആദർശദീക്ഷയോടും കൂടി എഴുതപ്പെട്ട ഈ ഉൽകൃഷ്ടകൃതിയിൽക്കൂടി കസ്തൂർബായുടെ മാതൃകാജീവിതത്തിലെ ശ്രദ്ധേയമായ പല സംഭവങ്ങളിലേയ്ക്കും പുതിയ വെളിച്ചം വീശി ആ വനിതാരത്നത്തിൻെറ ശ്രേഷ്ഠമായ വ്യക്തിമാഹാത്മ്യത്തെ പ്രകാശിപ്പിക്കുന്നതിൽ വാസനാസമ്പന്നയായ യുവഗ്രന്ഥകർത്രി തികച്ചും വിജയിച്ചിട്ടുണ്ട്,........"

30_12-'55 —ദിനമണി.

"....... ലളിതമായ ഭാഷയിലാണു ഗ്രന്ഥം രചിച്ചിരിക്കുന്നത്..... ഗാന്ധിജിയുടെ സുഖദുഃഖാദികളിൽ അങ്ങേ അററംവരെ പതറാതെ പങ്കെടുക്കുകയും സ്വന്തം വീടും കുടിയും നഷ്ടപ്പെട്ടാലും ഭാരതം ജീവിക്കണമെന്നുള്ള ശ്രേഷ്ഠചിന്തയാൽ ഉത്തേജിതമായി സേവനമനുഷ്ഠിക്കുകയും സ്വാതന്ത്ര്യസമരത്തെ നയിക്കുകയും ചെയ്ത വീര വനിതയേയാണ് ഈ ലഘുഗ്രന്ഥത്തിലൂടെ നാം വീക്ഷിക്കുന്നത്........."

9-1-1956 —മലയാളരാജ്യം ആഴ്ചപ്പതിപ്പ്.

"......പതിനാലദ്ധ്യായങ്ങളിൽ അവർ (ഗ്രന്ഥകർത്രി) ഒരു "മഹാഭാരതം" തന്നെ ഉൾക്കൊള്ളിച്ചിരിക്കുന്നു......"

2-25-1956 —എക്സ്പ്രസ്സ്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M08 Acc. No. 34499

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 2 MAY 1974 | 25 APR 1970 | |
| 18 JUL 1977 | | |
| 17 JUL 1986 | | |

ന0.8

34499

ക്ലവലഖ. ടി.
കസ്തൂർബായി ഗാന്ധി.

2

S. [illegible] PILLAI.

JAN 1968